**നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ ചെറിയ ഒരു ഭേദഗതിയാണ്. നെൽവയൽ-തണ്ണീർത്തട നിയമത്തിൽ

തരംമാറ്റാനുള്ള അധികാരം നേരത്തെ നിശ്ചയിച്ചിരുന്നത് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കാണ്. അതിൽ അവരുടെ അധികാരങ്ങളും ചുമതലകളും പ്രതിപാദിച്ചിട്ടുണ്ടായിരുന്നെങ്കിലും റവന്യൂ ഡിവിഷണൽ ഓഫീസർ എന്നതിന് നിർവ്വചനം നൽകിയിരുന്നില്ല. ഓഫ്‌ലൈനായി ലഭിച്ച 226901 അപേക്ഷകളിൽ 222791 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. അതിൽ തീർപ്പാക്കാൻ 4110 അപേക്ഷകളേ ഇനി ബാക്കിയുള്ളൂ. ഓൺലൈനായപ്പോൾ എല്ലാ ദിവസവും ഇതുസംബന്ധിച്ച പരാതി ലഭ്യമാകുന്നുണ്ട്. ഇത്തരത്തിൽ ലഭിച്ച 298469 അപേക്ഷകളിൽ 75214 അപേക്ഷകൾ ഒഴികെ 225555 അപേക്ഷകൾ ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലാണ്. ആർ.ഡി.ഒ.-മാർക്ക് മാത്രമായി അധികാരം നൽകുമ്പോൾ ഏതാണ്ട് 27 പേരാണ് ഇത്രയേറെ ഫയലുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നത്. ഈ സാഹചര്യത്തിൽ പ്രത്യേകമായി സർക്കാർ ചുമതലപ്പെടുത്തുന്നപക്ഷം ആർ.ഡി.ഒ. എന്ന പദവിയിൽ, അതിന്റെ നിർവ്വചനം, അതിന്റെ വിശദീകരണത്തിലേയ്ക്ക് കടന്ന് കൂടുതൽ ഉദ്യോഗസ്ഥരെ, ഡെപ്യൂട്ടി കളക്ടറിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ നിയമിക്കാനും അവർക്ക് താലൂക്കുതല ചുമതലകൾ നൽകി

ശാക്തീകരിക്കുന്നതിലൂടെ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ പൂർണ്ണമായും തീരുമാനമെടുക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു ഭേദഗതിയാണ് ഉദ്ദേശിക്കുന്നത്. ഇത്രയും കാര്യങ്ങളാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുന്നതിനുവേണ്ടി സഭ മുമ്പാകെ അവതരിപ്പിക്കുന്നത്. മറ്റെന്തെങ്കിലുമുണ്ടെങ്കിൽ ബില്ലുമായി ബന്ധപ്പെട്ട ചർച്ചകളിൽ രേഖപ്പെടുത്താവുന്നതാണ്.

മി. സ്പീക്കർ: ബില്ലിന്റെ മുകളിൽ സമയ നിയന്ത്രണമില്ല. പക്ഷെ ഇന്ന് ആറ് ബില്ലുകളുണ്ട്. നിങ്ങൾക്ക് അറിയാം സവിശേഷമായ സാഹചര്യത്തിൽ സഭ ഇന്ന് പിരിഞ്ഞ് സെപ്റ്റംബർ 11-നാണ് വീണ്ടും ചേരുന്നത്. ചെയറിനുവേണ്ടി അംഗങ്ങൾ ഒന്ന് സ്വയം നിയന്ത്രിച്ച് സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-11-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ജനങ്ങൾക്ക് ഭൂമി തരം മാറ്റുന്നതിനുള്ള കാലതാമസം ഒഴിവാക്കി

കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള ഒരു ചെറിയ ഭേദഗതിയാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നതെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്; 2018-19 മുതൽ 2023 വരെയുള്ള 1150 കോടിരൂപ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണന് നിയമസഭയിൽ നൽകിയ മറുപടിയിൽ 986 കോടി രൂപയായിരുന്നു. അതിനുശേഷം വന്നതുകൂടി നോക്കുമ്പോഴുള്ള 1156 കോടി രൂപ എന്താവശ്യങ്ങൾക്കാണ് ഉപയോഗിച്ചതെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിയിൽ വ്യക്തമാക്കണം. എന്താണ് ഇതിന്റെ ഉദ്ദേശ്യം, ഫണ്ട് എങ്ങനെയാണ് ചെലവഴിക്കേണ്ടത്?

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിനും സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശിക്കുന്ന വിധത്തിലോ ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ.

(ബി) നെൽ വയലുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ടിവരുന്ന ചെലവുകൾ.

(സി) നെൽ വയലുകൾ സംരക്ഷിക്കുന്നതിനായി രൂപീകരിക്കുന്ന

ജില്ലാ-താലൂക്കുതല സ്ക്വാഡുകളുടെ പ്രവർത്തനത്തിനാവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുന്നതുൾപ്പടെയുള്ള മറ്റെല്ലാവിധ ചെലവുകളും; ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ഉപഗ്രഹ ചിത്രങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി വരുന്ന ചെലവുകൾ; കൃഷി ഭൂമിയുടെ സംരക്ഷണത്തിനുള്ള ഒരു സുപ്രധാന നടപടിയായ ലൈഫ് മിഷൻ ഭവന സമുച്ചയ പദ്ധതിയിലെ ഓരോ യൂണിറ്റിന്റെയും നിർമ്മാണച്ചെലവിന്റെ മൂന്നിൽ രണ്ടുഭാഗം വരെയുള്ള ചെലവ്. ഇവയിൽ ഏതിലെങ്കിലും തുക ചെലവായിട്ടുണ്ടോ? ഡോ. എ. ജയതിലക് പുറപ്പെടുവിച്ച ഉത്തരവിൽ 6 മാസത്തേയ്ക്ക് താൽക്കാലികമായി കുറെയാളുകളെ നിയമിക്കുന്നതിനായി 10 കോടിരൂപ മാത്രമല്ലേ ചെലവായിട്ടുള്ളൂ. എന്താണ് ധനകാര്യ വകുപ്പ് ചെയ്തത്? ഞാൻ പറയുന്നതല്ല, സഭയിൽ നൽകിയ മറുപടിയിൽപ്പറയുന്ന 1150 കോടിരൂപ റവന്യൂ വകുപ്പിന് ലഭിച്ചോ? ധനകാര്യ വകുപ്പ് റവന്യൂ വകുപ്പിനെ നോക്കുകുത്തിയാക്കുകയല്ലേ? ജനങ്ങൾ നിരന്തരമായി ബന്ധപ്പെടുന്ന കേരളത്തിലെ വില്ലേജ് ഓഫീസുകൾ, റവന്യൂ ഓഫീസുകൾ എന്നിവ സ്മാർട്ട് ഓഫീസുകളാക്കുന്നതിനുവേണ്ടി എന്തെങ്കിലും ഫണ്ട് ധനകാര്യ വകുപ്പ് നൽകിയോ? എത്രയധികം പണമാണ് റവന്യൂ വകുപ്പ് വരുമാനമായി നൽകുന്നത്.

എനിക്ക് ഒരു സംശയമുണ്ട്, സി.പി.ഐ.(എം.)-ന്റെ കൈവശമുള്ള ധനകാര്യ വകുപ്പ് സി.പി.ഐ. ഭരിക്കുന്ന വകുപ്പുകളെയെല്ലാം ക്യൂച്ചുവിലങ്ങിടുകയല്ലേ? റവന്യൂ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുന്നുണ്ടോ? ആലോചിച്ചുനോക്കൂ, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ആരുടെ കൈവശമാണ്? ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുന്ന ഭക്ഷ്യ-പൊതുവിതരണ വകുപ്പ്, ജനങ്ങളും കർഷകരുമായും ബന്ധപ്പെടുന്ന കൃഷി വകുപ്പ്, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്, സാധാരണക്കാർ നിരന്തരമായി ബന്ധപ്പെടുന്ന റവന്യൂ വകുപ്പ് എന്നീ വകുപ്പുകൾക്ക് ധനകാര്യ വകുപ്പ് പണം നൽകുന്നുണ്ടോ? ഒരു ഉദാഹരണം പറഞ്ഞാൽ, ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ നിന്നുപോകുന്ന അവസരത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് 375 കോടി രൂപയേ ബാധ്യതയുള്ളൂ. ഇപ്പോൾ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് 4000 കോടി രൂപയാണ് ബാധ്യത. 3600 കോടി രൂപയാണ് ബാധ്യതയെന്ന് നിങ്ങൾ പറയുന്നുമുണ്ട്. എവിടെയാണ് പണം കൊടുത്തത്? കടാശ്വാസ കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം 176 കോടിരൂപ നിങ്ങൾ കമ്മീഷന് നൽകാനുണ്ട്. സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള പണം ഒന്നര വർഷമായി ധനകാര്യ വകുപ്പിന്റെ കൈവശമാണ്.

ഇതൊക്കെ ധനകാര്യ വകുപ്പ് എവിടെയാണ് കൊടുത്തത്. ഈ മന്ത്രിസഭയിൽ ഏറ്റവും ചുറുചുറുക്കുള്ളതും ആവേശമുള്ളതും കാര്യങ്ങൾ ചെയ്യാൻ താൽപ്പര്യമുള്ളതുമായ റവന്യൂ വകുപ്പുമന്ത്രിയെയാണ് പിടിച്ചുകെട്ടിയിരിക്കുന്നത്. അവിടെ നിങ്ങൾ ആലോചിക്കണം. രണ്ട്, നെല്ല് സംരംഭകരുടെയും കർഷകരുടെയും സ്ഥിതിയെന്താണ്? ദേശാഭിമാനി പത്രത്തിൽ ഒരു വാർത്തയുണ്ട്, 'കർഷകസംഘം നെല്ല് സംഭരണ തുക ലഭിക്കാത്തതിന്റെ പേരിൽ സെക്രട്ടേറിയറ്റിൽ ഉപവാസം സംഘടിപ്പിക്കുന്നു'. കർഷകസംഘം ആരുടെ പാർട്ടിയാണ്? തുക ധനകാര്യ വകുപ്പിൽനിന്നും കൊടുത്താൽ പോരേ? സി.പി.ഐ.-ക്കാരെ പഴയ പകപോക്കുന്നതിനായി ബുദ്ധിമുട്ടിലാക്കണോ? പണം കൊടുത്തുവെന്നൊക്കെ നിങ്ങൾ വെറുതെ പറയേണ്ട, യാഥാർത്ഥ്യം ബോധ്യപ്പെടണം. കാര്യങ്ങൾ പറയുമ്പോൾ വെറുതെ ബഹളമുണ്ടാക്കേണ്ട. എവിടെയാണ് പണം കൊടുത്തത്, ക്ഷീരകർഷകർക്ക് പണം നൽകിയോ? 25000 കോടിരൂപ നൽകേണ്ടയിടത്ത് ആകെ 3 കോടിരൂപ നൽകി. അതും സി.പി.ഐ.-യുടെ വകുപ്പാണ്. നെല്ല് സംഭരണത്തിന് 400 കോടിരൂപ നൽകണം. 'കർഷകർക്ക് പണം ലഭിച്ചില്ല - നാളെ കർഷക സംഘം മാർച്ചും ധർണ്ണയും

തിരുവനന്തപുരത്ത്,' 'നെല്ല് വില കാത്ത് കുഴഞ്ഞ് കർഷകർ' (പത്രങ്ങളിൽ വന്ന വാർത്തകളാണിവ). സംസ്ഥാന സർക്കാരിന്റെ കുടിശിക 1100 കോടി രൂപയും കേന്ദ്രത്തിൽനിന്നും നൽകാനുള്ളത് 500 കോടി രൂപയുമാണ്. സംഭരണ തുകയിൽ സംസ്ഥാനത്തിന്റെ വിഹിതം കുറയ്ക്കുകയും കേന്ദ്രത്തിന്റെ വിഹിതം കൂട്ടുകയും ചെയ്തു. 250372 കർഷകർ പണം ലഭിക്കാൻ കാത്തിരിക്കുകയാണ്. റവന്യൂ വകുപ്പിൽനിന്നും നല്ല വരുമാനം ലഭിച്ചിട്ടും അതിന്റെ നോംസിൽപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ സർക്കാരിന് സാധിക്കാത്തത് എന്തുകൊണ്ടാണ്?

മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 86 കോടി രൂപയുണ്ടായിരുന്നു. ആ തുക ധനകാര്യ വകുപ്പ് പിൻവലിച്ചില്ലേ? ഇപ്പോൾ നിയമസഭയിൽ നൽകിയ മറുപടിയിൽ മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ബാക്കിയുള്ളത് 2.73 കോടി രൂപയാണെന്ന് പറഞ്ഞില്ലേ, അതുകൂടി പിൻവലിച്ചോളൂ. പ്രസ്തുത ഫണ്ടിൽനിന്നും വകമാറ്റി 54 ലക്ഷംരൂപ നൽകിയത് പത്തനംതിട്ട ജില്ലയ്ക്കാണെന്ന് സഭയിൽ നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. 2015-16-ൽ എന്റെ നിയോജകമണ്ഡലത്തിൽ ഒരു പാലത്തിന്റെ നിർമ്മാണത്തിനായി റിവർ

മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക അനുവദിക്കുകയും ടെണ്ടർ കഴിഞ്ഞതിനുശേഷം തുക നൽകാത്തതിനാൽ വർക്ക് നടക്കാതെ ക്ലോസ് ചെയ്യുകയുമാണുണ്ടായത്. പണം ലഭിക്കാത്തതിനാലാണ് ആ വർക്ക് നടക്കാതെ പോയത്. ബഹുമാനപ്പെട്ട ശ്രീ. ഇ. ചന്ദ്രശേഖരൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന 5 വർഷക്കാലം ഇക്കാര്യത്തിനായി ഞാൻ ഒരുപാട് തവണ കയറിയിറങ്ങിയതാണ്.

ശ്രീമതി സി. കെ. ആശ: സർ, റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കാര്യം പറഞ്ഞുകൊണ്ട് സൂചിപ്പിക്കുകയാണ്, കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കോട്ടയം ജില്ലയുടെ ഫണ്ട് വകമാറ്റി പത്തനംതിട്ട ജില്ലയ്ക്ക് നൽകിയത് ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, മലപ്പുറം ജില്ലയിലെ ഫണ്ടിൽനിന്നും 86 കോടി രൂപയുണ്ടായിരുന്നത് എടുത്തു. കോട്ടയം ജില്ലയിലെ ഫണ്ടിൽനിന്നും 50 ലക്ഷം രൂപയല്ലേ എടുത്തിട്ടുള്ളൂ. ബാക്കി 44 ലക്ഷം രൂപയല്ലേയുള്ളൂ. പത്തനംതിട്ട ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2016 മുതൽ 2021 വരെയുള്ള നിങ്ങളുടെ സർക്കാരിന്റെ കാലത്ത് വകമാറ്റി നൽകിയില്ലേ? അതിനുവേണ്ടി ധനകാര്യ വകുപ്പ് ഫണ്ട് മാറ്റുകയെന്ന പുതിയ

പരിപാടിയായി റവന്യൂ വകുപ്പിൽനിന്നും ഫണ്ട് പിൻവലിച്ചു. റവന്യൂ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും അധികാരം ലഭിച്ചോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഒരു കാര്യം. ഫണ്ട് വക മാറ്റിയതിനെക്കുറിച്ച് പറഞ്ഞു, വക മാറ്റണമെങ്കിൽ ഫണ്ട് വരണം. ഇവിടെ മണൽവാരൽ നിരോധിച്ചിട്ട്/നിർത്തിവച്ചിട്ട് വർഷങ്ങളായി. പ്രളയമുണ്ടായപ്പോൾ ഏറ്റവും വലിയ പ്രശ്നമായി ചൂണ്ടിക്കാണിച്ചത് നമ്മുടെ നദികളിലെ മണൽ വാരി മാറ്റുന്നില്ലെന്നുള്ളതാണ്. നിയമാനുസൃതമായി മണൽ വാരാം, അനധികൃതമായ മണൽവാരൽ നിരോധിക്കട്ടെ. നിയമാനുസൃതം മണൽ വാരി മാറ്റുന്നതിനുള്ള നടപടികളുണ്ടായാൽ മാത്രമേ റിവർ മാനേജ്മെന്റ് ഫണ്ടിൽ പണം വരികയുള്ളൂ. ഈ ഫണ്ട് വരുന്ന കാര്യത്തിൽ സർക്കാരിന് ഒന്നുംചെയ്യാൻ സാധിക്കുന്നില്ലെന്നുള്ള ഒരു പ്രധാനപ്പെട്ട വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപോലെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കൊണ്ടുവരുന്ന ഭേദഗതി പരാതികൾ പരിഹരിക്കാൻ സഹായകരമാകുന്ന ഒരു കാര്യമാണെന്ന കാര്യത്തിൽ സംശയമില്ല. ധാരാളം പരാതികളുള്ളതിനാൽ ആർ.ഡി.ഒ. മാത്രം നോക്കിയിട്ട് പരിഹരിക്കപ്പെടുന്നില്ല, മറ്റ് സംവിധാനങ്ങൾ വരുന്നത്

നല്ലതാണ്.

മി. സ്പീക്കർ: യെസ്...., യെസ്....,

ശ്രീ. മോൻസ് ജോസഫ്: സർ, ഇത്തരം വിഷയങ്ങൾ ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. ഞങ്ങളെ തടസ്സപ്പെടുത്തുന്നതിനകത്ത് കുറച്ചുകൂടി ലീനിയൻസി കാണിക്കണം. കാരണം ഈ വിഷയങ്ങൾ പറയേണ്ടതാണ്.

മി. സ്പീക്കർ: എല്ലാ കക്ഷിനേതാക്കളും ചേർന്നുണ്ടാക്കിയ അണ്ടർസ്റ്റാന്റിംഗാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, സർക്കാർ ആവശ്യത്തിനായി പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ പണം നൽകി വാങ്ങിയ ഭൂമി വിനിയോഗിക്കാൻ സാധിക്കുന്നില്ല. ഭൂമി തരം തിരിവിന്റെ കാര്യത്തിൽ സർക്കാർ ഒന്നും ചെയ്യുന്നില്ല. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടെന്ന് റവന്യൂ വകുപ്പുമന്ത്രി രാവിലെ നൽകിയ മറുപടിയിൽ പറയുകയുണ്ടായി. എന്നാൽ ഈ കമ്മിറ്റി സർക്കാർ ആവശ്യങ്ങൾക്കുള്ള ഭൂമി മുഴുവൻ റിജക്ട് ചെയ്യുകയാണ്. ഇത് പരിഹരിക്കപ്പെടാതെ സംസ്ഥാനത്ത് സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നമുക്ക് എന്തെങ്കിലും ചെയ്യാൻ

കഴിയുമോ, അതിൽ മാറ്റം വരുത്തേണ്ടതല്ലേ?

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ അതിലേയ്ക്ക് വരികയായിരുന്നു. റിവർ മാനേജ്മെന്റ് ഫണ്ട് (RMF)-ന്റെ ആക്ടും റൂളുമൊക്കെ പരിഷ്കരിക്കണം. അതിൽ ധാരാളം നൂലാമാലകളുണ്ട്, ഒരു മന്ത്രി വിചാരിച്ചാലും കാര്യങ്ങൾ നടക്കാത്ത വിധത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും അതിലുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടിന് ഉദ്യോഗസ്ഥതലത്തിൽ എടുക്കുന്ന തീരുമാനങ്ങൾ കൂടാതെ ഒരു സ്റ്റേറ്റ് ലെവൽ കമ്മിറ്റി, അതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, അവരെടുക്കുന്ന തീരുമാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇന്ന് കാര്യങ്ങൾ നടക്കുന്നത്. മുമ്പ് അങ്ങനെയല്ലായിരുന്നു, മുമ്പ് ആർ.എം.എഫ്.-ന് ഒരു കമ്മിറ്റിയുണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് മെമ്പർമാരും പ്ലാനിംഗ് ബോർഡ് മെമ്പറും ജില്ലാകളക്ടറും പഞ്ചായത്ത് പ്രസിഡന്റും ഉൾപ്പെട്ട ഒരു കമ്മിറ്റിയായിരുന്നു അത്. ഈ കമ്മിറ്റി പരിശോധിച്ചശേഷമാണ് മണൽ വാരലിന് കടവുകളെ ശിപാർശ ചെയ്തിരുന്നത്. അങ്ങനെ വരുന്ന ഫണ്ടുകളിൽ പഞ്ചായത്തിന്റെ വിഹിതം റവന്യൂ വകുപ്പിൽ അടയ്ക്കേണ്ടിയിരുന്നു. ഇപ്പോൾ ഏതെങ്കിലും കടവിനെ അംഗീകൃത കടവായി ശിപാർശ ചെയ്തിട്ടുണ്ടോ? മണൽ മുഴുവനും

വാരണമെന്നല്ല പറയുന്നത്, മണൽ വാരുന്നതിന് നിരവധി നൂലാമാലകളുണ്ടാക്കി. ഒരു കാര്യത്തിലെങ്കിലും പ്രായോഗിക സമീപനമുണ്ടോ? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന, കെ. എം. മാണിസാറും ഉമ്മൻ ചാണ്ടി സാറും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും മന്ത്രിസഭയിൽ അംഗങ്ങളായിരുന്ന കാലത്തെ കമ്മിറ്റി പ്രായോഗിക സമീപനത്തോടെയാണ് പ്രവർത്തിച്ചിരുന്നത്. ഞാൻ അന്ന് ജില്ലാ റിവർ മാനേജ്മെന്റ് കമ്മിറ്റിയിലെ ജില്ലാ പഞ്ചായത്തിലെ മെമ്പറാണ്. ആ കമ്മിറ്റിയുടെ പ്രവർത്തനം അന്നേ നടന്നിട്ടുള്ളൂ. നിലവിലെ ഗവൺമെന്റിന്റെ കാലത്ത് യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. നിങ്ങളെ പറഞ്ഞിട്ട് കാര്യമില്ല. നിങ്ങളുടെ വിഷമം എനിക്കറിയാം. കയ്യിൽ കാശില്ലെങ്കിൽ എന്തുചെയ്യാൻ സാധിക്കും? രണ്ടുരൂപയെങ്കിലും പോക്കറ്റിലുണ്ടെങ്കിലല്ലേ എന്തെങ്കിലും നടക്കുകയുള്ളൂ. നിങ്ങളുടെ വകുപ്പിൽ എന്തെങ്കിലും ചെയ്യാനുണ്ടോ? റവന്യൂ വകുപ്പുമന്ത്രിക്ക് flood-ന്റെ ഓർഡർ പുറപ്പെടുവിക്കാനല്ലാതെ വേറെന്ത് ചെയ്യാൻ കഴിയും. അവനവന്റെ പോക്കറ്റിൽ രണ്ടുരൂപയെങ്കിലുമുണ്ടെങ്കിലേ പത്രാസിൽ നടക്കാൻ സാധിക്കുകയുള്ളൂ. ഇല്ലെങ്കിൽ അതിന് കഴിയില്ല.

മി. സ്പീക്കർ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, മനുഷ്യർ നേർക്കുനേരെ നോക്കിയല്ലേ സംസാരിക്കുന്നത്, ആ സമയം ചെയറിനെ നോക്കാൻ സാധിക്കില്ല. വീട്ടിലിരുന്ന് മക്കളോട് സംസാരിക്കുമ്പോൾ താഴോട്ടുനോക്കി സംസാരിക്കാൻ സാധിക്കുമോ; ഇന്നത്തെ കാലത്ത് മക്കൾ സംസാരിക്കുമോ; ഭക്ഷണം കഴിക്കുമ്പോൾപോലും (മൊബൈൽ ഫോൺ കൈയ്യിലിരിക്കുന്നതിനാൽ) അവരോട് എന്തെങ്കിലും ചോദിച്ചാൽ ഉം...ഉം... എന്ന് മൂളുന്നതല്ലാതെ മുഖത്ത് നോക്കില്ല. എനിക്ക് അങ്ങനെ സംസാരിക്കാൻ അറിയില്ല. ഉള്ള കാര്യങ്ങൾ തുറന്നുപറയാൻ മാത്രമേ സാധിക്കുകയുള്ളൂ. എനിക്ക് റവന്യൂ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, നടപ്പിലാക്കാനുദ്ദേശിക്കുന്ന നിയമം ജനങ്ങൾക്കും സമൂഹത്തിനും ഉപകാരപ്രദമായിരിക്കണം. ധനകാര്യ വകുപ്പ് അതത് വകുപ്പിന്റെ പണം അവർക്ക് നൽകണം. നെല്ലിന്റെ സംഭരണത്തിനായി ഒരു രൂപപോലും നൽകിയിട്ടില്ല. ഇതിലൊരു മിസ്മാനേജ്മെന്റില്ലേ എന്നത് നിങ്ങൾ ആലോചിക്കണം. പി. കെ. വാസുദേവൻ നായർ കേരള മുഖ്യമന്ത്രിയായും പി. എസ്. ശ്രീനിവാസൻ റവന്യൂ വകുപ്പുമന്ത്രിയുമായിരുന്ന കാലഘട്ടം റവന്യൂ

വകുപ്പിന്റെ പ്രതാപകാലമായിരുന്നു. അതുപോലെ നിലവിലെ റവന്യൂ വകുപ്പുമന്ത്രിയായ ശ്രീ. കെ. രാജൻ ധാരാളം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന കാര്യം കക്ഷി രാഷ്ട്രീയത്തിനതീതമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. റവന്യൂ വകുപ്പിലെ നിരവധി നൂലാമാലകൾ ഒഴിവാക്കുകയും റവന്യൂ അസംബ്ലിയും പട്ടയ അസംബ്ലിയും അദ്ദേഹം നല്ലരീതിയിൽ കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. അതിലൊന്നും ഞാൻ കുറ്റം പറയുന്നില്ല. നല്ലത് നല്ലതെന്നുതന്നെ പറയും. അതേസമയം ചെയ്യുന്ന തെറ്റുകൾ ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയുമോ?

ഒരാൾ അനധികൃതമായി നെൽവയൽ നികത്തിയാൽ വില്ലേജ് ഓഫീസറോ റവന്യൂ ഡിവിഷണൽ ഓഫീസറോ അത് പൂർവ്വസ്ഥിതിയിൽ ആക്കാൻ ആവശ്യമായ ഫണ്ട് കൊടുക്കണം എന്നാണ് ഈ ബില്ലിലെ അവസാനത്തെ ക്ലോസിൽ പറയുന്നത്. ഇതുപ്രകാരം എവിടെയൊക്കെയാണ് തുക നൽകിയത്. റവന്യൂ വകുപ്പുമന്ത്രി അറിയാതെ റവന്യൂ സെക്രട്ടറി മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും നിലംനികത്തുന്നതിന് നേരിട്ട് ഓർഡർ നൽകുകയാണ്. തിരുവനന്തപുരം ആക്കുളത്തെ ആറ്റിപ്ര വില്ലേജിൽ തണ്ണീർത്തടം നികത്തിയതുമായി ബന്ധപ്പെട്ട നിലം

പൂർവ്വസ്ഥിതിയിലാക്കാൻ വില്ലേജ് ഓഫീസർ ഉന്നത നിർദ്ദേശത്തെ തുടർന്ന് സ്റ്റോപ് മെമ്മോ നൽകിയെങ്കിലും അതൊന്നും കണക്കിലെടുക്കാതെ നികത്തൽ നിർബാധം തുടർന്നു. വില്ലേജ് ഓഫീസർ തുമ്പ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 188 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തതല്ലാതെ ലാൻഡ് പൂർവ്വസ്ഥിതിയിലാക്കാൻ ഇതുവരെയും മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കേസ് ചാർജ്ജ് ചെയ്താലോ, ഒന്നുകിൽ ആറ് മാസം തടവ് അല്ലെങ്കിൽ ആയിരം രൂപ പിഴ അതുമല്ലെങ്കിൽ ഇവരണ്ടും ഒരുമിച്ച് അനുഭവിക്കണം. ഐ.പി.സി. 188 പ്രകാരം അത്രയേയുള്ളൂ ശിക്ഷ. ആലുവയിലെ ചൂർണ്ണിക്കരയിൽ വ്യാജരേഖ ചമച്ച് നെൽ വയൽ നികത്തിയതിന് ഒരു ഉദ്യോഗസ്ഥൻ പിടിക്കപ്പെട്ടു. ക്ലാർക്കായ ആ ഉദ്യോഗസ്ഥനെക്കൊണ്ട് സാധിക്കുന്ന കാര്യമാണോ അത്? അല്ലല്ലോ: അതിനുപിന്നിൽ പ്രവർത്തിച്ച മറ്റുള്ളവരെക്കൂടി കണ്ടെത്താനോ അതിനെതിരെ സമഗ്രമായ ഉത്തരവിറക്കാനോ ബന്ധപ്പെട്ട വകുപ്പ് ശ്രമിച്ചിട്ടുണ്ടോ? തെന്മലയിലെ ഹാരിസൺ പ്ലാന്റേഷൻ റിയാ എസ്റ്റേറ്റിന് മറിച്ചുവിറ്റ ഭൂമിയുടെ കരം സ്വീകരിച്ച വില്ലേജ് ഓഫീസറുടെ നടപടി ആരാണ് ശരിവച്ചത്? റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി. സർക്കാർ

തീരുമാനമെടുത്തതിനുശേഷം മാത്രമേ കരം സ്വീകരിക്കണമോ വേണ്ടയോയെന്ന് തീരുമാനിക്കുകയുള്ളൂവെന്ന് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞെങ്കിലും അതെല്ലാം കാറ്റിൽപ്പറത്തി റവന്യൂ സെക്രട്ടറി വില്ലേജ് ഓഫീസറുടെ നടപടി ശരിവയ്ക്കുകയും കരം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ഇതിൽ വകുപ്പുമന്ത്രിക്ക് യാതൊരു റോളുമില്ലേ? കേരള നദീതീര സംരക്ഷണ നിയമം, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2017-ലെ വിജ്ഞാപനം എന്നിവയുടെ അടിസ്ഥാനത്തിൽ കാടും പരിസരവും നെൽവയൽ തണ്ണീർത്തടങ്ങളുമെല്ലാം സംരക്ഷിക്കപ്പെടേണ്ടതാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്....... സമയം കുറേ ആകുന്നുണ്ട്. ബി.എ.സി. കൂടിയെടുത്ത അണ്ടർസ്റ്റാന്റിംഗാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട മന്ത്രി നടത്തിയ കുറേ പരിഷ്കാരങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇക്കൂട്ടത്തിൽ തണ്ണീർത്തടം സർക്കാർ ആവശ്യത്തിനുവേണ്ടി നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന ആവശ്യം ശ്രീ. മോൻസ് ജോസഫ് ഇവിടെ ഉന്നയിച്ചു. അതിന് ഒന്നുകൂടി അടിവരയിട്ട് പറയുകയാണ്. ഒരു മിനി സിവിൽ സ്റ്റേഷൻ

നിർമ്മിക്കുന്നതിനായി കുറച്ച് സ്ഥലം നികത്തണമെന്ന ആവശ്യമുന്നയിച്ചിട്ട് അതിന് അനുവാദം നൽകിയിട്ടില്ല. അതേസമയം മറ്റെല്ലാ കാര്യങ്ങൾക്കുംവേണ്ടി നികത്തൽ നടക്കുന്നുമുണ്ട്. ഒരു ഭൂമി നിയമാനുസൃതം തരംമാറ്റിക്കിട്ടുന്നതിനുവേണ്ടി പെരിന്തൽമണ്ണ ആർ.ഡി.ഒ.-യെ വിളിച്ചപ്പോൾ ഇത്തരത്തിൽ പതിനൊന്നായിരം അപേക്ഷകൾ അവിടെ കെട്ടിക്കിടക്കുകയാണെന്നും ആകെ നാല് ജീവനക്കാർ മാത്രമാണുള്ളതെന്നുമാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പരിഷ്കരണത്തിന്റെ ഭാഗമായി നേരത്തെ കുറച്ച് ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിരുന്നു. അന്ന് കാര്യങ്ങൾ എളുപ്പത്തിൽ നടന്നിരുന്നു. ഇതുപോലെ നിയമാനുസൃതം നടക്കേണ്ട കാര്യങ്ങൾപോലും നടക്കുന്നില്ല. അതിനുവേണ്ടി അടയ്ക്കുന്ന തുക റവന്യൂ വകുപ്പിന് ലഭിക്കുന്നുമില്ല. ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ബഹുമാനപ്പെട്ട ടി. വി. ഇബ്രാഹിം പറഞ്ഞതുപോലെ സർക്കാരിനുവേണ്ടി ഭൂമികൊടുത്തു. നാട്ടിലെ കണ്ണായ ഭാഗത്ത് 50 സെന്റ് സ്ഥലമുണ്ടെങ്കിൽ ഒരു ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി കുട്ടികളും ക്ലബുകാരുമെല്ലാം ചേർന്ന് നാട്ടുകാരിൽനിന്നും പിരിവ് നടത്തി ആ

സ്ഥലം വാങ്ങും. ഇതൊരു പൊതു ആവശ്യമാണ്. ചിലപ്പോൾ അതൊരു പാടമായിരിക്കും. അത് നികത്തുന്നതിന് അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ അടുത്ത് പോകുമ്പോൾ ഉചിതമായ തീരുമാനമെടുക്കാതെ ഫയൽ അങ്ങോട്ടുമിങ്ങോട്ടും തട്ടുകയാണ്. അങ്ങ് വളരെ നല്ല കാര്യങ്ങൾ ചെയ്യുന്ന കൂട്ടത്തിൽ ഇതുപോലുള്ള കാര്യങ്ങളെക്കുറിച്ചുകൂടി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

1982 മുതൽ ആധാരത്തിൽ നിലമെന്ന് കാണിക്കുന്ന സ്ഥലം മുഴുവൻ ഇന്ന് വീടുകളും നിരവധി സ്ഥാപനങ്ങളുൾപ്പെടുന്ന ടൗൺഷിപ്പായി മാറിയിരിക്കും. അവിടെയുള്ള വീടിനോ ഷോപ്പിലോ ഏതെങ്കിലും തരത്തിലുള്ള എക്സ്റ്റെഷൻ ചെയ്യുന്നതിനുവേണ്ട അനുവാദത്തിനായി പഞ്ചായത്തിൽ ചെല്ലുമ്പോൾ ആധാരത്തിൽ ആ സ്ഥലം നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അവിടെ എക്സ്റ്റെൻഷനുള്ള അനുമതി നൽകുന്നില്ല. അതിനുവേണ്ടി ഒരു ലീനുണ്ടാക്കണം. എന്റെ ഒരു അനുഭവം പറയാം, എന്റെ ബാപ്പ 1982-ൽ വാങ്ങിയ സ്ഥലത്ത് 1986-ൽ ഞാനൊരു വീടും അതിനടുത്തായി ഒരു കാർഷെഡും അതിനുമുകളിൽ രണ്ട് മുറികളും നിർമ്മിച്ചു. അതിന് പഞ്ചായത്തിൽനിന്നും പെർമിറ്റ് വാങ്ങി. പെർമിറ്റ്

വാങ്ങിയാൽ മാത്രമേ ആ കെട്ടിടത്തിന് നമ്പരിടുകയുള്ളൂ. ഞാൻ ഒന്നുകൂടി സുതാര്യമാക്കി. അപ്പോഴാണ് എതിർ പാർട്ടിക്കാർ അതിനെതിരെ പെറ്റീഷൻ നൽകിയത്. പക്ഷേ അന്വേഷണം കഴിഞ്ഞപ്പോൾ ആ കെട്ടിടം വർഷങ്ങൾക്കുമുമ്പുള്ളതാണെന്ന് തെളിഞ്ഞു. എനിക്ക് ഇത്തരം കാര്യങ്ങൾ നേരിടാൻ സാധിക്കും. എന്നാൽ സാധാരണക്കാരായവർക്ക് ഇത്തരം അനുഭവമുണ്ടായാൽ നേരിടാൻ സാധിക്കുമോ? ഇതിനുവേണ്ടി ഒരു ലീനുണ്ടാക്കണം. 50 വർഷങ്ങളായി വീടും കാര്യങ്ങളുമായി നിലനിൽക്കുന്നതും എന്നാൽ ആധാരത്തിൽ നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങളിൽ നിലനിൽക്കുന്ന വീടുകളിലോ സ്ഥാപനങ്ങളിലോ എക്സ്റ്റെൻഷൻ വർക്കുകൾ നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കണം. ഇത് എല്ലായിടത്തുമുള്ള പ്രശ്നമാണ്. എല്ലാ ജനപ്രതിനിധികൾക്കുംവേണ്ടിയാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. നാട്ടിലെ സ്ഥലങ്ങളെല്ലാം നികത്തണമെന്നല്ല പറയുന്നത്, വർഷങ്ങൾക്കുമുമ്പ് നികത്തിയ നിലമാണിത്. ഇല്ലെങ്കിൽ ചെറിയ തുക പിഴയായി ഈടാക്കി റെഗുലറൈസ് ചെയ്യാൻ നടപടി

സ്വീകരിക്കണം. ഈ നിയമത്തിലൊന്നും കുഴപ്പമില്ല, പക്ഷേ റവന്യൂ വകുപ്പിന് ധനകാര്യ വകുപ്പിൽനിന്നും ലഭിക്കാനുള്ള തുക വാങ്ങിയെടുക്കാനുള്ള ആർജ്ജവം കാണിക്കണം. ധനകാര്യ വകുപ്പിൽനിന്നും സി.പി.ഐ.-യുടെ വകുപ്പുകൾക്ക് ലഭിക്കാനുള്ള തുക വാങ്ങിയെടുക്കാനുള്ള ആർജ്ജവം കാണിക്കണം. എല്ലാ വകുപ്പിനും തുക ലഭിക്കാനുണ്ട്. നിങ്ങളെ മോശമാക്കുകയാണ്. ആ പാർട്ടിയെ ഇല്ലാതാക്കുകയാണ്. നാട്ടിൽ ആ പാർട്ടി നിലനിൽക്കണ്ടേ? റവന്യൂ, കൃഷി, മൃഗസംരക്ഷണ-ക്ഷീരവികസനം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന, നിങ്ങൾക്ക് അവരെ ഞെക്കി കൊല്ലണമെന്നുണ്ടെന്ന് ഞങ്ങൾക്കറിയാം. എന്നാൽ ഞങ്ങളതിന് സമ്മതിക്കില്ല. ഒരു പ്രതിസന്ധിഘട്ടത്തിൽ കേരളത്തെ രക്ഷിച്ച ഒരു കൂട്ടാണിത്. 1970-ൽ ചേലാട്ട് അച്യുതമേനോനെ മുഖ്യമന്ത്രിയാക്കിയ പാർട്ടിയുടെ പ്രതിനിധിയാണ് ഞാനെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. പി. കെ. വാസുദേവൻ നായരെ മുഖ്യമന്ത്രിയാക്കിയതാണ്. ആ പി. കെ. വാസുദേവൻ നായർ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി മുഖ്യമന്ത്രിസ്ഥാനം രാജിവച്ച് നിങ്ങളുടെ മുന്നണിയിൽ വന്ന സി.പി.ഐ.-യെ ഞെക്കിക്കൊല്ലുന്നതിനുപകരം അവരെ കൂടുതൽ ഉയരത്തിലേയ്ക്ക്

കൊണ്ടുപോകാനുള്ള മനോഭാവം സി.പി.ഐ.(എം.)-ഉം ധനകാര്യ വകുപ്പും കൂടി കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇത്തരമൊരു ഭേദഗതി ബിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജനെ പ്രത്യേകമായി ഞാൻ അഭിനന്ദിക്കുകയാണ്. ജനകീയ പ്രശ്നങ്ങളോട് ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്ത് സമീപനം സ്വീകരിക്കുന്നുവെന്നതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണ് ഇവിടെ അവതരിപ്പിച്ച, വളരെ ലഘുവാണെന്ന് നമുക്ക് തോന്നുമെങ്കിലും ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും ജീവൽപ്രശ്നമായി നിൽക്കുന്ന ഈ ഭേദഗതി എന്നതിൽ സംശയമില്ല. ഭൂമി തരംമാറ്റാൻ വേണ്ടി രണ്ടേകാൽ ലക്ഷത്തോളം പേർ അപേക്ഷ കൊടുത്ത് കാത്തുകിടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വീട് നിർമ്മിക്കാൻ ലോണെടുത്തു. പക്ഷേ ഭൂമി തരംമാറ്റലിന് കൊടുത്ത് ലഭിക്കാത്തതുകൊണ്ട്

നീണ്ടുനീണ്ടുപോകുയാണ്. ലോണെടുത്താൽ പലിശ കൊടുത്ത് ഇങ്ങനെ പോകേണ്ട സാഹചര്യങ്ങൾ ഉണ്ടായിരിക്കുന്നു. ലൈഫ് ഭവന പദ്ധതിയിലൂടെ വീട് അനുവദിച്ചു. പക്ഷേ തരംമാറ്റി പെട്ടന്ന് ലഭിക്കാത്തതുകൊണ്ട് എഗ്രിമെന്റ് വച്ച് പ്രവൃത്തി തുടങ്ങാൻ കഴിയാത്തവരും നമ്മുടെയിടയിൽ ധാരാളമുണ്ട്. മാറാരോഗങ്ങളുടെ കാലമാണ്. കൈവശമുള്ള 10 സെന്റ് ഭൂമി വിൽക്കണം. പക്ഷെ രേഖയിൽ 'നഞ്ച' എന്ന് രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആരാണ് ഈ ഭൂമി വാങ്ങുന്നത്; അതുകൊണ്ട് യഥാസമയം വിൽപ്പന നടത്തി കാര്യങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. പെൺകുട്ടികളുടെ കല്ല്യാണാവശ്യത്തിനായി പലപ്പോഴും കൈവശമുള്ള ഇത്തരം ഭൂമി വിൽക്കേണ്ടിവരും. അങ്ങനെ വരുമ്പോൾ വയലെന്നും നഞ്ചയെന്നും നിലമെന്നും രേഖപ്പെടുത്തിയ തുണ്ടുഭൂമികൾ ആരും വാങ്ങില്ല, വിൽക്കാനും കഴിയില്ല. ഇത് മാറ്റുന്നതിനുവേണ്ടി അപേക്ഷ കൊടുത്തുകഴിഞ്ഞാലും നീണ്ടുനീണ്ട് പോകുന്ന അവസ്ഥയാണുള്ളതെന്ന് കാണാൻ കഴിയും. ഇനി നഞ്ച അനുവദിച്ചുകൊണ്ട് ഉത്തരവായാലോ, റീ-സർവ്വേ നടക്കാത്തതുകൊണ്ട് പല പ്രദേശങ്ങളിലും തൽസമയം അത് രേഖകളിൽ മാറ്റം വരുത്താൻ കഴിയുന്നില്ല. സർവ്വേയർമാർ വന്ന് സ്കെച്ചും പ്ലാനും എടുത്ത് റിപ്പോർട്ട്

സമർപ്പിച്ചുമാത്രമേ രേഖകളിൽ മാറ്റം വരുത്താൻ കഴിയൂ. പല പ്രദേശങ്ങളിലും സർവ്വേയർമാരുടെ സാന്നിധ്യം കുറവാണ്. കോഴിക്കോട് ജില്ലയെ സംബന്ധിച്ച് പറയുമ്പോൾ വളരെ പ്രയാസമാണ്. നിലവിലുള്ള സർവ്വേയർമാർക്ക് തന്നെ എടുത്താൽ തീരാത്ത ജോലിയുണ്ട്. അതുകൊണ്ട് ഇത്തരം ജോലികൾക്ക് യഥാസമയം സർവ്വേയർമാരുടെ സേവനം ലഭിക്കുന്നില്ലെന്ന ഗൗരവതരമായ പ്രശ്നവുമുണ്ട്. അതുകൊണ്ട് ഇതിലെല്ലാം ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. തീർച്ചയായും ബിൽ പാസ്സായിക്കഴിഞ്ഞാൽ ആർ.ഡി.ഒ.-മാരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ളവരെ ചുമതലപ്പെടുത്തുകയാണ്. ഈ നിയമം നടപ്പിലായിക്കഴിഞ്ഞാൽ സമയബന്ധിതമായി ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ച് അവർക്കാവശ്യമായ ഓഫീസുകളും ഉദ്യോഗസ്ഥരെയും അനുവദിച്ച് നിശ്ചിത സമയത്തിനകം കെട്ടിക്കിടക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും തീർപ്പുകൽപ്പിക്കണമെന്ന് പ്രത്യേകം നിർദ്ദേശിക്കണമെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. 2008 ഒക്ടോബർ 12-നാണ് ചരിത്രപ്രസിദ്ധമായ

കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം ഈ സഭ പാസ്സാക്കിയത്. ഈ നിയമത്തിന്റെ അപാകതകളെ സംബന്ധിച്ച് നേരത്തേ ചൂണ്ടിക്കാണിച്ചല്ലോ; കേരളത്തിൽ അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും ഇന്ന് നിലനിൽക്കുന്നത് ഈ നിയമമുള്ളതുകൊണ്ട് മാത്രമാണ്. 1970-കളിൽ കേരളത്തിൽ 8 ലക്ഷം ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നുവെന്നാണ് കണക്ക്. ഇന്ന് 2 ലക്ഷം ഹെക്ടറിലും താഴെയായി കുറഞ്ഞിരിക്കുന്ന അവസ്ഥയാണ് നമുക്ക് കാണാൻ കഴിയുന്നത്. കാരണം നെൽകൃഷി ലാഭകരമല്ലാതായി മാറിയപ്പോൾ കർഷകൻ സ്വാഭാവികമായും നിലം നികത്തി തോട്ടവിളകളിലേയ്ക്ക് നീങ്ങി എന്ന് നമുക്കെല്ലാവർക്കുമറിയാം. അതിന്റെ ഫലമായി നെൽവയലുകളുടെ അളവുകൾ വളരെ കുറഞ്ഞുവന്നു. ഇതിനെല്ലാം പുറമെ വിദേശരാജ്യങ്ങളിൽപ്പോയി ജോലി ചെയ്തും റിയൽ എസ്റ്റേറ്റ് പ്രവർത്തനം നടത്തിയും ബിസിനസ് നടത്തിയും പുതുപുത്തൻ സമ്പന്നൻമാർ നമ്മുടെ ഗ്രാമാന്തരങ്ങളിലും പട്ടണങ്ങളിലും വളർന്നുവന്നു. സ്വാഭാവികമായും അവരുടെ പണം നിക്ഷേപിക്കാനുള്ള ഏറ്റവും വലിയ മാർഗ്ഗമായി ഭൂമി മാറി. ഭൂമി കൃഷി ചെയ്യാനുള്ളതാണെന്ന വസ്തുത വിസ്മരിച്ചുകൊണ്ട് നിക്ഷേപരംഗമായി ഭൂമി

മാറിയതിന്റെ ഫലമായി റിയൽ എസ്റ്റേറ്റ് പടർന്നുപന്തലിക്കുകയും വില കുതിച്ചുയരുകയും ചെയ്തു. സ്വാഭാവികമായും തണ്ണീർത്തടങ്ങളും നെൽവയലുകളുമെല്ലാം നികത്തുന്ന പ്രവണത വ്യാപകമായിവന്നു. നാട്ടിൻ പ്രദേശങ്ങളിലുണ്ടായിരുന്ന തണ്ണീർത്തടങ്ങളും നാടൻ കുളങ്ങളും അതുപോലെയുള്ള സംരംഭങ്ങളുമെല്ലാം ഈ പുരോഗമനത്തിന്റെ പേരിൽ, പ്രകൃതിദത്തമായ ജലാശയങ്ങളെല്ലാം തകർക്കുന്ന കാഴ്ച നമ്മൾ കണ്ടു. പരിഷ്കാരത്തിന്റെ പേരിൽ നാട്ടിൻപ്രദേശത്തുണ്ടായിരുന്ന കാവുകൾ ഒരുപാട് നമ്മൾ നശിപ്പിച്ചുവെന്ന് നമുക്ക് കാണാൻ കഴിയും. ഈ നിയമം യഥാർത്ഥത്തിൽ ഗൗരവതരമായി അന്ന് നടപ്പിലാക്കിയതുകൊണ്ടാണ് അവശേഷിക്കുന്ന നെൽവയലുകളും നീർത്തടങ്ങളുമെല്ലാം നിലനിർത്തി മുന്നോട്ടുപോകുന്നുവെന്നതാണ് അവസ്ഥ. ഇന്ത്യാരാജ്യത്ത് ആസാം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനമാണ് നമ്മുടെ കേരളം. പക്ഷേ മഴ പെയ്തുകഴിഞ്ഞാൽ ഉരുൾപൊട്ടലും വെള്ളപ്പൊക്കവുമാണ്. മഴ നിന്നുകഴിഞ്ഞാൽ വരൾച്ചയും കുടിവെള്ള ക്ഷാമവുമാണ്. 33-ലധികം നദികളുള്ള ഈ സംസ്ഥാനത്ത് ഇത്രയധികം മഴ ലഭിക്കുന്ന പ്രദേശത്ത് എങ്ങനെയാണ് ഇത് സംഭവിക്കുന്നതെന്നത്

ഗൗരവതരമായ പ്രശ്നമാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥ പാലിക്കാതെയുള്ള കഴിഞ്ഞ കാലഘട്ടങ്ങളിലെ വികസന പ്രവർത്തനത്തിന്റെ ദുരന്തമാണ് ഇന്ന് നാം അനുഭവിച്ച് മുന്നോട്ടുപോകുന്നതെന്ന് നാം കാണേണ്ടതാണ്. ഇതിനൊരവസാനം വേണ്ടേ; ഇതിനൊരു പരിഹാരം വേണ്ടേ; അതേ സമയം ഭൂവിസ്തൃതി വളരെ കുറഞ്ഞതുകൊണ്ട് ഭൂവിസ്തൃതി കുറഞ്ഞ പ്രദേശങ്ങളിൽ സ്വാഭാവികമായും ജനസംഖ്യ വളരെ കൂടുതലും ജനങ്ങൾക്ക് വീടുവയ്ക്കാനുള്ള സ്ഥലവുമില്ല. അതുകൊണ്ട് പട്ടണപ്രദേശങ്ങളിൽ 5 സെന്റും ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും അനുവദിക്കാനുള്ള നിർദ്ദേശങ്ങൾ ഇതിലുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് തരംമാറ്റലിനുവേണ്ടിയുള്ള അപേക്ഷകൾ സമർപ്പിച്ച് മുന്നോട്ടുപോകുന്നത്. എൽ.എഡി.എഫ്. സർക്കാർ പാരിസ്ഥിതിക സന്തുലിതാവസ്ഥ പാലിച്ചുകൊണ്ടുമാത്രമേ വികസന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂവെന്ന പ്രഖ്യാപിത നയത്തിൽ ഊന്നിനിന്നുകൊണ്ടുതന്നെയാണ് കഴിഞ്ഞ 7 വർഷക്കാലവും കേരളത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തിയതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് സാധാരണക്കാരായ ജനങ്ങളുടെ ഇത്തരം

പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഈ നിയമം തീർച്ചയായും പ്രയോജനപ്പെടും. ആ രൂപത്തിൽ ഈ നിയമം എത്രയും വേഗം നടപ്പിലാക്കി മുന്നോട്ടുപോകാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

അതോടൊപ്പം തന്നെ നേരത്തേ ബഹുമാന്യനായ മെമ്പർ സംസാരിച്ചപ്പോൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ കുടിശ്ശികയൊന്നും കൊടുക്കാനുണ്ടായിരുന്നില്ലെന്നാണ് പറഞ്ഞത്. കേരളത്തിലെ പൊതുവിതരണ ശൃംഖല മുഴുവനും തകർത്ത ചരിത്രമാണ് നിങ്ങൾക്കുള്ളത്. മാവേലി സ്റ്റോറുകൾ നോക്കുകുത്തിയായി മാറി. മാവേലി സ്റ്റോറുകളിലും ലാഭം മാർക്കറ്റുകളിലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്റ്റാളുകളും ഉത്സവകാല ചന്തകളും മുഴുവൻ തകർത്ത് കുഴിച്ചുമൂടിയ പാരമ്പര്യമാണ് യു.ഡി.എഫ്.-നുള്ളത്. ഒരു കാശും ചെലവഴിക്കാതെ എങ്ങനെ കടം വരും; അതാണോ 7 വർഷക്കാലത്തെ കേരളത്തിന്റെ അനുഭവം. കേരളത്തിൽ മാർക്കറ്റിൽ ഇടപെട്ടുകൊണ്ട് ജനങ്ങൾക്ക് സമാശ്വാസം നൽകുന്ന നടപടികളാണ് സ്വീകരിച്ച് മുന്നോട്ടുപോകുന്നത്. ഇന്ത്യാഗവൺമെന്റ് ഇത്തവണ പാർലമെന്റിൽ

ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചു. കേരളത്തിൽ 2000 കോടി രൂപയാണ് ഭക്ഷ്യ സബ്സിഡിക്കുവേണ്ടി മാറ്റിവച്ചത്. ഇങ്ങനെ മാർക്കറ്റിൽ നിരന്തരമായി ഇടപെട്ടുകൊണ്ട് സമാശ്വാസം നൽകി കുറഞ്ഞവിലയ്ക്ക് സാധനമെത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷനും അനുബന്ധമായ സ്ഥാപനങ്ങളുമെല്ലാം തന്നെ ഈ രൂപത്തിൽ മുന്നോട്ടുപോകുമ്പോൾ സ്വാഭാവികമായും കുറച്ച് കുടിശ്ശികയൊക്കെ വരില്ലേ; അത് സ്വാഭാവികമാണ്. യു.ഡി.എഫ്.-ന്റെ കാലത്തൊന്നും പ്രവർത്തിക്കാതെ, ഒരു ചെലവും നടത്താതെ മുന്നോട്ടുപോയാൽ എങ്ങനെയാണ് കുടിശ്ശിക വരുന്നത്? രണ്ടും ജനങ്ങൾ കാണുന്നുണ്ട്. ഇക്കാര്യം മനസ്സിലാക്കേണ്ടതുണ്ട്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, 2008-ൽ ഈ നിയമം വരുമ്പോൾ തോമസ് ചാണ്ടി അന്ന് എം.എൽ.എ. ആയിരുന്നു. അന്ന് ഞങ്ങളുടെ പ്രദേശമായ കുട്ടനാടിന് ഒരു പ്രത്യേകത തരണമെന്ന് അദ്ദേഹം ഈ നിയമസഭയിൽ പറഞ്ഞിരുന്നു. കാരണം നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടതും ഏറ്റവും കൂടുതൽ നിലവുമുള്ള പ്രദേശമാണ് ഞങ്ങളുടെ പ്രദേശം. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ

പ്രത്യേകത കിട്ടിയില്ലെങ്കിൽ ഒരു വഴിപോലും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രദേശമാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം കൂടി ഹൈലൈറ്റ് ചെയ്ത് പറയാൻ സാധിക്കുമോ?

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, 2008-ൽ ഈ നിയമം നടപ്പിലാക്കിയശേഷമുള്ള അനുഭവങ്ങൾ പരിശോധിച്ചുകൊണ്ട് പ്രായോഗികരംഗത്തുണ്ടായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന കാര്യംകൂടി ആലോചിക്കേണ്ടതുണ്ട്. 1934-ൽ ബ്രിട്ടീഷുകാരുടെ കാലത്ത് തയ്യാറാക്കിയ ബി.റ്റി.ആർ. ആണ് അടിസ്ഥാന രേഖയായി സ്വീകരിക്കുന്നത്. ആ രേഖ നമ്മൾ പരിശോധിച്ചുനോക്കിയാൽ എല്ലാ പ്രദേശങ്ങളും നിലമോ നഞ്ചയോ തണ്ണീർത്തടമോ ആയിരിക്കുമെന്ന് എല്ലാവർക്കുമറിയാം. വളരെ വർഷങ്ങൾക്കുശേഷം അത് പലതും നികത്തി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കോഴിക്കോട് മാവൂർ റോഡ് അതിന് ഏറ്റവും നല്ല ഉദാഹരണമാണ്. 1960-കളിൽ ആ പ്രദേശം മുഴുവനും പായലുകൾ നിറഞ്ഞുകിടക്കുന്ന തണ്ണീർത്തടങ്ങളായിരുന്നുവെന്ന് കാണാൻ കഴിയും. ഇന്ന് അത് പരിശോധിച്ച്, പണ്ട് നഞ്ചയായിരുന്നുവെന്നതിന്റെ പേരിൽ അനുവാദം ലഭിക്കാത്ത അവസ്ഥ വരുന്ന സ്ഥിതിവിശേഷമുണ്ട്.

അതുകൊണ്ട് ഇക്കാര്യത്തിൽ പ്രായോഗികമായ സമീപനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ ഒരു കാരണവശാലും നിലവിലുള്ള തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്താനുള്ള ഒരു സന്ദർഭവും ഉണ്ടാകാത്ത രൂപത്തിൽ നിയമം കർക്കശമായി നടപ്പിലാക്കുകയും വേണമെന്നാണ് എനിക്ക് ഇക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. ഈ ബിൽ കൊണ്ടുവന്ന മന്ത്രിയെ ഒരിക്കൽക്കൂടി പ്രത്യേകമായി അഭിനന്ദിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഈ ബില്ലിന്റെ വളരെ ഗുണകരമായിട്ടുള്ള ഓപ്പറേഷൻ പാർട്ടിലാണ് ഭേദഗതി വരുത്തണമെന്ന് ആലോചിച്ചത്. യഥാർത്ഥത്തിൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമമാണ് ഈ ബില്ലിന്മേലുള്ള ചർച്ചയിൽ ഉയർന്നുവരേണ്ടത്. എന്നാൽ, ഈ ചർച്ച ആ നിലവാരത്തിൽ വരാതെ പോയി എന്ന് തോന്നുന്നു. സബ്ജക്ട് കമ്മിറ്റി പരിഗണിച്ചതിനുശേഷം സഭയുടെ മുൻപാകെ ഈ നിയമം വിശദമായി ചർച്ച ചെയ്യാമെങ്കിലും ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താതെ പോകാൻ സാധിക്കില്ല. 2008-ൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നത്

എന്തിനാണെന്ന് അങ്ങേയ്ക്കറിയാം. ഈ സഭ ദീർഘനേരമെടുത്ത് ചർച്ച ചെയ്ത് പ്രസ്തുത നിയമം കൊണ്ടുവന്നത് ഏതെങ്കിലും വിധത്തിലുള്ള ഭൂമി തരംമാറ്റത്തിന് അവസരമോ ആർക്കെങ്കിലും ജോലിയോ നൽകാനല്ല. സെറ്റിൽമെന്റ് കാലത്ത് കേരളത്തിലെ നെൽവയലിന്റെ വിസ്തീർണ്ണം 20 ലക്ഷം ഏക്കർ ആയിരുന്നത് 1970-കളിൽ അത് 5 ലക്ഷം ഏക്കറായി കുറഞ്ഞു. കേരളത്തിലെ നെൽവയലുകൾ പൂർണ്ണമായും നികത്തപ്പെട്ട് താൽകാലിക ലാഭം ലക്ഷ്യമിട്ട് പ്രകൃതിയെ ചൂഴ്ന്നെടുക്കാൻ ശ്രമിക്കുന്ന ഒരു ഘട്ടത്തിലാണ് ഈ നിയമം അവതരിപ്പിക്കപ്പെടുന്നത്. പ്രകൃതിയും മനുഷ്യനും കേന്ദ്രബിന്ദുവാകുന്ന സസ്റ്റെയിനബിൾ ഡെവലപ്മെന്റ് എന്ന ആശയം മുൻനിർത്തി കേരളത്തിലെ നെൽവയലുകളെ സംരക്ഷിക്കാനുള്ള ഈ നിയമം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാത്ത ചർച്ചകളിലൂടെയാണ് കേരള നിയമസഭ പാസാക്കിയത്. ഈ നിയമം രൂപീകരിക്കപ്പെട്ടത് നെൽവയൽ നികത്താൻ വേണ്ടിയാണെന്ന രീതിയിലുള്ള ചർച്ചകളാണ് ഇപ്പോൾ പലയിടങ്ങളിലും നടക്കുന്നത്. ഒരു കാരണവശാലും അത് അംഗീകരിക്കാൻ കഴിയില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രായോഗികമായ പ്രശ്നങ്ങളുണ്ടെന്ന് കണ്ടതുകൊണ്ട് 2008-ൽ ഈ നിയമം വന്നതിനുശേഷം പഞ്ചായത്തിൽ 10 സെന്റും

മുനിസിപ്പൽ കോർപ്പറേഷൻ മേഖലയിൽ 5 സെന്റും ഭൂമി ഭൂരഹിതരായ ആളുകൾക്ക് വീട് വയ്ക്കുന്നതിനോ പൊതു ആവശ്യത്തിനോ വേണ്ടി നികത്താൻ എൽ.എൽ.എം.സി. (ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി)-ക്ക് ശിപാർശ ചെയ്യാമെന്ന ആശയം വന്നത്. വീട് വയ്ക്കാൻ നിലം നികത്തുന്നതിനുള്ള അനുമതി നൽകേണ്ടത് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഡി.എൽ.എം.സി. (ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി) ആണ്. പൊതു ആവശ്യത്തിനുവേണ്ടി നിലം നികത്താൻ അനുവാദം നൽകേണ്ടത് എസ്.എൽ.എം.സി. (സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി) ആണ്. അതനുസരിച്ചുള്ള നടപടിക്രമങ്ങൾ ഈ വകുപ്പിന്റെ ഭാഗമായി മാറ്റുമ്പോൾ സെക്ഷൻ 11 അനുസരിച്ച് തണ്ണീർത്തടങ്ങൾ ഒരു കാരണവശാലും നികത്താനാകുന്നതല്ലെന്ന് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതും പറയാനുദ്ദേശിക്കുന്നതുമായ കാര്യങ്ങൾ അറിയാത്തതുകൊണ്ടല്ല. കേരളത്തിന്റെ നിജസ്ഥിതിയും സാമൂഹ്യജീവിതവും പ്രകൃതിയുമായി ബന്ധപ്പെടുത്തി മുന്നോട്ടുപോകേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് പഠിക്കാനാണ്. 2021-ൽ ഞാൻ മന്ത്രിയായി വന്നപ്പോൾ കൊക്കയാറും കൂട്ടിക്കലും ഉൾപ്പെടെയുള്ള

സ്ഥലങ്ങളിലുണ്ടായ പ്രകൃതിദുരന്തം നമ്മളെല്ലാവരും നേരിട്ട് കണ്ടതാണ്. കക്കി നദിയുൾപ്പെടെ ഒഴുകിവന്ന് തിരുവല്ലയും കുട്ടനാടും ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വെള്ളം നിറഞ്ഞപ്പോൾ ഡാമിന്റെ ഷട്ടർ ഉയർത്തിയതുകൊണ്ട് കുട്ടനാട്ടിന് കൂടുതൽ പ്രശ്നമുണ്ടാകാതെ സംരക്ഷിക്കാനായി. പക്ഷേ, പമ്പ, കക്കി ഡാമുകൾ ഒന്നിച്ച് തുറന്നുവിട്ടപ്പോൾ കുട്ടനാട്ടിലെ വെള്ളത്തിന്റെ സ്ഥിതി ഭീകരമായിരുന്നു. 2021 ഒക്ടോബർ-നവംബർ മാസങ്ങളിൽ പത്തനംതിട്ട ജില്ലയിൽ പെയ്തുതീർത്തത് സാധാരണയുള്ളതിനെക്കാൾ 175 ശതമാനം അധികം മഴയാണ്. ഒരു പക്ഷേ കേരളത്തിന്റെ ചരിത്രത്തിലാദ്യമായി അധിക മഴലഭ്യതയുണ്ടായ ജില്ലയാണ് പത്തനംതിട്ട. 2022 ജനുവരി മാസത്തിൽ പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ട യോഗത്തിൽ പങ്കെടുക്കുമ്പോൾ കളക്ടർ ഉൾപ്പെടെയുള്ള റവന്യൂ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടത്, ഞങ്ങൾക്ക് പത്തനംതിട്ട ജില്ലയിലെ വിവിധ മേഖലകളിൽ കുടിവെള്ളം നൽകാൻവേണ്ടി ജില്ലയെ വരൾച്ച ബാധിതമായി പ്രഖ്യാപിക്കണമെന്നും എന്നാൽ മാത്രമേ എസ്.ഡി.ആർ.എഫ് (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ്

ഫണ്ട്) -ൽ നിന്ന് പണം അനുവദിക്കാൻ കഴിയുകയുള്ളൂവെന്നുമാണ്. കേരളത്തിന്റെ കാലാവസ്ഥാ സാഹചര്യങ്ങൾ എങ്ങോട്ടാണ് പോകുന്നത്; 2021 നവംബർ മാസം അധിക മഴലഭ്യതയുടെ ഭീകരതയെക്കുറിച്ച് ചർച്ച ചെയ്ത ഒരു ജില്ലയെ രണ്ടരമാസക്കാലം കഴിഞ്ഞപ്പോൾ വരൾച്ചബാധിതമായി പ്രഖ്യാപിക്കണമെന്ന് പറയേണ്ട വിധത്തിൽ മാറുന്ന സാമൂഹിക സാഹചര്യങ്ങൾ കേരളത്തിനെ ചില കാര്യങ്ങൾ പുതുതായി പഠിപ്പിക്കുകയാണ്. കുളങ്ങൾ മണ്ണിട്ട് നികത്തരുത്, കിണറുകൾ കുഴിച്ചുമൂടരുത്, നെൽവയലുകൾ മാറ്റിയെടുക്കരുത്. അവയുടെ മുകളിൽ പന്ത്രണ്ട് നില കെട്ടിടം പണിത് പന്ത്രണ്ടാമത്തെ നിലയിലെ ശീതീകരിച്ച മുറിയിലിരുന്നുകൊണ്ട് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് എത്ര ചർച്ച ചെയ്താലും അതിന്റെ അർത്ഥതലങ്ങൾ നമുക്ക് മനസ്സിലാക്കാനാകില്ല. അതാണ് ഈ ബില്ലിന്റെ അടിസ്ഥാന കാരണം. പക്ഷേ ജനങ്ങൾ ബുദ്ധിമുട്ടരുത്. നേരത്തേ സൂചിപ്പിച്ചതുപോലെ തയ്യാറാക്കപ്പെട്ട ഡാറ്റാ ബാങ്കിലുണ്ടായ പ്രശ്നങ്ങൾ വളരെ ഗൗരവകരമാണെന്ന് കണ്ടപ്പോൾ അത് പരിഹരിക്കാനുള്ള നയസമീപനങ്ങളെടുക്കേണ്ടിവന്നു. 2008-ൽ 10-ഉം 5-ഉം സെന്റ് ഭൂമി ഭൂരഹിതരായ മനുഷ്യർക്ക് നികത്താൻ വേണ്ടി നിയമം

കൊണ്ടുവന്ന ഘട്ടത്തിൽ 2017-ൽ ചില ഭേദഗതികൾ വരുത്തേണ്ടി വന്നത് യാഥാർത്ഥ്യമാണ്. അങ്ങനെയാണ് 30-12-2017-ൽ വന്ന ഭേദഗതിയിലൂടെ 27 (എ) ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി റവന്യൂ റിക്കോർഡുകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് തിരിച്ചറിഞ്ഞ് 'പുരയിടം' എന്നാക്കി മാറ്റാൻ ഫോം നമ്പർ 6 അനുവദിച്ചത്. അതിനുമുമ്പ് ഡാറ്റാ ബാങ്കിൽ തെറ്റായി രേഖപ്പെടുത്തിയത് മാറ്റിയിട്ടുണ്ടെങ്കിലും ആ ഭേദഗതിയിലൂടെ ഫോം നമ്പർ 5 പ്രകാരം ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമിയുണ്ടെങ്കിൽ അതിനെ മാറ്റാൻ ഫോം നമ്പർ 5 കൊടുക്കാമെന്ന ധാരണയുണ്ടായി. 50 സെന്റിന് മുകളിലുള്ള ഭൂമി തരംമാറ്റുന്നതിനുവേണ്ടി ഫോം നമ്പർ 7-ഉം കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ ലഭ്യമായ ഭൂമിക്ക് വീണ്ടും തരംമാറ്റാനായി ഫോം നമ്പർ 9-ഉം നിലവിൽ വന്നു. കോടതി വിധിയെത്തുടർന്ന് 2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കാബിനറ്റ് തീരുമാനിച്ചതനുസരിച്ച് 25 സെന്റ് വരെയുള്ള ഭൂമിക്ക് പണം നൽകേണ്ടതില്ലെന്ന് നിശ്ചയിച്ചു. 2021 ഫെബ്രുവരി വരെ വന്ന തരംമാറ്റാനുള്ള അപേക്ഷകളിൽനിന്ന് വ്യത്യസ്തമായി 21-04-2021-ൽ 369/2021 എന്ന എസ്.ആർ.ഒ. വിജ്ഞാപനം ചെയ്തതിനുശേഷം

നിലംമാറ്റാനുള്ള അപേക്ഷകൾ വ്യാപകമായി വന്നതിന്റെ ചരിത്രമാണ് അക്ഷരാർത്ഥത്തിൽ ഈ കണക്കുകളിൽ നമുക്ക് ബോധ്യമാകുന്നത്. യഥാർത്ഥത്തിൽ ഇത്രയേറെ ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ വരുമ്പോൾ ആർ.ഡി.ഒ.-യുടെ കീഴിൽ വില്ലേജ് ഓഫീസ് വരെയുള്ള സംവിധാനങ്ങൾ ഏകപക്ഷീയമായി ഇതിനുവേണ്ടി മാത്രം ഉപയോഗിക്കപ്പെടുന്ന സ്ഥിതിവിശേഷമുണ്ടായപ്പോൾ പലതവണ ചില എസ്.ഒ.പി. (Standard Operation Procedure)-കൾ പുറത്തിറക്കാൻ ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ട് മാത്രം കാര്യമില്ല. യഥാർത്ഥത്തിൽ 2021-ലെ എസ്.ആർ.ഒ. പുറത്തിറക്കിയതിനുശേഷമുണ്ടായ അപേക്ഷകരുടെ വർദ്ധനവുകൂടി പരിഗണിച്ച് എല്ലാ ഫോമുകളിലുമായി 05-08-2023-ൽ ഞങ്ങൾ കണക്കെടുക്കുമ്പോൾ 226901 ഓഫ്‌ലൈനായുള്ള അപേക്ഷകൾ കേരളത്തിൽ ലഭിക്കുകയുണ്ടായി. അതിൽ 222791 അപേക്ഷകളിൽ തീർപ്പുണ്ടാക്കി. റവന്യൂവിലെയും കൃഷി വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സഹായത്തോടെയാണ് ഇത് ചെയ്യാൻ സാധിച്ചത്. ഇതിനിടയിലാണ് റവന്യൂ ഉദ്യോഗസ്ഥർ എക്സ്-ഗ്രേഷ്യ വിതരണവും കോവിഡുമായും വെള്ളപ്പൊക്ക ദുരിതാശ്വാസവുമായും ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ

ഏർപ്പെട്ടത്. ഇതിനിടയിലും ഓഫ്‌ലൈനിലൂടെ ലഭിച്ച 222791 അപേക്ഷകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ഇനി പൂർത്തിയാക്കാൻ ബാക്കിയുള്ളത് കേവലം 4110 അപേക്ഷകൾ മാത്രമാണ്. അതിൽ മഹാഭൂരിപക്ഷവും ഇനിയൊന്നും ചെയ്യാനോ ഫീസ് അടയ്ക്കാനോ സാധിക്കാത്തവയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഏജന്റുമാരുടെ കുത്തൊഴുക്ക് ഈ സ്ഥാപനങ്ങളുടെ തലയ്ക്കുമീതെ ഉണ്ടാകാതിരിക്കാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങളുടെ ഭാഗമായിട്ടാണ് കേരള സർക്കാർ 2022 ഫെബ്രുവരി 1 മുതൽ ഇനി അപേക്ഷകൾ പൂർണ്ണമായും ഓൺലൈനിൽ അപേക്ഷിച്ചാൽ മതിയെന്ന് നിശ്ചയിച്ചത്. പക്ഷേ ഞായറാഴ്ച ഉൾപ്പെടെ പ്രതിദിനം കേരളത്തിലെ 27 ആർ.ഡി.ഒ.-മാരുടെ മുമ്പിലായി ഓൺലൈനിലൂടെ വരുന്ന അപേക്ഷകളുടെ എണ്ണം അഞ്ഞൂറാണ്. ഫാറം നമ്പർ 5-ഉം മോശമല്ലാത്ത വിധത്തിൽ വരുന്നുണ്ട്. 2008-ൽ രൂപീകരിച്ച ഡാറ്റാ ബാങ്ക് ഇങ്ങനെ അനന്തമായി നീട്ടികൊണ്ടുപോകാൻ കഴിയില്ല. ഈ വിഷയത്തിൽ ഉൾപ്പെട്ടതാണെങ്കിലും ഭേദഗതിയിലില്ല. പക്ഷെ അതുസംബന്ധിച്ച് ആലോചിക്കേണ്ടതാണ്. ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുമായി ഞങ്ങൾ

കഴിഞ്ഞ ദിവസം സബ്ജക്ട് കമ്മിറ്റി കൂടിയപ്പോൾ ഡാറ്റാ ബാങ്ക് എല്ലായിടത്തും നടപ്പിൽവരുത്താൻ തദ്ദേശസ്വയംഭരണം, കൃഷി, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കൂട്ടായി പരിശ്രമിച്ച് ഒരു മാസത്തിനുള്ളിൽ സബ്ജക്ട് കമ്മിറ്റി II-ന് വിവരം നൽകി തർക്കമില്ലാത്ത രീതിയിൽ ക്ലോസ് ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇനിയും ഡാറ്റാ ബാങ്കിൽ നിന്നും മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ തുടർച്ചയായി വരികയാണ്. ഇതിനൊരു പരിധി നിശ്ചയിക്കണം. ഇക്കാര്യത്തിൽ വേണ്ടതുപോലെയുള്ള ആവശ്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടിയാണ് എസ്.ഒ.പി. ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ, ഓൺലൈനിലൂടെയുള്ള പരാതികൾ എന്നിവ ഏർപ്പെടുത്തിയത്.

മി. സ്പീക്കർ: യെസ്.... പ്ലീസ്....പ്ലീസ്...

ശ്രീ. കെ. രാജൻ: സർ, ഞാൻ ചുരുക്കുകയാണ്. ഏതോ ഒരു മഹാപാതകത്തിലേയ്ക്ക് നമ്മൾ വന്നുപെട്ടു എന്ന് ഇവിടെ പരാമർശിച്ചതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്. ഇപ്പോൾ കേരളത്തിൽ 298469 അപേക്ഷകളാണ് ഓൺലൈനിലൂടെ ലഭിച്ചിട്ടുള്ളത്. അതിൽ 75914 അപേക്ഷകൾ മാത്രമേ തീർപ്പാക്കാൻ സാധിച്ചുള്ളൂ. 222555 അപേക്ഷകൾ

തീർപ്പാക്കാൻ ബാക്കിയുണ്ട്. ഒരു ആർ.ഡി.ഒ.-ക്ക് മാത്രമായി ഈ പ്രശ്നങ്ങളിൽ തീർപ്പ് കൽപിക്കാൻ സാധിക്കില്ല.

(ശ്രീ. കെ. രാജൻ.... തുടരും)

പി. 10-08-2023
പി.വി. - എസ്.ആർ. (2)
(1.40-1.50)

(ശ്രീ. കെ. രാജൻ തുടർച്ച.....)

ശ്രീ. കെ. പി. മോഹനൻ: സർ, അങ്ങ് പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനായി ജില്ലാ തലത്തിൽ അപേക്ഷകരെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് യോഗങ്ങൾ സംഘടിപ്പിച്ച് പരിഹാരം കാണുന്നുണ്ട്. അതുപോലെ ഇതിനും പരിഹാരം കാണാനായി അത്തരത്തിലുള്ള നടപടിയുമായി മുന്നോട്ടുപോകാൻ സാധിക്കുമോ?

ശ്രീ. കെ. രാജൻ: ഞാൻ അതിലേയ്ക്കാണ് വരുന്നത്. അതാണ് ഈ പരാതിയുടെ ഭാഗമായി എടുക്കുന്നത്. ആർ.ഡി.ഒ.-യ്ക്ക് Cr.P.C. 133 പ്രകാരമുള്ള public nuisance തടയുന്നതും മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച് ട്രൈബ്യൂണൽ നടത്തുന്നതും ക്രിമിനൽ നടപടിക്രമങ്ങൾ പ്രകാരമുള്ള മറ്റ് നടപടികൾ കൊണ്ടുവരുന്നതും പോക്കുവരവിന്റെ അപ്പീൽ, ഭൂമിയുടെ വിട്ടൊഴിയൽ, അവകാശിയില്ലാത്ത വസ്തുക്കൾ കൈകാര്യം ചെയ്യുക, ഭൂമിയുടെ മൂല്യന്യായവില നിർണ്ണയം, മുദ്രപത്രങ്ങളുടെ അഡ്ജ്യൂഡിക്കേഷൻ, ജനന-മരണ രജിസ്ട്രേഷൻ, ജമാബന്ധി, മുദ്രപത്ര നിയമം അനുസരിച്ചുള്ള നടപടികൾ തുടങ്ങി ഇരുപത്തിനാലോളം നടപടികൾ ചെയ്യേണ്ടതുണ്ട്. ആ

ഘട്ടത്തിലാണ് ഇങ്ങനെയൊരു മാറ്റത്തിനായി ഉദ്ദേശിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, കേരളത്തിലെ ഏതെങ്കിലും ഒരു വകുപ്പ് സ്വന്തമായി പണം കുട്ടിവച്ച് മറ്റാർക്കും നൽകാതെ സൂക്ഷിക്കുകയാണെന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. അതിനെ രാഷ്ട്രീയമായി മാറ്റുകയും ചെയ്യേണ്ടതില്ല. കേരളത്തിൽ 27 ഡി അനുസരിച്ച് കാർഷിക അഭിവൃദ്ധി ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ നല്ലതുപോലെ ജാഗ്രതയുണ്ടാകണമെന്ന് കൂട്ടായി ആലോചിക്കുകയാണ്. ഈ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ രണ്ട് ഉത്തരവുകളിലൂടെ 31,63,39,967/- രൂപ 27 ഡി-യിൽനിന്നും മാറ്റാൻ കഴിഞ്ഞു. ആദ്യം ആറ് മാസത്തേയ്ക്ക് 56/2022/ആർ.ഡി. ഉത്തരവ് പ്രകാരവും തുടർന്ന് 278/2022/ആർ.ഡി. ഉത്തരവ് പ്രകാരവും പണം ചെലവഴിച്ചു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ജീവനക്കാരുടെ കുറവുണ്ടായിട്ടുണ്ട്. ഏറ്റവും ചുരുങ്ങിയ ദിവസത്തിനുള്ളിൽ അവരെ കൊണ്ടുവന്ന് പ്രവർത്തനങ്ങൾ വേഗതയിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മുൻ മന്ത്രികൂടിയായിരുന്ന ബഹുമാനപ്പെട്ട മോൻസ് ജോസഫ് ഇതിനിടയിൽ സൂചിപ്പിച്ചൊരു കാര്യം പറയാതിരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട അംഗം

ആർ.എം.എഫ്. (റിവർ മാനേജ്മെന്റ് ഫണ്ട്)-ന്റെ പ്രവർത്തനങ്ങളിലൊക്കെ നല്ലതുപോലെ ഇടപെട്ടുകൊണ്ടിരിക്കുന്ന ഒരാൾ എന്ന നിലയിലും ശ്രീ. പി. കെ. ബഷീർ മണൽ വാരലുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ചില അവ്യക്തതകൾ ഉന്നയിക്കപ്പെടുകയുണ്ടായി. അങ്ങനെയല്ല. ഏതെങ്കിലും വിധത്തിൽ മണൽ വാരൽ നടത്താനുള്ള നടപടിക്രമങ്ങളിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു കുറവുമില്ല. മുഖ്യമന്ത്രി മാറിയതുകൊണ്ടല്ല, ഉമ്മൻ ചാണ്ടി മാറി ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായതുകൊണ്ടല്ല. ദേശീയ ഹരിത ട്രൈബ്യൂണലാണ് തീരുമാനമെടുത്തതെന്ന് അങ്ങേയ്ക്കറിയാമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അത് ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് എടുത്തില്ല. ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുന്ന കാലത്താണ് എടുത്തത്. പക്ഷെ, തീരുമാനമെടുത്തത് ദേശീയ ഹരിത ട്രൈബ്യൂണലാണ്. യഥാർത്ഥത്തിൽ, 2012-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസിൽ മണൽ വാരൽ ഖനനത്തിന് പാരിസ്ഥിതിക അനുമതി നിർബന്ധമാക്കി തീരുമാനമെടുത്തു. 2016 വരെ സംസ്ഥാനത്ത് വിവിധ നദികളിലെ സാൻഡ് ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി

സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽനിന്നും പാരിസ്ഥിതിക അനുമതി ലഭിക്കുകയും മണൽ ഖനനം നടത്തിവരികയുമാണ് ചെയ്തത്. 2016-ൽ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് ഭേദഗതിക്ക് ഒരു നോട്ടിഫിക്കേഷൻ പ്രകാരം നദികളിൽനിന്നും മണൽ ഖനനം നടത്തുന്നതിന് ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട്, അംഗീകൃത മൈൻ പ്ലാൻ, ഫാറം നമ്പർ 1 എം-ലുള്ള അപേക്ഷ എന്നിവ നിർബന്ധമാക്കി. അതെല്ലാം ചെയ്തുവന്നിരുന്നതാണ്. 27-08-2018-ൽ DEIAA (District Environment Impact Assessment Authority)-കളുടെ പ്രവർത്തനം ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദുചെയ്യുന്ന അനുഭവമുണ്ടായി. അതുവരെ മണൽ ഖനനവുമായി മുന്നോട്ടുപോകാനാകുമായിരുന്നു. 2020-ൽ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ O.A. 40/2020 നമ്പർ കേസിൽ എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള DSR കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ എഡ്യൂക്കേഷൻ ട്രെയിനിംഗ് അല്ലെങ്കിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മൈനിംഗ് മേഖലയിൽ അംഗീകരിച്ചിട്ടുള്ള കൺസൽട്ടൻസികൾ മുഖേന

തയ്യാറാക്കണമെന്ന് പ്രത്യേകം പറഞ്ഞു. ഇതനുസരിച്ചുള്ള നടപടിക്രമങ്ങളിലേയ്ക്ക് പോകുകയല്ലാതെ എന്താണ് ചെയ്യാൻ കഴിയുക. NABET (National Accreditation Board for Education and Training) അംഗീകൃത ഏജൻസി മുഖേന തയ്യാറാക്കിയ DSR ഉൾപ്പെടുത്തി സമർപ്പിക്കാൻ 2021 ഫെബ്രുവരിയിൽ ചേർന്ന സ്റ്റേറ്റ് എൻവയോൺമെന്റ് അതോറിറ്റിയുടെ 107-ാമത് യോഗം തീരുമാനമെടുത്തു. അതനുസരിച്ച് O.A. 1/2021 നമ്പർ കേസ് പ്രകാരം ദേശീയ ഹരിത ട്രൈബ്യൂണൽ സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ ഖനനം സംബന്ധിച്ച് വിദഗ്ദ്ധ പരിശോധന നടത്തുകയും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 2016-ലെ Sustainable Sand Mining Management Guidelines-ഉം 2020-ലെ Enforcement and Monitoring Guidelines on Sand Mining എന്നിവ പാലിച്ച് DSR ഉൾപ്പെടെയുള്ളവ തയ്യാറാക്കി മണൽ ഖനനത്തിന് പാരിസ്ഥിതിക അനുമതി തേടണമെന്ന് 24-06-2021-ൽ വീണ്ടും വിധിക്കുന്ന സ്ഥിതിയുണ്ടായി. അത് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആയതുകൊണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും ഉള്ളതുകൊണ്ടുമല്ല. കേരളത്തിലെ റവന്യൂ വകുപ്പ് 32 നദികളിൽ ഇതുവരെ

സാൻഡ് ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. അതിന്റെ നിജസ്ഥിതി പറയാം. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ DSR തയ്യാറാക്കി പൊതുജനങ്ങളുടെ അഭിപ്രായത്തിനായി സമർപ്പിച്ചിരിക്കുയാണ്. മൂന്ന് മാസത്തിനുള്ളിൽ അങ്ങ് ഉൾപ്പെടുന്ന മലപ്പുറത്തും തൃശ്ശൂർ, പാലക്കാട് ജില്ലകളിലും മണൽ വാരൽ നേരത്തെ നിശ്ചയിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ക്രമീകരണത്തോടെ നടത്താം. രണ്ടാമതായി നിശ്ചയിച്ചിട്ടുള്ള DSR സമർപ്പിക്കേണ്ട ജില്ലകളിൽ അങ്ങയുടെ ജില്ലയായ കണ്ണൂരുമുണ്ട്. കോഴിക്കോടും കാസർഗോഡും ജില്ലകളുണ്ട്. ഇത് അവസാന ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. അവിടെയും DSR തയ്യാറാക്കി പൊതുജനാഭിപ്രായം തേടിയാൽ മണൽ ഖനനത്തിന് അനുമതി നൽകാം. അടുത്ത ഘട്ടം ഇടുക്കിയും എറണാകുളവും ജില്ലകളാണ്. അവിടെ നടപടികൾ നടന്നുവരികയാണ്. പത്തനംതിട്ടയിലും കോട്ടയത്തും നടക്കുകയാണ്. ഏറ്റവും അവസാനം കൊല്ലം ജില്ലയിൽ DSR പരിശോധന നടത്താനുള്ള ഏജൻസിയെ നിയമിക്കുക ഉൾപ്പെടെ ചെയ്തു.

<u>ശ്രീമതി സി. കെ. ആശ:</u> സർ, കോട്ടയം ജില്ലയുടെ കാര്യം പരാമർശിച്ചില്ല.

ശ്രീ. കെ. രാജൻ: ഞാൻ വളരെ കൃത്യമായി പറഞ്ഞു. അങ്ങ് ശ്രദ്ധിക്കാത്തതുകൊണ്ടാണെന്ന് കരുതുന്നു. കോട്ടയം അവസാനത്തെ ലിസ്റ്റിൽപ്പെട്ട ജില്ലയാണ്. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 2023 ഡിസംബർ മാസത്തിൽ നടപടിക്രമങ്ങൾ വരാനാണ് നേരത്തെ നിശ്ചയിച്ചത്. അങ്ങനെ നടത്താനുള്ള പ്രശ്നം, സാധാരണ പുഴകളിൽ DSR ഉണ്ടാക്കിയെടുക്കാൻ 12 മാസവും കഴിയില്ല. വെള്ളത്തിന്റെ ഒഴുക്കുള്ള സ്ഥലങ്ങൾ, ഒഴുക്കില്ലാത്ത സമയങ്ങൾ എല്ലാം വേർതിരിച്ച് ഒരു വർഷത്തിൽ 6 മാസമാണ് ഇത് ഏറ്റവും കൂടുതൽ സാദ്ധ്യമാകുക. അതുകൊണ്ട് മണൽ ഖനനത്തെക്കുറിച്ചുള്ള എല്ലാ സാദ്ധ്യതകളും പരിശോധിച്ച് നിയമപരമായി ദേശീയ ട്രൈബ്യൂണൽ തരുന്നതിനനുസരിച്ചുള്ള നടപടികളിലേയ്ക്ക് പോകാം. രണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ആർ.എം.എഫ്.-ന്റെ മലപ്പുറത്തെ സംഖ്യ എടുത്തുകൊണ്ടുപോയതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട അംഗം ശ്രീമതി സി. കെ. ആശ ഉൾപ്പെടെ അപ്പോൾ പറഞ്ഞതാണ്, ശ്രീ. എ. പി. അനിൽകുമാറിന് അത് മനസ്സിലായി. മറുപടി പറയേണ്ടെന്നായിരിക്കും സൂചിപ്പിക്കുന്നത്. ആരുടെ

കാലത്താണ് കൊണ്ടുപോയത്; മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകളിലെ പണമെടുത്ത് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച് നടപടിക്രമങ്ങളിലേയ്ക്ക് പോയത് അങ്ങ് ഇതിന് അവസരം കൊടുത്തുവെന്ന് പറഞ്ഞ മുഖ്യമന്ത്രി കേരളത്തിൽ ഉള്ളപ്പോൾ റവന്യൂ വകുപ്പുമന്ത്രി ഇതിന്റെ ചെയർമാനായിരിക്കുന്ന കാലത്താണ്. അത് തിരിച്ചുപിടിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. വളരെ വളരെ നാണക്കേടുള്ള കാര്യമാണത്. മലപ്പുറം ജില്ലയിലെ പാവപ്പെട്ടവർക്ക്, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽതന്നെ കൊടുത്തിട്ടുള്ള പാലം പണിയാൻ പറ്റാതിരിക്കുകയാണ്. എന്താണ് കാരണം; ആ കാശെടുത്ത് പത്തനംതിട്ട ജില്ലയിൽ പാലം പണിയുകയാണ്. ആളുകൾ ഇങ്ങനെയൊന്നും ആകരുത്. പൊതു കേരളത്തിനുവേണ്ടിയല്ലേ നമ്മൾ നിൽക്കുന്നത്. ആ കാര്യത്തെക്കുറിച്ച് കൂടുതൽ പറയാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ഇവിടെ പറഞ്ഞ രണ്ട് പ്രശ്നങ്ങൾക്കുകൂടി മറുപടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഒന്ന്, ബഹുമാനപ്പെട്ട അംഗം കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ പറഞ്ഞത് ഗൗരവകരമായ പ്രശ്നമാണ്. ഇവിടെ ഉന്നയിക്കപ്പെട്ട ഗൗരവമായ പ്രശ്നങ്ങളിലൊന്ന്, 27 എ പ്രകാരം,

ശ്രീ. കെ. യു. ജനീഷ്കുമാർ: പത്തനംതിട്ട ജില്ലയിൽ പാലം പണിതുവെന്ന് പറയരുത്. നിയമ തടസ്സം കാരണം ആ 3 പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കാതെ പാതിവഴിയിൽ കിടക്കുകയാണെന്നുള്ള വിവരംകൂടി പറയണം.

ശ്രീ. കെ. രാജൻ: ഞാൻ അത് ശരിവയ്ക്കുന്നു. പണിതു എന്നല്ല പണം വകമാറ്റിയെന്നാണ് ഉദ്ദേശിച്ചത്. ആ അർത്ഥത്തിൽതന്നെയാണ് പറഞ്ഞത്. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 27 എ പ്രകാരം പണം അടച്ചും അല്ലാതെയും ഭൂമി തരം മാറ്റുകയാണ്. അങ്ങനെ തരം മാറ്റിയാൽ വരുന്ന പ്രശ്നം, അത് റവന്യൂ രേഖകളിലേയ്ക്ക് മാറണം. റവന്യൂ രേഖകളിലേയ്ക്ക് മാറുന്ന നടപടി സർവ്വേയർമാരുടെ ഉൾപ്പെടെ കുറവുള്ളതുകൊണ്ട് താലൂക്കിൽ നടക്കുന്നില്ല. 27 സി പ്രവൃത്തി നടക്കുന്നില്ല. അങ്ങ് ഉൾപ്പെടെ ആ പരാതി എനിക്ക് നൽകിയതാണ്. നിങ്ങളുടെയെല്ലാം പരാതി കണ്ടുകൊണ്ടുതന്നെ 05-08-2023-ൽ ഒരു ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്. അത് ഈ സഭയുടെ മുമ്പാകെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. റവന്യൂ വകുപ്പിന്റെ ഉത്തരവ് നമ്പർ 2886/2023-ലെ പ്രധാനപ്പെട്ട കാര്യം ഞാൻ വായിക്കാം. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം

മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം തഹസിൽദാർ എൻഡോഴ്സ് ചെയ്ത് വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്. സബ് ഡിവിഷൻ ആവശ്യമില്ലാത്തത് എടുത്തുവയ്ക്കേണ്ടതില്ല.

(തുടരും.....)

P **10**.08.2023 RP-**SR** (**2**)

01.50- 02.00

(ശ്രീ. കെ. രാജൻ... തുടർച്ച)

സബ്ഡിവിഷൻ ആവശ്യമായുള്ള കേസുകളാണ് അതിനേക്കാൾ പ്രധാനം, ആർ.ഡി. ഓഫീസുകളിൽനിന്നുള്ള ഉത്തരവിനോടൊപ്പം തരംമാറ്റ അപേക്ഷയിലെ സ്കെച്ച് പകർപ്പുകൂടി നൽകേണ്ടതാണ്. ഇപ്രകാരം സബ്ഡിവിഷൻ ആവശ്യമായ കേസുകളിൽ ഒരാഴ്ചയ്ക്കകം സർവ്വേ നടത്താൻ സാധിക്കാത്ത താലൂക്കുകളിലെല്ലാംതന്നെ സബ്ഡിവിഷൻ നമ്പർ ReLIS (Revenue Land Information System) മുഖേനയുണ്ടാക്കി റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരമൊടുക്കി നൽകേണ്ടതും സ്കെച്ചിന്റെ പകർപ്പ് താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ മാതൃകയിൽ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം കേസുകളിൽ പിന്നീട് സർവ്വേ നടത്തേണ്ടതും സർവ്വേ പെന്റിംഗാണെന്ന വിവരം ReLIS-ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്. ഇനി സർവ്വേയറില്ലാത്തതിന്റെ പേരിൽ 10 ദിവസത്തിൽക്കൂടുതൽ റവന്യൂ രേഖകളിൽ മാറ്റം വരുത്താതിരിക്കുകയോ കരമൊടുക്കാതിരിക്കുകയോ ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയില്ല.

അങ്ങ് ഉൾപ്പെടെയുള്ളവർ പറഞ്ഞതിന്റെ ധാരണയുടെ അടിസ്ഥാനത്തിൽ 05-08-2023-ന് ശ്രദ്ധേയമായ ഇത്തരമൊരു നടപടി സ്വീകരിച്ചിരിക്കുകയാണ്.

വില്ലേജ് ഓഫീസുകളിൽ ജീവനക്കാരില്ലാത്ത പ്രശ്നവും ഇവിടെ ചർച്ച ചെയ്തു. അങ്ങ് ഉൾപ്പെടെ അറിയാൻവേണ്ടി പറയുകയാണ്. നമുക്ക് എൽ.ഡി./യു.ഡി. ടൈപ്പിസ്റ്റായി 398 പേരും ഓഫീസ് അസിസ്റ്റന്റുമാരായി 921 പേരുമുൾപ്പെടെ 1319 പേരെ ജില്ലാ കേന്ദ്രത്തിൽനിന്നെടുത്ത് ഒരു വില്ലേജിൽ ഒരാളെക്കൂടി അധികമായി നൽകാൻ കഴിയുന്ന വിധത്തിലുള്ള നടപടിക്രമങ്ങളെടുത്ത് 09-08-2023-ന് അതിന്മേൽ ഉത്തരവാകാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നുള്ള കാര്യംകൂടി സൂചിപ്പിക്കുകയാണ്.

ഞാൻ വിഷയത്തിലേയ്ക്ക് വന്ന് അവസാനിപ്പിക്കുകയാണ്. ഈ തരംമാറ്റൽ നടപടികൾക്ക്, നേരത്തെ സൂചിപ്പിച്ചതുപോലെ ആർ.ഡി.ഒ. എന്ന പദത്തിന് നിർവ്വചനം നൽകി. ഈ ആക്ടിൽ ആർ.ഡി.ഒ. (റവന്യൂ ഡിവിഷണൽ ഓഫീസർ) എന്നുപറയുന്നിടത്ത് സർക്കാർ നിർദ്ദേശിക്കുന്ന ഡെപ്യൂട്ടി കളക്ടർകൂടി ആകാമെന്ന നിർദ്ദേശം വരുമ്പോൾ യഥാർത്ഥത്തിൽ

വലിയ മാറ്റമുണ്ടാകും. വലിയ മാറ്റമുണ്ടാകുമെന്ന് പറഞ്ഞാൽ, ഞാനിപ്പോൾ ബഹുമാനപ്പെട്ട ഏറനാട് അംഗം പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ പരിശോധിച്ചു. നമ്മൾ തയ്യാറാക്കിയ ഇപ്പോഴത്തെ കണക്കനുസരിച്ച് ഏറനാട് താലൂക്കിൽ ഒരു ഡെപ്യൂട്ടി കളക്ടറെ ഇതിനുവേണ്ടി ചുമതലപ്പെടുത്തിയാൽ നിലനിൽക്കുന്ന അകെയുള്ള എണ്ണത്തിൽ ഏറനാട് താലൂക്കിൽ നമുക്ക് തരം മാറ്റേണ്ടിവരാൻ ആ ഡെപ്യൂട്ടി കളക്ടറുടെ മുന്നിൽ വരുന്നത് കേവലം 2235 അപേക്ഷകൾ മാത്രമാണ്. ബാക്കി പല താലൂക്കുകൾക്കായി വിഭജിച്ച് കൊടുക്കാൻ കഴിയും. ഒരു താലൂക്കിന്റെ ചുമതല ഒരു ഡെപ്യൂട്ടി കളക്ടർക്ക് ഈ തരംമാറ്റ നടപടികളിലുണ്ടായാൽ കേവലം 6 മാസത്തിനുള്ളിൽ ഓൺഗോയിംഗ് ആയ വിധത്തിൽ ഈ നടപടിക്രമങ്ങളെ മാറ്റിയെടുക്കാൻ നമുക്ക് കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അങ്ങനെ വരുമ്പോൾ ഭൂമി കൈമാറ്റമുൾപ്പെടെ ആർ.ഡി.ഒ.-യ്ക്ക് നേരിട്ട് നിർവ്വഹിക്കേണ്ടിവരുന്ന ഇരുപത്തിയഞ്ചോളം ചുമതലകളിൽ കൂടുതൽ വ്യാപൃതനാകാൻ ആർ.ഡി.ഒ. ആയി ഇപ്പോൾ ഒരു ജില്ലയുടെ പകുതി ഭാഗം കൈകാര്യം ചെയ്തിരുന്ന ഒരു ഉദ്യോഗസ്ഥന് ഒരു താലൂക്കിന്റെ മാത്രം ചുമതലക്കാരനായി ഇക്കാര്യത്തിൽ പ്രവർത്തിക്കേണ്ടി വരികയുള്ളൂ. ജില്ലാ

ഭരണകൂടത്തെയും അതുപോലെത്തന്നെ അദ്ദേഹത്തിന് ചുമതലപ്പെട്ട മറ്റ് വകുപ്പുകളെയും സമഗ്രമായ വിധത്തിൽ സഹായിക്കാൻ ഈ നടപടിക്രമങ്ങൾകൊണ്ട് സാധിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ഭേദഗതി ചർച്ച ചെയ്ത എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പംതന്നെ ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയിവരുന്ന ഘട്ടത്തിലും ചർച്ച ചെയ്യാം. ഒരുകാര്യത്തിൽ അർത്ഥശങ്കക്കിടയില്ലാത്തവിധം ഈ സഭയെ ബോധ്യപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ഇനി ഭൂമി നികത്തപ്പെട്ട കേസുകളിൽ റെസ്റ്റോറേഷൻ നടപടികൾക്കുവേണ്ടി ഗവൺമെന്റ് ഉത്തരവിട്ട സ്ഥലങ്ങളിൽ അതിന് ആളില്ലാത്തതുകൊണ്ടോ സൗകര്യമില്ലാത്തതുകൊണ്ടോ നടപ്പിലാക്കപ്പെടാതിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകില്ല. കേരളത്തിൽ ഇതിനകം, ബഹുമാനപ്പെട്ട പി. കെ. ബഷീർ പറഞ്ഞതുപോലെ, ചില കുറവുകളുണ്ടായിട്ടുണ്ട് എന്നുള്ളത് മനസ്സിലാക്കുമ്പോൾത്തന്നെ സെക്ഷൻ 13 പ്രകാരം restore ചെയ്യപ്പെടാൻ ഇതിനകം ബഹുമാനപ്പെട്ട ജില്ലാ കളക്ടർമാർ ഏതാണ്ട് 974 കേസുകൾ ഇപ്പോൾ സർക്കാരിന്റെ മുമ്പിൽ കൊണ്ടുവന്നിട്ടുണ്ട്.

പ്രസ്തുത കേസുകളിലായി അനധികൃതമായി ഇട്ട ഭൂമി എടുത്തുമാറ്റാൻ ഏകദേശം 14,65,28,950 രൂപ ചെലവ് വരുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഇക്കാര്യം ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അതിൽ സർക്കാരിന് ഒരേ അഭിപ്രായമാണുള്ളത്. സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ ഒരേ അഭിപ്രായമാണ്. അതുകൊണ്ട് മറ്റൊന്നും കൂടുതലായി രേഖപ്പെടുത്താനില്ല. ഇങ്ങനെയുള്ള നടപടികളിലൂടെ ഇതിന്റെ ഓപ്പറേഷൻ പാർട്ടിനെ കുറേക്കൂടി സമ്പന്നമാക്കാൻ അനുവാദം നൽകണം. ഇത് സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന കാര്യത്തിൽ ഒരു അംഗീകാരം നൽകണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുകയാണ്.

(മി. സ്പീക്കർ)

P 10.08.2023 RP-SR (2)
01.50- 02.00

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2023-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ബിൽ നമ്പർ ii)

P 10.08.2023 RP-SR (2)
01.50- 02.00

(ii) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വളരെ ചെറിയൊരു ഭേദഗതിയാണിത്. രാജ്യത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ദേശീയ മെഡിക്കൽ കൗൺസിലിന് പകരം നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽ വന്നതോടുകൂടി അതുമായി ബന്ധപ്പെട്ട് 2017-ൽ കേരള നിയമസഭ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനത്തിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിന്, പ്രത്യേകിച്ച് പിന്നാക്ക വിഭാഗങ്ങളിലും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുമുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനും അതോടൊപ്പം ഫീസ് നിയന്ത്രിക്കുന്നതിനുമായി ബന്ധപ്പെട്ട് കൊണ്ടുവന്ന നിയമമാണ്. 2019-ലാണ് അതിനൊരു ഭേദഗതി കൊണ്ടുവരുന്നത്. 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ആക്ട് പ്രകാരം അതുവരെയുണ്ടായിരുന്ന പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിയെ പ്രവേശന മേൽനോട്ട സമിതിയായും ഫീസ് നിയന്ത്രണ സമിതിയായും രണ്ടായി വിഭജിച്ചു. 2019 ജൂൺ മാസം 30-ാം തീയതി എസ്.ആർ.ഒ. നമ്പർ 428/2019, എസ്.ആർ.ഒ.

നമ്പർ 430/2019 എന്നിവ പ്രകാരമാണ് റിട്ടയേർഡ് ജസ്റ്റീസ് ശ്രീ. ആർ. രാജേന്ദ്രബാബു ചെയർമാനായ സമിതി പ്രവേശന മേൽനോട്ട സമിതിയും ഫീസ് നിയന്ത്രണ സമിതിയും രൂപീകരിക്കപ്പെട്ടത്. ഈ ആക്ടിന്റെ നാലാം വകുപ്പുപ്രകാരം എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള സമിതിയിലെ എല്ലാ അംഗങ്ങളെയും കാലാവധി നോട്ടിഫിക്കേഷൻ തീയതി മുതൽ മൂന്ന് വർഷക്കാലയളവ് വരെയാണ്. അപ്രകാരം ചെയർമാന്റെ കാലാവധി 2022 ജൂൺ മാസത്തിൽ കഴിഞ്ഞു. അതിനുശേഷം നോട്ടിഫിക്കേഷനിലൂടെ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജ് ശ്രീ. കെ. കെ. ദിനേശനെ ചെയർമാനായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനോടനുബന്ധിച്ച് 2019-ലെ ഭേദഗതി ആക്ടിന്റെ 3-ാം വകുപ്പ് 3 (എ) വകുപ്പുമനുസരിച്ച് പ്രവേശന സമിതിയിലെയും ഫീസ് നിയന്ത്രണ സമിതിയിലെയും അംഗങ്ങളെ നിശ്ചയിക്കുന്നതിന് ഗസറ്റ് വിജ്ഞാപനം വഴി അത് നോട്ടിഫൈ ചെയ്യേണ്ടതായിട്ടുണ്ട്. പ്രവേശന മേൽനോട്ട സമിതിയിൽ ചെയർപേഴ്സൺ, അതായത് റിട്ടയേർഡ് ജഡ്ജ്, മെമ്പർ സെക്രട്ടറി, വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പുസെക്രട്ടറി എന്നിവരോടൊപ്പം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മെഡിക്കൽ

കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധിയുമുണ്ട്. അതുപോലെ ഫീസ് നിർണ്ണയ സമിതിയിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധിയുണ്ട്. ഈ രണ്ട് സമിതികളിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധി എന്നതിനുപകരം, മെഡിക്കൽ കമ്മീഷൻ നിലവിൽവന്ന സാഹചര്യത്തിൽ, സർക്കാർ ശിപാർശ ചെയ്യുന്ന നാഷണൽ മെഡിക്കൽ കമ്മീഷനിലെ അംഗം എന്ന് മാറ്റേണ്ടതായിട്ടുണ്ട്. ഇതാണ് ഭേദഗതി. ഈ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് സഭയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, വളരെ ചെറിയൊരു ഭേദഗതിയാണെങ്കിലും അനിവാര്യമായിട്ടുള്ള ഒരു ഭേദഗതിയാണ്. വളരെ

സൂക്ഷ്മതയോടെയും ജാഗ്രതയോടെയും ഗവൺമെന്റും മന്ത്രിയുമെല്ലാം ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നു എന്നതാണ് മനസ്സിലാക്കുന്നത്. 2019-ലെ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്റ്റിന്റെ 60-ാം വകുപ്പുപ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിലാണ് 1956-ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ് റദ്ദാക്കപ്പെട്ടിട്ടുള്ളത്. പകരം നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽ വരികയുണ്ടായി. അതിന്റെ ഭാഗമായി 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ആണ് ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. എച്ച്. കുഞ്ഞമ്പു)

മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും ഗവൺമെന്റ് വളരെ ജാഗ്രതയോടെ മുന്നോട്ടുപോകുന്നൊരു സമയമാണിത്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ആരെയും അതിശയിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്നൊരു മുന്നേറ്റമാണ് ഈ കാലയളവിൽ നമുക്ക് നേടിയെടുക്കാൻ സാധിച്ചത്. പ്രമുഖരായ പ്രതിപക്ഷനിരയിലെ അംഗങ്ങൾ ഇന്നലെ ഇവിടെ സംസാരിക്കുമ്പോൾ നമ്മുടെ കുട്ടികളെല്ലാം വിദ്യാഭ്യാസത്തിനായി

വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നുവെന്ന നിലയിലുള്ള ഒരു ചർച്ച ഉയർത്തിക്കൊണ്ടുവരികയുണ്ടായി. സർക്കാർ സീറ്റുകളിൽ അഡ്മിഷൻ ലഭിക്കുന്ന ഒരു വിദ്യാർത്ഥിപോലും നമ്മുടെ സംസ്ഥാനം വിട്ടുപോകുന്നില്ലെന്ന് ആ ഘട്ടത്തിൽതന്നെ ഇവിടെ പറയുകയും ചെയ്തു. അത്തരത്തിൽ മെച്ചപ്പെട്ടൊരു വിദ്യാഭ്യാസമാണ് ആ രംഗത്ത് കേരളത്തിൽ നൽകുന്നത്. ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകത്തക്ക നിലയിലുള്ള സീറ്റുകൾ നമ്മുടെ കേരളത്തിലില്ല. ആയതിനാൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണം. അതിനായി സമാനതകളില്ലാത്ത നിലയിലുള്ള തീരുമാനമാണ് ഇപ്പോൾ ഗവൺമെന്റും ആരോഗ്യവകുപ്പും കൈക്കൊണ്ടിരിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 2016 വരെ 1100 എം.ബി.ബി.എസ്. സീറ്റുകളായിരുന്നു കേരളത്തിലുണ്ടായിരുന്നത്. എന്നാൽ ഇപ്പോഴത് 1655 സീറ്റുകളായി വർദ്ധിച്ചിരിക്കുകയാണ്. കേരള സംസ്ഥാനം രൂപീകരിച്ച് ആറര പതിറ്റാണ്ടുകൊണ്ട് 455 സീറ്റുകളുടെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. കേരളത്തിലെ എം.ബി.ബി.എസ്. സീറ്റുകളുടെ കാര്യത്തിൽ ഗവൺമെന്റിന് വലിയ നിലയിലുള്ളൊരു മാറ്റം സൃഷ്ടിക്കുവാൻ സാധിച്ചു. കൊല്ലം, ഇടുക്കി,

കോന്നി ഉൾപ്പെടെ മൂന്ന് മെഡിക്കൽ കോളേജുകൾ, കണ്ണൂർ മെഡിക്കൽ കോളേജ് ഏറ്റെടുത്ത് സർക്കാർ മേഖലയിലെത്തിച്ച പ്രവർത്തനം ഇവയെല്ലാം വലിയ നിലയിലുള്ള മാറ്റം സൃഷ്ടിച്ചു. എം.ബി.ബി.എസ്. സീറ്റിൽ മാത്രമല്ല; നഴ്സിംഗിനുവേണ്ടി വിദ്യാർത്ഥികൾ പുറത്തുപോകുന്നുവെന്ന വിഷയത്തിലും ഇപ്പോൾ ചർച്ച നടക്കുന്നുണ്ട്. ഏറെ പ്രതിസന്ധി നിറഞ്ഞ ഈ ഘട്ടത്തിലും ഗവൺമെന്റ് എങ്ങനെയാണ് മെഡിക്കൽ വിദ്യാഭ്യാസ മേഖലയെ കാണുന്നതെന്നുള്ളതിന് തെളിവാണ് പുതിയതായി ആറ് നഴ്സിംഗ് കോളേജുകൾക്ക് ഗവൺമെന്റ് ഇപ്പോൾ അനുമതി നൽകിയിട്ടുള്ളത്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കഴിഞ്ഞ ദിവസം നടന്ന ചർച്ചകളിലെല്ലാം നിരവധി വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലേയ്ക്ക് പഠിക്കാൻ പോകുന്നുണ്ടെന്ന് ഇവിടെ പറയുകയുണ്ടായി. അത് ഇന്ത്യയുടെ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേവലം രണ്ടുമുതൽ മൂന്ന് ശതമാനം മാത്രം വിദ്യാർത്ഥികളാണ് കേരളത്തിൽനിന്നും വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നതെന്ന വിവരം അങ്ങേയ്ക്ക് അറിവുള്ളതാണോ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഈ യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ തന്നെയാണ് പ്രതിപക്ഷനിരയിൽനിന്നും ഇത്തരം

തെറ്റിദ്ധാരണ പരത്തുന്ന നിലയിലുള്ള പ്രചരണങ്ങൾ സംഘടിപ്പിക്കുന്നത്. 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നഴ്സിംഗ് വിദ്യാഭ്യാസ മേഖലയിൽ 435 സീറ്റുകളായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ പുതിയതായി അനുവദിച്ച ആറ് നഴ്സിംഗ് കോളേജുകളിലുൾപ്പെടെ സർക്കാർ സ്ഥാപനങ്ങളിൽ പഠിക്കാനായി 1047 സീറ്റുകൾ ഈ ഗവൺമെന്റ് ഇടപെട്ടതിന്റെ ഭാഗമായി നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ലഭിക്കുകയുണ്ടായി. ആറര പതിറ്റാണ്ടുകൊണ്ട് കൊണ്ടുവന്ന 435 സീറ്റുകളുടെ ഇരട്ടിയാവട്ടെ. ഇരട്ടിയുമല്ല.. ഇരട്ടിയായാൽതന്നെ 870 സീറ്റുകൾ മാത്രമെ വരൂ. ഇത് 1047 സീറ്റുകൾ എന്ന നിലയിലേയ്ക്ക് മാറ്റപ്പെട്ടിരിക്കുകയാണ്. അത് വളരെ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നൊരു മാറ്റമാണ്. ഇതിന് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനെയും ആരോഗ്യ വകുപ്പിനെയും ഞാൻ അങ്ങേയറ്റം പ്രശംസിക്കുകയാണ്. എന്റെ ഒരു അനുഭവം കോന്നി മെഡിക്കൽ കോളേജ് സംബന്ധിച്ചാണ്. കോന്നി മെഡിക്കൽ കോളേജ് അസാധ്യമെന്ന് വിലയിരുത്തപ്പെട്ടതാണ്. ഈ ഗവൺമെന്റിന്റെയും ആരോഗ്യ വകുപ്പിന്റെയും വളരെ സൂക്ഷ്മതയോടെയും ജാഗ്രതയോടെയുമുള്ള ഇടപെടലിന്റെ ഭാഗമായിട്ടാണ് ഇത്തവണ അവിടെ നാഷണൽ മെഡിക്കൽ കമ്മീഷന്റെ

അംഗീകാരം ലഭിച്ചതും നൂറ് സീറ്റിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതും ഇത്തവണ രണ്ടാമത്തെ ബാച്ചിനുള്ള അനുമതി ലഭ്യമാക്കിയതുമെല്ലാം. നാഷണൽ മെഡിക്കൽ കമ്മീഷന്റെ പരിശോധനയിൽ പോരായ്മകൾ കണ്ടുപിടിക്കുന്നതിനുവേണ്ടിയാണ് അവർ ശ്രമിച്ചത്. പക്ഷേ, ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ആഴ്ചയിലൊരിക്കൽ റിവ്യൂ നടത്തുകയും സ്പെഷ്യൽ ടീമിനെ നിയോഗിച്ച് പോരായ്മകൾ എല്ലാം പരിഹരിക്കാൻവേണ്ടി നടത്തിയ ഒരു വലിയ ഇടപെടലിന്റെയും ഭാഗമായിട്ടാണ് ആ മെഡിക്കൽ കോളേജ് യാഥാർത്ഥ്യമായിട്ടുള്ളത്. അതുമാത്രമല്ല, അസാധ്യമെന്ന് കരുതിയ കോന്നി മെഡിക്കൽ കോളേജ് സാധ്യമാക്കാൻ പ്രതിസന്ധി സമയത്തും ഈ ഗവൺമെന്റ് കിഫ്ബിയിൽനിന്ന് 350 കോടി രൂപയാണ് അനുവദിച്ചത്. പുതിയ ആശുപത്രി ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക്, ഓഡിറ്റോറിയം, മറ്റ് ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും വളരെ വേഗത്തിൽ അവിടെ സൃഷ്ടിക്കാൻ സാധിച്ചു. 80 കോടി രൂപയ്ക്കാണ് അത്യാധുനിക നിലയിലുള്ള ഉപകരണങ്ങളെല്ലാം അവിടെ എത്തിച്ചുകൊണ്ട് വളരെ വേഗം ആ മെഡിക്കൽ കോളേജിനെ വികസിപ്പിച്ചെടുത്തത്. ഇതിന് വളരെ ജാഗ്രതയോടെ നേതൃത്വം കൊടുക്കുന്ന

ഗവൺമെന്റിനെയും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെയും ആരോഗ്യവകുപ്പിനെയുമെല്ലാം പ്രശംസിക്കാനുള്ളൊരു അവസരം കൂടിയാക്കി ഞാൻ ഈ ചർച്ചയെ മാറ്റുകയാണ്. കോന്നി മെഡിക്കൽ കോളേജിന്റെ വിഷയം മാത്രമല്ല, ഇടുക്കി മെഡിക്കൽ കോളേജിന്റെ സ്ഥിതി എന്തായിരുന്നു? 2014-ൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചെങ്കിലും അതിനുശേഷം ആ മെഡിക്കൽ കോളേജ് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരമില്ലാതെ റദ്ദ് ചെയ്യപ്പെടുകയാണുണ്ടായത്. രണ്ട് വർഷം പ്രവേശിച്ച വിദ്യാർത്ഥികൾപോലും പെരുവഴിയിലാകുന്ന സ്ഥിതിയായിരുന്നു. ആ വിദ്യാർത്ഥികൾ അന്നത്തെ ഗവൺമെന്റിനെ വിശ്വസിച്ച് അഡ്മിഷൻ എടുത്തവരാണ്. 2016-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുതന്നെ ആ മെഡിക്കൽ കോളേജിന്റെ അംഗീകാരം റദ്ദാക്കപ്പെട്ടു. അതിനുശേഷം അധികാരത്തിൽവന്ന ഇടതുപക്ഷ ഗവൺമെന്റ് നാഷണൽ മെഡിക്കൽ കമ്മീഷന്റെ പ്രത്യേക അനുമതിയോടുകൂടി ഈ വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേയ്ക്കാണ് പ്രവേശിപ്പിച്ചത്. ഇടുക്കി മെഡിക്കൽ കോളേജ് അടച്ചുപൂട്ടുമെന്ന് പറഞ്ഞു, പക്ഷെ, ഇടുക്കി മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിനായിരുന്നു ഈ ഗവൺമെന്റ്

പരിശ്രമിച്ചത്. എല്ലാ പോരായ്മകളും പരിഹരിച്ചും പുതിയ കെട്ടിടങ്ങൾ ഉൾപ്പെടെ നിർമ്മിച്ചുകൊണ്ടുമാണ് ഇടുക്കി മെഡിക്കൽ കോളേജ് യാഥാർത്ഥ്യത്തിലെത്തിയത്. അവിടെ കഴിഞ്ഞ വർഷം 100 സീറ്റിന് അനുമതി ലഭ്യമാക്കി വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും ജാഗ്രതയോടുകൂടിയുള്ള ഇടപെടലിന്റെ ഭാഗമായി ഒരു വർഷം 200 വിദ്യാർത്ഥികൾക്കാണ് പുതിയതായി എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിച്ചത്. ഇന്ത്യയിലെ മറ്റ് ഏതൊരു സംസ്ഥാനത്തിന് ഇത് അവകാശപ്പെടാൻ കഴിയും? കേരളത്തിൽ നടന്നിട്ടുള്ള മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ഈ അത്ഭുതം ചർച്ച ചെയ്യാൻ കേരളത്തിലെ മാധ്യമങ്ങളൊന്നും തയ്യാറായിട്ടില്ല. പക്ഷെ, ഈ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെല്ലാം കേരളത്തിലെ പൊതുസമൂഹം കാണുന്നുണ്ട്. നമ്മുടെ മെഡിക്കൽ കോളേജുകളിൽ മാനുഷികമായി സംഭവിക്കാവുന്ന പിഴവുകൾ പർവ്വതീകരിക്കാൻ വലിയ ജാഗ്രത കാട്ടുന്ന ആളുകൾ അതെല്ലാം ഉയർത്തിക്കൊണ്ടുവരണം. പക്ഷെ, എന്തുകൊണ്ട് കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ സംഭവിക്കുന്ന ഈ വലിയ വികസനമുന്നേറ്റം ചർച്ച ചെയ്യപ്പെടുന്നില്ല. എന്തുകൊണ്ടാണ് കേരളത്തിലെ

പ്രതിപക്ഷം അത് കാണാതെ പോകുന്നത്? ഞാൻ സൂചിപ്പിച്ച മെഡിക്കൽ കോളേജുകൾ മാത്രമല്ല, തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള മെഡിക്കൽ കോളേജുകളെടുത്താൽ ഈ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അത്ഭുതപൂർവ്വമായ വികസനമല്ലേ അവിടെയെല്ലാം നടന്നത്; തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.ജി. സീറ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞില്ലേ? 100 ഐ.സി.യു. കിടക്കകളുള്ള പുതിയ ബ്ലോക്കുൾപ്പെടെ കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികളാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്നുകൊണ്ടിരിക്കുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ ചെലവഴിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കാണ് യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുന്നത്. തൊട്ടപ്പുറത്ത് 200 സൂപ്പർ സ്പെഷ്യാലിറ്റി കിടക്കകൾ സജ്ജീകരിക്കുന്നു. 50 കോടി രൂപയുടെ ഐ.സി.യു. കിടക്കകൾ സജ്ജീകരിക്കുന്നു, 30 കോടി രൂപയുടെ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഒരു മെഡിക്കൽ കോളേജിലാണ് ഞാൻ വിവരിച്ച എല്ലാ പണവും ചെലവഴിക്കുന്നത്. ഇതിനുമുമ്പ് കേരളത്തിൽ അങ്ങനെയൊരു സ്ഥിതിയുണ്ടായിട്ടുണ്ടോ?

ഇത്രമാത്രം ഏതെങ്കിലും ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന ഒന്നോ, രണ്ടോ, മൂന്നോ മാക്സിമം അഞ്ച് കോടി രൂപയായിരുന്ന അതുവരെയുള്ള കേരളത്തിലെ മെഡിക്കൽ കോളേജുകൾക്ക്/ആരോഗ്യമേഖലയ്ക്ക്/വിദ്യാഭ്യാസ മേഖലയ്ക്ക് മാറ്റിവയ്ക്കപ്പെട്ടിരുന്നതെങ്കിൽ ഒരു മെഡിക്കൽ കോളേജിനാണ് 500 കോടിയോളം രൂപ ചെലവഴിക്കുന്ന നിലയിൽ വികസന പദ്ധതികൾ നടത്തിക്കൊണ്ടിരിക്കുന്നത്. കൊല്ലം മെഡിക്കൽ കോളേജിൽ നഴ്സിംഗ് കോളേജുകൂടി അനുവദിച്ചിരിക്കുകയാണ്. കാത്ത് ലാബ് ഉൾപ്പെടെയുള്ള മറ്റെല്ലാ സംവിധാനങ്ങളും അവിടെയും ഒരുങ്ങുകയാണ്. കോട്ടയം മെഡിക്കൽ കോളേജിൽ 268 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, പകർച്ചവ്യാധികൾക്ക് 10 കോടി രൂപയുടെ പ്രത്യേക ബ്ലോക്ക്, 36 കോടി രൂപയുടെ കാർഡിയോളജി ബ്ലോക്ക്, 136 കോടി രൂപയുടെ മറ്റു വികസന പദ്ധതികളെല്ലാം അവിടെയും നടക്കുകയാണ്. ഞാൻ എല്ലാ മെഡിക്കൽ കോളേജുകളുടേയും സ്ഥിതിയെടുത്ത് ചർച്ച ചെയ്ത് സമയം ദീർഘിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല. 285 കോടി രൂപയുടെ വികസനമാണ് എറണാകുളം കളമശ്ശേരിയിലെ മെഡിക്കൽ കോളേജിൽ നടന്നുകൊണ്ടിരിക്കുന്നത്. തൃശ്ശൂരും മഞ്ചേരിയിലും കോഴിക്കോട്ടും കണ്ണൂരും കാസർഗോഡുമെല്ലാം

മെഡിക്കൽ കോളേജുകൾക്ക് വലിയ നിലയിലുള്ള വികസന പദ്ധതികളാണ് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നത്. അവിടെയെല്ലാമെത്തുന്ന മെഡിക്കൽ വിദ്യാർത്ഥികൾക്ക് മാത്രമല്ല, സാധാരണ ആളുകൾക്കും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ സ്വകാര്യ ആശുപത്രിയെക്കാൾ മെച്ചപ്പെട്ട എല്ലാ ഭൗതിക സൗകര്യങ്ങളും ഒരുക്കുന്നതിനുവേണ്ടിയുള്ള വളരെ ജാഗ്രതയോടെയും ദീർഘവീക്ഷണത്തോടെയുമുള്ള ഇടപെടലാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ മാത്രമല്ല, നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാകെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിക്കൊണ്ട്, കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾവരെ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ നിലയിലും വലിയ മാറ്റങ്ങൾ നടന്നുക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് ഈ ബില്ലിന്റെ ഭേദഗതി സംബന്ധിച്ച ചർച്ചയും ഇവിടെ ഉയർന്നുവരുന്നത്. ഇതിനെല്ലാം നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയേയും ആരോഗ്യ വകുപ്പിനേയും അങ്ങേയറ്റം അഭിനന്ദിച്ചുകൊണ്ട് ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, 2023-ലെ കേരള മെഡിക്കൽ

വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ മുന്നിൽ വന്നിട്ടുള്ള ഈ ബിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ചെറിയൊരു തിരുത്തലിനുവേണ്ടിയുള്ളതാണ്. ഈ ബിൽ നമ്മുടെ മുന്നിൽ വരുമ്പോൾ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം തീർത്തും നിർഗുണമായ കാര്യങ്ങളാണ്. ഇത് ജനങ്ങളെ ബാധിക്കുന്നൊരു വിഷയമല്ല, സർക്കാരിന്റെ ഔദ്യോഗികതലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ചില വിഷയങ്ങളാണ്. എന്നാൽ, ഈ മേഖലയിലെ ചില വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. കേരളത്തിൽ പാവങ്ങളായ ആളുകൾക്ക് ഇന്ന് മെഡിക്കൽ പഠനം നിഷേധിക്കപ്പെടുന്ന സാഹചര്യമാണുള്ളതെന്ന് നമുക്കറിയാം. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന പാവങ്ങളായ ആളുകൾക്ക് മെഡിക്കൽ വിദ്യാഭ്യാസം ആഗ്രഹിച്ചാൽപോലും അവിടെ വലിയ തുക ഫീസും അതുപോലെ തന്നെ കോഴയും കൊടുക്കേണ്ട സാഹചര്യമുള്ളതുകൊണ്ട് സർക്കാർ തന്നെ

'സംഭാവന' എന്ന ഓമനപ്പേരിട്ടുകൊണ്ടാണ് അതിനെ വിളിക്കുന്നത്. ഔദ്യോഗികമായി സംഭാവന വാങ്ങാൻ പെർമിഷൻ കൊടുത്തിട്ടുണ്ട്. ഒരു കോടി രൂപ വരെയാണ് ചില സ്ഥാപനങ്ങൾ എം.ബി.ബി.എസ്. സീറ്റിന് വാങ്ങുന്നതെന്നാണ് കേട്ടറിവ്. ഇങ്ങനെയുള്ളൊരു കാലഘട്ടത്തിലാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് നമ്മൾ ചർച്ചയ്ക്ക് വന്നിരിക്കുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം ഇവിടെ വിരളമാണ്. ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ 12 എണ്ണവും സ്വാശ്രയ മേഖലയിൽ 19 എണ്ണവുമാണുള്ളത്. സർക്കാർ മേഖലയിലെ സീറ്റുകൾ 1400 എണ്ണമാണെങ്കിൽ സ്വാശ്രയ മേഖലയിൽ 2450 സീറ്റുകളാണുള്ളത്. ഒന്നോരണ്ടോ മാർക്ക് കുറഞ്ഞാൽ പാവപ്പെട്ട കുട്ടികൾക്ക് പ്രവേശനം ലഭിക്കാതെ പോകുന്ന സാഹചര്യമാണുള്ളത്. കേരളത്തിലെ സ്വാശ്രയ മേഖലയ്ക്ക് എതിരായി സമരം നയിച്ചവരാണ് നിങ്ങളെന്ന് ഇടതുപക്ഷ സുഹൃത്തുക്കൾ ആലോചിക്കണം. കൂത്തുപറമ്പിൽ അഞ്ച് സഖാക്കളുടെ മരണം നിങ്ങൾക്ക് മറക്കാൻ കഴിയുമെങ്കിലും ഞങ്ങൾക്ക് അത് മറക്കാൻ കഴിയില്ല. സ്വാശ്രയ കോളേജുകൾക്കെതിരെയുള്ള സമരത്തിൽ യുവജനകേരളത്തിന്റെ ഭാഗമായിരുന്ന അഞ്ച് ചെറുപ്പക്കാരെ കൊലയ്ക്ക്

കൊടുത്തവരാണ് നിങ്ങൾ. 1982-ൽ കേരളത്തിൽ പ്രമാദമായൊരു സമരം നടന്നു. അതായിരുന്നു, മെഡിക്കോസ് സമരം. എന്തായിരുന്നു മെഡിക്കോസ് സമരം? സ്വകാര്യമേഖലയിലെ ഒരു സ്ഥാപനത്തിന് അംഗീകാരം കൊടുക്കാൻ കരുണാകരൻ ഗവൺമെന്റിന്റെ കാലത്ത് തീരുമാനമെടുത്തപ്പോൾ അത് പാടില്ലെന്ന് പറഞ്ഞ് സമരം നടത്തുകയും നൂറുകണക്കിന് വാഹനങ്ങൾ അടിച്ചുതകർക്കുകയും ചെയ്ത സാഹചര്യമുണ്ടായിരുന്നു. എസ്.എഫ്.ഐ.യുടെ പ്രതിനിധികളുള്ള ഒരു സഭയ്ക്കകത്താണല്ലോ നമ്മൾ ഈ ചർച്ചയ്ക്ക് വന്നിരിക്കുന്നത്. അന്ന് അതിനോടനുബന്ധിച്ച് ഒന്ന് രണ്ട് മെഡിക്കൽ കോളേജുകളിൽ മാത്രമായി 25 സീറ്റുകളുടെ വർദ്ധനവുണ്ടായി. അന്ന് എസ്.എഫ്.ഐ.ക്കാരും സി.പി.ഐ.(എം) അടക്കമുള്ളവർ ചോദിച്ചത് 'എന്തിനാണ് ഇത്രയും ആളുകളെ മെഡിക്കൽ വിദ്യാഭ്യാസം കൊടുത്തുപുറത്ത് വിടുന്നത്?' എന്നായിരുന്നു. 'തൊഴിലില്ലാപടയുടെ കൂട്ടത്തിൽ ഡോക്ടർമാരേയും ഉൾപ്പെടുത്താനാണോ?' എന്ന് ചോദിച്ച ആളുകളാണ് നിങ്ങൾ. നിങ്ങൾ ഇപ്പോൾ ഇതിന് വിശേഷണങ്ങൾ പറയുകയാണ്. സ്വാശ്രയ കോളേജുകൾ കൊണ്ട് കുട്ടികളുടെ എണ്ണം വർദ്ധിച്ചത് സംബന്ധിച്ച് നിങ്ങൾ പറയുമ്പോൾ

ഞാൻ അത്ഭുതപ്പെട്ടു പോകുകയാണ്. ഇവിടെ ശ്രീ. കെ. യു. ജനീഷ് കുമാർ പറഞ്ഞത് വളരെ ശരിയാണ്. ഈ മേഖല നമുക്ക് അത്ഭുതപ്പെടുത്തുന്ന സംഗതി തന്നെയാണ്, നിങ്ങളുടെ ഈ മാറ്റം. കാരണം ഇപ്പോൾ സ്വാശ്രയ കോളേജിനെക്കൂടി ഉൾപ്പെടുത്തിയുള്ള സീറ്റിന്റെ എണ്ണം പഠിക്കാൻ കിട്ടിയ അവസരത്തിലും നിങ്ങൾ അഭിമാനം കൊള്ളുകയാണ്. അതിനിടയിൽ, ഇവിടെ നിന്നും മൂന്നുനാല് ശതമാനം വിദ്യാർത്ഥികളല്ലേ പുറത്തുപോകുന്നത് എന്ന് എന്റെയൊരു സുഹൃത്ത് ചോദിച്ചു. ഇന്ത്യയിൽനിന്നും വിദ്യാഭ്യാസത്തിനായി പുറത്തുപോകുന്ന മൊത്തം കുട്ടികളുടെ മൂന്നോ നാലോ ശതമാനം മാത്രമേ ഇന്ന് കേരളത്തിൽ നിന്നുള്ളൂവെന്ന് എന്റെ സുഹൃത്ത് പറഞ്ഞു.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ....(മൈക്ക് ഓഫ്).....

<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>സർ, ഞാൻ ചോദിച്ചപ്പോൾ നിങ്ങൾ അവസരം തന്നിട്ടില്ല, ഒരു പാലമിട്ടാൽ അങ്ങോട്ടുമിങ്ങോട്ടും വേണ്ടേ? അതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. കേരളത്തിന്റെ ജനസംഖ്യ നമ്മുടെ രാജ്യത്തെ ജനസംഖ്യയുടെ എത്രശതമാനമാണെന്ന് ആലോചിക്കണം. രാജ്യത്തിന്റെ മൊത്തം വിസ്തൃതിയിൽ കേരളത്തിന്റെ വിസ്തൃതി

എത്രയാണന്നും നോക്കേണ്ടതുണ്ട്. അതും നിങ്ങൾ പറഞ്ഞ കണക്കും തമ്മിൽ താരതമ്യം ചെയ്യൂ. അപ്പോൾ കേരളത്തിൽനിന്നും പുറത്തേയ്ക്ക് പോകുന്ന കുട്ടികൾ എത്രയാണ്? അടുത്ത കാലത്ത് ഒരു യുദ്ധം നടന്നില്ലേ, ഒരു വർഷമായിട്ടേയുള്ളൂ. ഉക്രൈയിനിൽ റഷ്യ ബോംബിട്ടൊരു സംഭവമുണ്ടായി. എന്റെ മണ്ഡലത്തിൽ 18 കുട്ടികൾ ഉക്രൈനിൽ എം.ബി.ബി.എസ്. പഠനത്തിനായി പോയിരുന്നു. അത് കേരളത്തിന് പുറത്തല്ല, ഇന്ത്യയ്ക്കുതന്നെ പുറത്താണ്. നിങ്ങളുടെയൊക്കെ മണ്ഡലത്തിലുൾപ്പെടെ കേരളത്തിലാകെ അത്തരത്തിൽ വിദ്യാർത്ഥികളുണ്ടായിരുന്നു. അതുകൊണ്ട് സർക്കാരിന് കൂടിയാലോചിച്ച് തീരുമാനമെടുക്കേണ്ടിവന്നില്ലേ? പഠനത്തിനായി പുറത്തേയ്ക്ക് പോകുന്നവരുടെ എണ്ണം ചുരുക്കിക്കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് എന്റെ സുഹൃത്ത് പറഞ്ഞതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. അതുകൊണ്ട് പാവങ്ങളായ ആളുകൾക്കുകൂടി പഠിക്കാൻ അവസരം കിട്ടുന്നരീതിയിലേയ്ക്ക് ഇതിനെ ക്രമീകരിക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്, അതിനെക്കുറിച്ചാണ് നാം അലോചിക്കേണ്ടത്. ആരോഗ്യമേഖല വലിയ തകർച്ചയുടെ വക്കിലാണുള്ളത്. ആയുർദൈർഘ്യം,

മറ്റ് ആരോഗ്യകാര്യങ്ങൾ എന്നിവയിലെല്ലാം നമ്മൾ വളരെയധികം അഭിമാനിക്കുന്ന ആളുകളാണ്. ആയുർദൈർഘ്യത്തിൽ നാം വളരെ മുമ്പിലാണെന്ന് പറഞ്ഞാണ് അഭിമാനിക്കുന്നത്. എന്നാൽ അതിലൊക്കെ വളരെ തകർച്ചവരുന്ന രീതിയിൽ ജീവിതശൈലീരോഗങ്ങളെന്ന് ഓമനപ്പേരിട്ട് വിളിക്കുന്ന രോഗങ്ങളാൽ കേരളം ഗതികേടിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ക്യാൻസർരോഗം, കിഡ്നി, കരൾ തുടങ്ങിയവയുൾപ്പെടെ മാനസികരോഗങ്ങൾ വരെ ക്രമാതീതമായി പെരുകുകയാണ്. 7200-ഓളം ക്യാൻസർ രോഗികൾ എന്റെ ജില്ലയിലുണ്ടെന്ന് ഞാൻ ഇന്നലെ ഇവിടെ പറഞ്ഞിരുന്നു. എന്റെ ജില്ലയിൽമാത്രമല്ല, നിങ്ങളുടെയൊക്കെ ജില്ലകളിലുമുണ്ട്. പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നു, ചില രോഗങ്ങൾ എന്താണെന്നുപോലും നിർണ്ണയിക്കാൻ കഴിയാത്തവയാണ്. എന്റെ മണ്ഡലത്തിൽത്തന്നെ അത്തരത്തിലുള്ള മൂന്നുനാല് രോഗികളുണ്ട്. മെഡിക്കൽ പരിശോധനകളിലൊന്നും ഈ രോഗത്തിന് കാരണമെന്താണെന്ന് കണ്ടെത്താനാകാത്തതിനാൽ രോഗമെന്താണെന്ന് പറയാൻപോലുമാകാത്ത സാഹചര്യമാണ്. കേരളത്തെ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്ത മഹാപ്രതിഭയായ സംവിധായകൻ

സിദ്ദിഖ് രണ്ട് ദിവസം മുമ്പ് മരണപ്പെടുകയുണ്ടായി, സിദ്ദിഖിന് കരൾസംബന്ധമായ രോഗമായിരുന്നുവെന്നാണ് പറയുന്നത്. ഇത്തരത്തിലുള്ള രോഗങ്ങൾ ഇവിടെ വ്യാപകമായി വരുന്ന സന്ദർഭത്തിൽ നമ്മുടെ ആരോഗ്യമേഖല എന്തെല്ലാം കരുതലോടുകൂടിയും എങ്ങനെയൊക്കെയും മുമ്പോട്ടുപോകണമെന്ന് ആലോചിക്കേണ്ടതുണ്ടെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊരുകാര്യം, കേരളത്തിലെ ആളുകളിലുണ്ടാകുന്ന ഇത്തരം രോഗങ്ങളൊക്കെ കടുപ്പമാകാൻ പോകുകയാണ്. മദ്യത്തിന്റെയും ലഹരിമരുന്നിന്റെയും വ്യാപനം പുതിയ രോഗികളെ സൃഷ്ടിക്കുന്നതോടൊപ്പം വ്യാപകമായ അപകടങ്ങളും നാശങ്ങളുമുണ്ടാക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മദ്യം ഒരു പോഷകപദാർത്ഥമാണെന്നുകൂടി പറഞ്ഞ സാഹചര്യത്തിൽ കേരളം നടുങ്ങിപ്പോയിരിക്കുകയാണ്. കള്ള് മദ്യത്തിന്റെ കൂട്ടത്തിൽപ്പെടില്ലേ? ഞങ്ങൾ പഠിച്ചിരിക്കുന്നത് മദ്യമാണെന്നാണ്. ഇങ്ങനെയുള്ള പ്രസ്താവനകളുംകൂടി വന്നിരിക്കുന്ന സന്ദർഭത്തിൽ നാം നിൽക്കുമ്പോൾ ആരോഗ്യമേഖല വളരെ കരുതലോടുകൂടി നീങ്ങേണ്ടിയിരിക്കുന്നു. മദ്യം കരൾ രോഗങ്ങളുൾപ്പെടെയുള്ള രോഗങ്ങൾ

വർദ്ധിപ്പിക്കുന്നു, മാനസിക പ്രശ്നങ്ങളുണ്ടാക്കുന്നു. നാട്ടിൽ നടക്കുന്ന ഓരോ നാശങ്ങളും അപകടങ്ങളും സംഘട്ടനങ്ങളും പരിശോധിച്ചാൽ മദ്യം അതിനെല്ലാം കാരണമാകുന്നുവെന്ന് മനസ്സിലാകും. ഇവരെല്ലാം എത്തിച്ചേരുന്നത് ആശുപത്രികളിലേയ്ക്കാണ്. അതുകൊണ്ട് രോഗികളുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നൊരു കാലഘട്ടത്തിൽ ഇതെല്ലാം കൂടിയാകുമ്പോൾ രോഗങ്ങൾ എങ്ങനെയെല്ലാം കടുപ്പപ്പെടുമെന്നതിനെക്കുറിച്ച് ഞാൻ പ്രത്യേകം പറയേണ്ടതില്ല. എങ്ങനെയായാലും ഇവിടെ രോഗങ്ങൾ വർദ്ധിക്കാൻകാരണമാകുന്ന പലഘടകങ്ങളുമുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ നമ്മുടെ നാട്ടിൽ ധാരാളമായി എത്തിക്കൊണ്ടിരിക്കുന്നു, അവരും മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നതിന്റെ കഥകളൊക്കെ നമുക്കറിയാവുന്നതാണ്. മാത്രമല്ല, എട്ടോ, പത്തോ ആളുകൾക്ക് താമസിക്കാൻ കഴിയുന്ന സ്ഥലത്ത് ശുചിയില്ലാത്ത മുറികളിൽ വളരെ വൃത്തിഹീനമായ സ്ഥലങ്ങളിൽ അൻപതും നൂറും ആളുകൾ കൂന്നുകൂടി കിടക്കുന്ന സാഹചര്യമുണ്ട്. ഇതൊക്കെ നിയന്ത്രിക്കാനും ശ്രദ്ധിക്കാനും തയ്യാറായില്ലെങ്കിൽ രോഗം അപകടകരമായി വ്യാപിക്കുന്ന സാഹചര്യമുണ്ടാകുമെന്ന് സൂചിപ്പിക്കുകയാണ്. ആരോഗ്യമേഖലയിലെ

മെച്ചത്തെക്കുറിച്ച് നമ്മൾ വളരെ ഉഷാറോടെ എടുത്തുപറയുമ്പോൾ ഇന്നത്തെ മാതൃഭൂമി ദിനപത്രം വായിക്കുന്നത് നല്ലതാണ്. 15 കോടി രൂപയുടെ കുടിശ്ശിക നൽകാൻ കഴിയാത്തതിനാൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹൃദയശസ്ത്രക്രിയകൾ മുടങ്ങിയിരിക്കുകയാണെന്നും ആൻജിയോപ്ലാസ്റ്റിന് ആവശ്യമായ കത്തീറ്റർ വയർ അടക്കമുള്ള അവശ്യവസ്തുക്കൾ മെഡിക്കൽ കോളേജിലില്ലെന്നും സ്റ്റെന്റിന്റെ ക്ഷാമം രൂക്ഷമാണെന്നും കുടിശ്ശിക അടയ്ക്കാൻ കഴിയാത്തതിനാൽ ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്കുള്ള പല ഉപകരണങ്ങളും ഇനി നൽകാൻ കഴിയില്ലെന്ന് ബന്ധപ്പെട്ട കമ്പനികൾ അറിയിച്ചിരിക്കുകയാണെന്നും വാർത്തയിലുണ്ട്. നിങ്ങൾ ഈ വാർത്തകളൊന്നും വായിച്ചിട്ടില്ലേ; കാണുന്നില്ലേ; അതോ ഒറ്റ പത്രം മാത്രമേ വായിക്കുന്നുള്ളൂ എന്നുണ്ടോ? ഇതൊക്കെ നമ്മുടെ ആരോഗ്യമേലയിൽ നാം കാണേണ്ട സ്ഥിതിവിശേഷങ്ങളാണ്. അതുകൊണ്ട് ഈ മേഖലയെ പ്രത്യേകം ശ്രദ്ധിക്കാൻ തയ്യാറാകേണ്ടതുണ്ടെന്നും ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. കോവിഡ് രോഗംകൊണ്ട് നമ്മൾ ആകമാനം പ്രയാസപ്പെട്ട സന്ദർഭമുണ്ടായിരുന്നു. എന്നാൽ, കോവിഡ് പ്രതിരോധത്തിന്റെ

രണ്ടാം ഡോസ് കുത്തിവെയ്പ്പ് എടുത്താലേ ഇന്നും വിദേശത്തേയ്ക്ക് പോകാൻ കഴിയുകയുള്ളൂ. എന്നാൽ രണ്ടാം ഡോസിനുള്ള മരുന്ന് കേരളത്തിൽ എവിടെയുമില്ലെന്നെ കാര്യം ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സ്വകാര്യ മേഖലയിലുണ്ടെന്ന് പറയപ്പെടുന്നുണ്ട്, അതോ മറ്റെന്തെങ്കിലും രീതിയിലാണോ ഇതിന്റെ രേഖ സമ്പാദിക്കുന്നതെന്ന് അറിയില്ല. ഏതായാലും കോവിഡ് രോഗത്തിനുള്ള മരുന്ന് കേരളത്തിലെവിടെയും കിട്ടാനില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുപോലെ ധാരാളം വിഷയങ്ങളുണ്ട്. ബഹുമാന്യയായ നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി സ്ത്രീയാണ്, ഒരു അമ്മയുമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും പ്രസവശസ്ത്രക്രിയ കഴിഞ്ഞ ഹർഷിന എന്ന യുവതിയെ നിങ്ങളൊന്ന് സഹായിക്കണം. ആ കത്രികയിൽ നിന്നൊന്ന് രക്ഷപ്പെടുത്തണം. മെഡിക്കൽ കോളേജിന്റെ കൈവശമുള്ള കത്രിക ആ സ്ത്രീ എത്രനാളായി വയറ്റിൽ കൊണ്ടുനടക്കുന്നു. ഒരു കത്രിക വയറിനുള്ളിലുണ്ടായാലുള്ള വിഷമസ്ഥിതി ഞങ്ങൾക്കറിയുന്നതിനേക്കാൾ നിങ്ങൾക്ക് അറിയാൻ കഴിയുമല്ലോ? അതുകൊണ്ട് ആ കത്രിക തിരിച്ചുകിട്ടേണ്ടതുണ്ട്, ആ സ്ത്രീയെ രക്ഷപ്പെടുത്തേണ്ടതുമുണ്ട്.

ആരോഗ്യമേഖലയുടെ നേട്ടങ്ങളിൽപ്പെട്ടതാണ് ഇതൊക്കെയും എന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, അങ്ങ് ആരോഗ്യമേഖലയുടെ പ്രവർത്തനങ്ങളെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്, കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ആരോഗ്യമേഖലയിൽ ആർദ്രം പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി ഏതാണ്ട് 60 ശതമാനത്തോളം ആളുകൾ സർക്കാർ ആശുപത്രിയെ ആശ്രയിക്കുന്നുണ്ടെന്നും നേരത്തെ ഇത് പത്ത്-പതിനഞ്ച് ശതമാനത്തിനടുത്ത് ആയിരുന്നുവെന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കാൻസർ രോഗമടക്കം ഗുരുതര രോഗം ബാധിച്ചവരെ ശുശ്രൂഷിക്കുന്ന കൂട്ടിരിപ്പുകാർക്ക് നൽകേണ്ട തുക പോലും നൽകാത്ത ഒരു ഗവൺമെന്റല്ലേ ഇവിടെയുള്ളത്? അവർക്ക് കൊടുക്കാനുള്ള തുക വൈകാതെ കൊടുക്കാൻ കഴിയുമെന്ന് പരസ്യമായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി ഡോ. ആർ. ബിന്ദു സൂചിപ്പിച്ചിട്ടുണ്ട്; ആ തുക എപ്പോൾ

കൊടുക്കാൻ സാധിക്കും; ഇത്തരം കാര്യങ്ങൾ അതിനുശേഷം പറയുന്നതല്ലേ ഭംഗി? ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിന്റെ കാര്യവും ഇതുപോലെതന്നെയാണ്. അടിയന്തര ചികിത്സയ്ക്ക് കേരളത്തിനുപുറത്തേയ്ക്ക് പോകുകയാണെങ്കിൽ അവർക്ക് റീഇംബേഴ്സ്മെന്റ് അനുവദിക്കില്ലെന്നാണ് പറയുന്നത്. മൂർച്ഛിച്ച ഒരു രോഗത്തിന്റെ ചികിത്സയ്ക്ക് അതിർത്തി ജില്ലകളിൽനിന്നും കേരളത്തിന്റെ പുറത്ത് കോയമ്പത്തൂർ, മംഗലാപുരം എന്നിവിടങ്ങളിലേയ്ക്ക് പോകുകയാണെങ്കിൽ മുൻകൂട്ടി സർക്കാരിന്റെ പെർമിഷൻ വാങ്ങണം, അങ്ങനെയെങ്കിൽമാത്രമേ റീഇംബേഴ്സ് അനുവദിക്കുകയുള്ളൂ. ഒരു രോഗത്തിനുള്ള ഉയർന്ന ചികിത്സയ്ക്കായി പെട്ടെന്ന് റഫർ ചെയ്യപ്പെടുമ്പോൾ ഗവൺമെന്റിന്റെ പെർമിഷൻ കാത്തിരിക്കാൻ കഴിയുമോയെന്ന് നിങ്ങൾ ചിന്തിച്ചുനോക്കൂ. അതുകൊണ്ട് ഇത്തരം ഉദ്യോഗസ്ഥരെ സഹായിക്കാനുള്ള ഒരു സാഹചര്യവും തീരുമാനങ്ങളും ഉണ്ടാകേണ്ടതായിരിക്കുന്നുവെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ആരോഗ്യ മേഖലയിൽ ഒരു ജില്ലയ്ക്ക് കിട്ടേണ്ട ശരാശരി വിഹിതവും തുകയുമൊന്നും മലപ്പുറം ജില്ലയ്ക്ക് കിട്ടാതെ പോകുന്നുവെന്നതിൽ ഞാൻ വേവലാതിപ്പെടുകയാണ്, അത് നൽകുന്നതിനുള്ള സാഹചര്യംകൂടി

ഉണ്ടാക്കണം. എന്റെ മണ്ഡലത്തിലെ ജില്ലാ ആശുപത്രിയെക്കുറിച്ച് രണ്ട് ദിവസംമുമ്പും ഈ സഭയിൽ ഞാൻ ഉന്നയിച്ചതാണ്. മലപ്പുറം ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി പ്രഖ്യാപിക്കുകയും ഒരു ബോർഡ് വയ്ക്കുകയുംചെയ്തതല്ലാതെ അവിടേയ്ക്ക് ഒരു കാര്യവും ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് അക്കാര്യത്തിൽ ഒരു സഹായം വേണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. ആ പേര് അന്വർത്ഥമാക്കുന്ന ഗുണങ്ങൾ ആശുപത്രിക്കകത്ത് ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. വളവന്നൂർ, വെട്ടം എന്നീ രണ്ട് സി.എച്ച്.സി.-കളും എന്റെ മണ്ഡലത്തിലുണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ ആയിരുന്നപ്പോൾപ്പോലും അവിടെ കിടത്തിചികിത്സ ഉണ്ടായിരുന്നു, സാമ്പത്തിക പ്രശ്നം പറഞ്ഞുകൊണ്ട് 1958-ൽ അന്നത്തെ സർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ കിടത്തി ചികിത്സ ആവശ്യമില്ലെന്ന് തീരുമാനിക്കുകയും റദ്ദാക്കുകയും ചെയ്തു. പിന്നീട് അത് സി.എച്ച്.സി.-യായി ഉയർത്തപ്പെട്ടു. ഇപ്പോൾ അവിടെ കിടത്തി ചികിത്സയില്ല. അക്കാരണത്താൽ ധാരാളം രോഗികൾ സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ടതായി വരികയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക്

ദയവുണ്ടായി എന്റെ മണ്ഡലത്തെ സഹായിക്കണം, പേരിനനുസരിച്ചുള്ള സൗകര്യങ്ങൾ ആ ആശുപത്രിയിലുണ്ടാക്കണം എന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. പാവപ്പെട്ടവർക്ക് സഹായകരമായിരുന്ന കാരുണ്യ പോലുള്ള പദ്ധതികളടക്കം മെഡിക്കൽ രംഗത്ത് കിട്ടിയിരുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും റദ്ദാക്കിയതിന്റെ ലിസ്റ്റ് നിങ്ങളുടെ കൈയിലുണ്ടാകും, അവയൊക്ക പുനഃസ്ഥാപിച്ചുകിട്ടിയാൽ കുറേയേറെ പാവങ്ങൾ രക്ഷപ്പെടും. അതിനുകൂടി തയ്യാറാകണമെന്ന് സൂചിപ്പിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ബഹുമാന്യരായ അംഗങ്ങളോടും ഇടപെട്ട് സംസാരിച്ച അംഗങ്ങളോടും നന്ദി അറിയിക്കുകയാണ്. 1965-ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്ട്, 2020 സെപ്റ്റംബർ 25-ാം തീയതി പ്രാബല്യത്തിൽ റദ്ദാക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, 'മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ'-യ്ക്കുപകരം 'നാഷണൽ മെഡിക്കൽ കമ്മീഷൻ' എന്നാക്കി മാറ്റുന്ന ടെക്നിക്കൽ കാര്യമാണ് ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇവിടെ പറഞ്ഞ

നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ശ്രീ. കുറുക്കോളി മൊയ്തീൻ സംസാരിച്ചപ്പോൾ വളരെ ഗുരുതരമായ ഒരു ആരോപണമുന്നയിച്ചു. കേരളത്തിൽ 12 സർക്കാർ മെഡിക്കൽ കോളേജും 19 സ്വകാര്യ മെഡിക്കൽ കോളേജുകളുമുണ്ട്, അതിൽ സ്വകാര്യ മെഡിക്കൽ കോളേജിൽ കോഴ കൊടുത്ത് സീറ്റ് വാങ്ങിക്കുന്നുവെന്ന അടിസ്ഥാനരഹിതമായ ഒരു ആരോപണം അദ്ദേഹം ഉന്നയിച്ചു. അക്കാര്യം അദ്ദേഹം എഴുതി നൽകുകയാണെങ്കിൽ സർക്കാർ അത് അന്വേഷിക്കാൻ തയ്യാറാകുമോ; ഏത് മെഡിക്കൽ കോളേജാണ് കോഴ വാങ്ങി സീറ്റ് കൊടുക്കുന്നതെന്ന് അദ്ദേഹം പറയാനും തയ്യാറാകണം.

ശ്രീമതി വീണാ ജോർജ്: സർ, ഞാൻ അതാണ് പറഞ്ഞുതുടങ്ങാൻ ആഗ്രഹിച്ചത്. 1 കോടി രൂപ സംഭാവന വാങ്ങാൻ തീരുമാനിച്ചുവെന്ന യാതൊരു അടിസ്ഥാനവുമില്ലാത്ത, വളരെ ഗുരുതരമായ ആരോപണമാണ് ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീൻ ഇവിടെ ഉന്നയിച്ചത്. അതിന്റെ തെളിവുകൾ നൽകിയാൽ അതിന്മേൽ നടപടിയുണ്ടാകും. അങ്ങ്

ഉത്തരവാദിത്വത്തോടെ പറഞ്ഞ ആ വിഷയം ദയവായി എഴുതി നൽകണമെന്ന് ഞാൻ അങ്ങയോട് ഈ സഭ മുമ്പാകെ ആവശ്യപ്പെടുകയാണ്. അതിൽ ആവശ്യമായ നടപടി സ്വീകരിക്കാം. ഏത് നിയമത്തെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്? 2017-ൽ സ്വകാര്യ വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനുവേണ്ടി, നിയമസഭ പാസ്സാക്കിയ നിയമത്തിൽ 2019-ൽ കൊണ്ടുവന്ന അമെന്റ്മെന്റിലുള്ള ഒരു ഭേദഗതിയാണ് ഇന്ന് ചർച്ച ചെയ്യുന്നത്. ആ ചർച്ചയ്ക്കിടയിലാണ് ബഹുമാനപ്പെട്ട അംഗം ഈ വിഷയം ഉന്നയിച്ചത്. സംസ്ഥാനത്ത് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് മാത്രമേ വാങ്ങാൻ പാടുള്ളൂ. അതിനപ്പുറത്തേയ്ക്കൊരു സ്വകാര്യ മെഡിക്കൽ കോളേജ് കോഴ വാങ്ങിച്ചുവെന്ന് അങ്ങ് തെളിവ് നൽകിയാൽ നിശ്ചയമായും നടപടിയുണ്ടായിരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, സർക്കാർ ഫീസിനുപുറമെ 50 ശതമാനം സീറ്റിൽ മെറിറ്റും സ്വാശ്രയ കോളേജ് ഉടമകൾക്ക് ബാക്കി

50 ശതമാനം സീറ്റും നിർണ്ണയിക്കാമെന്നാണ് പഴയ തീരുമാനം. അതനുസരിച്ച് 50 ശതമാനം സീറ്റിലേയ്ക്ക് വരുന്ന ആളുകളിൽനിന്നും ഡൊണേഷൻ വാങ്ങുന്നതിന് സർക്കാർതന്നെ അനുമതി കൊടുത്തിട്ടുണ്ട്. അത് റെഗുലേറ്ററി കമ്മീഷൻ തന്നെ......

ശ്രീമതി വീണാ ജോർജ്: സർ, അങ്ങ് എന്താണ് പറയുന്നത്; വളരെ ക്ലിയറായാണ് ഞാൻ മറുപടി പറഞ്ഞത്. അങ്ങ് പറഞ്ഞ കാര്യം വീണ്ടും ആവർത്തിക്കുകയാണ്. അങ്ങേയ്ക്കറിയുന്ന കോളേജുകളാണെന്നാണ് പറഞ്ഞത്. ദയവായി അത് എഴുതി നൽകണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. എന്നാൽ അതുസംബന്ധിച്ചുള്ള നടപടികൾ കൃത്യമായി സ്വീകരിക്കും.

മെഡിക്കൽ വിദ്യാഭ്യാസമേഖലയിലെ മുൻഗണനകളിൽ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ഈ സർക്കാർ വളരെയധികം പ്രാധാന്യമാണ് നൽകുന്നത്. കേരളത്തിലെ കുട്ടികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് സംസ്ഥാനത്തിനകത്തുതന്നെ പരമാവധി അവസരങ്ങളുണ്ടാകണമെന്നാണ് സർക്കാർ കാണുന്നത്. കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽനിന്ന് പഠിച്ചിറങ്ങിയ പ്രൊഫഷണലുകൾക്ക് ആഗോളതലത്തിൽ

നൽകുന്ന സ്വീകാര്യത വളരെ വലുതാണെന്ന് നാം കാണുന്നുണ്ട്. നഴ്സുമാർക്കും ഡോക്ടർമാർക്കും ഡെന്റിസ്റ്റുകൾക്കുംവേണ്ടി യു.കെ.-യിലെ നാഷണൽ ഹെൽത്ത് സർവ്വീസിൽനിന്നുള്ള ടീം എറണാകുളത്തുവച്ച് നാലാം തവണ ജോബ് ഹണ്ട് നടത്താൻ പോകുകയാണ്. വെയിൽസ് പോലുള്ള മറ്റ് രാജ്യങ്ങളിൽ, കേരളത്തിലെ മെഡിക്കൽ പ്രൊഫഷണലുകൾക്ക് വലിയ രീതിയിലുള്ള സ്വീകാര്യതയും അംഗീകാരവുമാണുള്ളത്. അതുകൊണ്ട് കേരളത്തിലെ വിദ്യാർത്ഥികൾ മറ്റ് സ്ഥലങ്ങളിൽ പോയി പഠിക്കാതെ പരമാവധി നമ്മുടെ സംസ്ഥാനത്ത് പഠിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യമാണ് ഒരുക്കുന്നത്. ബഹുമാന്യനായ കോന്നി എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ, സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ചരിത്രത്തിൽതന്നെ ആദ്യമായി കോന്നിയിലെയും ഇടുക്കിയിലെയും രണ്ട് പുതിയ മെഡിക്കൽ കോളേജുകളിൽ ഒരേ വർഷം പുതിയ നൂറ്-നൂറ് സീറ്റുകളിൽവീതം എം.ബി.ബി.എസ്. അഡ്മിഷൻ ആരംഭിക്കുന്നതിന് സർക്കാരിന് കഴിഞ്ഞു. രണ്ടാം വർഷവും അത് തുടരുകയാണ്. ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ എം.എൽ.എ.-യുടെ ജില്ലയായ മലപ്പുറം ജില്ലയിലെ അണ്ടർ ഗ്രാജുവേറ്റ് കോളേജായിരുന്ന മഞ്ചേരി മെഡിക്കൽ

കോളേജിനെ പി.ജി. കോളേജാക്കുകയും അവിടെ നഴ്സിംഗ് കോളേജ് ആരംഭിക്കുകയും ചെയ്തു. മഞ്ചേരിയിലും കൊല്ലത്തും ഉൾപ്പെടെ 60 സീറ്റുകളുണ്ട്. നഴ്സിംഗ് മേഖലയിലെ കണക്കുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പലപ്രാവശ്യം പറഞ്ഞതുകൊണ്ട് ഇതുവരെയുള്ള കണക്ക് ആവർത്തിക്കുന്നില്ല. ഈ വർഷം സർക്കാർ മേഖലയിൽ പുതിയതായി 6 കോളേജുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരത്ത് 100 സീറ്റുകളുള്ള അഡീഷണൽ ബാച്ചുകൂടി വരും. കൂടാതെ മറ്റ് ജില്ലകളിലെ സീറ്റുകളുടെ എണ്ണവും വർദ്ധിപ്പിക്കുന്നുണ്ട്. അങ്ങനെ ഈ വർഷം 400 സീറ്റുകൾ സർക്കാർ മേഖലയിൽമാത്രം വർദ്ധിക്കാൻ പോകുകയാണ്. അത് സർക്കാരിന്റെ പ്രഖ്യാപിത നയവുമാണ്. ബഡ്ജറ്റിലുൾപ്പെടെ പ്രഖ്യാപിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിലുണ്ടാകും. സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള SI-MET-ന്റെ കീഴിൽ 6 കോളേജുകൾകൂടി ആരംഭിക്കാൻ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. കൊല്ലത്തും മഞ്ചേരിയിലും രണ്ട് നഴ്സിംഗ് കോളേജുകൾ കഴിഞ്ഞവർഷം ആരംഭിച്ചിരുന്നു. അതുകൂടാതെയാണ് ഈ വർഷം ആരംഭിക്കുന്നത്. സ്വകാര്യമേഖലയിലെ മെഡിക്കൽ

വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ദേശീയ നഴ്സിംഗ് കൗൺസിലിന്റേയോ ദേശീയ മെഡിക്കൽ കൗൺസിലിന്റേയോ മാനദണ്ഡപ്രകാരം അടിസ്ഥാന സൗകര്യങ്ങളുണ്ടായിരിക്കണം. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്നുള്ളതുകൊണ്ട് മാനദണ്ഡങ്ങളിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ നമുക്ക് കഴിയുകയില്ല. അതുകൊണ്ട് മാനദണ്ഡപ്രകാരം അനുവദിക്കാവുന്ന വിദ്യാഭ്യാസ അവസരങ്ങൾ പരമാവധി ഇവിടെ നൽകുകയെന്നുള്ളതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. സ്വകാര്യ മേഖലയിൽനിന്നും നഴ്സിംഗ് കോളേജുകൾക്ക് അല്ലെങ്കിൽ പാരാമെഡിക്കൽ കോഴ്സുകൾക്കായി വരുന്ന എൻ.ഒ.സി. അതിന്റെ പരിശോധനകളുടെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്.

ഇവിടെ ജീവിതശൈലീരോഗങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന് പറഞ്ഞു. 'നവകേരളം കർമ്മപദ്ധതി'-യുമായി ബന്ധപ്പെട്ട് ആർദ്രം മിഷനിലൂടെ പത്ത് കാര്യങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് ലക്ഷ്യമിട്ടിരിക്കുന്നത്. അക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലുമുണ്ടാകും. കേരളത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം മുതൽ ഒരു പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. കേരളത്തിൽ 30 വയസ്സിനുമുകളിൽ 1

കോടി 71 ലക്ഷം ആളുകളാണുള്ളത്. 30 വയസ്സിന് മുകളിലുള്ള മുഴുവൻ ആളുകളും വാർഷിക ആരോഗ്യപരിശോധനയ്ക്ക് വിധേയമാകണം. പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങളുണ്ടോയെന്നും അവ വരാൻ സാധ്യതയുണ്ടോയെന്നും പരിശോധിക്കണം. കാൻസർ രോഗത്തിന്റെ മൂന്നാമത്തെ സ്റ്റേജിലും നാലാമത്തെ സ്റ്റേജിലുമാണ് ചികിത്സയ്ക്കായി ആളുകൾ എത്തുന്നതെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. അപ്പോൾ അവർക്കുള്ള ചികിത്സ കുറച്ചുകൂടി സങ്കീർണ്ണമാകുന്നു. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്ന ഈ സമയം വരെ 1 കോടി 46 ലക്ഷം ആളുകൾക്ക് വീടുകളിൽ ഹോം സ്ക്രീനിംഗ് നടത്തുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. നമ്മുടെ ടാർജറ്റ് 1 കോടി 71 ലക്ഷം ആളുകളാണ്. ഓരോ വർഷവും ഇത് തുടരാൻ പോകുകയാണ്. കാൻസർ രോഗചികിത്സയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലും ജില്ലാ കാൻസർ കെയർ പ്രോഗ്രാമുകൾ ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വീടുകളിൽപോയി ആശാവർക്കർമാർ സ്ക്രീൻ ചെയ്യുന്ന ആളുകൾ ആരോഗ്യകേന്ദ്രത്തിലേയ്ക്ക് വരേണ്ടതുണ്ടെങ്കിൽ ആ വിവരം അവരെ അറിയിക്കും. അവർ വന്നില്ലെങ്കിൽ, 'നിങ്ങൾക്ക് രോഗങ്ങൾ വരാൻ

സാധ്യതയുണ്ട്, അതുകൊണ്ട് നിങ്ങൾ ആരോഗ്യകേന്ദ്രത്തിൽ വന്ന് പരിശോധിക്കണമെന്ന് ഫോൺ വിളിച്ച് അവരെ അറിയിക്കും. അപ്പോൾ തൊട്ടടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ അവർ എത്തണമെന്നുള്ളതാണ്. ഓരോ ജില്ലയിലും കാൻസർ ഗ്രിഡുകൾ രൂപീകരിച്ചിട്ടുണ്ട്. കാൻസറാണ് സസ്പെക്ട് ചെയ്യുന്നതെങ്കിൽ, എവിടെ പോയാണ് പരിശോധിക്കേണ്ടത്; എവിടെയാണ് സാമ്പിൾ കൊടുക്കേണ്ടത്; സാമ്പിൾ പരിശോധിച്ചതിന്റെ റിസൾട്ട് ആരോഗ്യകേന്ദ്രം വഴിയോ അല്ലാതെയോ ഈ വ്യക്തിയിലേയ്ക്കെത്തുമ്പോൾ പോസിറ്റീവാണെങ്കിൽ ഏത് ആശുപത്രിയിൽ പോയി പരിശോധിക്കണമെന്നും കാൻസർ ഗ്രിഡുകൾ വഴി അറിയാൻ സാധിക്കും. അതുപോലെ കാൻസർ ഡാറ്റാ രജിസ്ട്രി ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇത് മലബാർ കാൻസർ സെന്ററിലും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും ഈ സാമ്പത്തികവർഷം ബഹുമാനപ്പെട്ട മന്ത്രി പി. രാജീവിന്റെ മണ്ഡലത്തിലെ കൊച്ചിൻ കാൻസർ സെന്ററിലും പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി അവിടെയും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. കാൻസർ മേഖലയിൽ ആദ്യമായി റോബോട്ടിക് സർജറിക്ക്

30 കോടി രൂപയുടെ അനുമതിയാണ് മന്ത്രിസഭ നൽകിയത്. റീജിയണൽ കാൻസർ സെന്ററിലും മലബാർ കാൻസർ സെന്ററിലും ആദ്യമായി സൂക്ഷ്മ കാൻസർ കോശങ്ങളെ കണ്ടെത്തി ശസ്ത്രക്രിയയിലൂടെ നീക്കംചെയ്യുന്നതിനുവേണ്ടി റോബോട്ടിക് കാൻസർ സർജറി ആരംഭിക്കാൻ പോകുകയാണ്.

ഇവിടെ അതിഥി തൊഴിലാളികളുടെ കാര്യം ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. ആർദ്രം പദ്ധതിയിൻകീഴിൽ രോഗനിർമ്മാർജ്ജനം നമ്മുടെ ലക്ഷ്യമാണ്. കേരളത്തിന്റെ പതിറ്റാണ്ടുകളായ പ്രവർത്തനങ്ങളുടെ ഫലമായി പല രോഗങ്ങളെയും നിർമ്മാർജ്ജനം ചെയ്യുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. പല രോഗങ്ങളും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് (അതായത്, തദ്ദേശീയമായി ആ രോഗങ്ങൾ പുതുതായി ഉണ്ടാകുന്നില്ലെന്ന് കണ്ടെത്തുന്നതിന്) മാനദണ്ഡങ്ങളുണ്ട്. അതിന്റെയടിസ്ഥാനത്തിൽ 2025-26 വർഷങ്ങളിൽ രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പരിമിതമായ സ്ഥലത്ത് ധാരാളം ആളുകൾ തിങ്ങിനിറഞ്ഞ് താമസിക്കുന്നത് വളരെ പ്രധാനപ്പെട്ട പൊതുജനാരോഗ്യ പ്രശ്നമാണ് എന്നൊരു പ്രധാനപ്പെട്ട കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ പൊതുജനാരോഗ്യ പ്രശ്നത്തെ

അഡ്രസ്സ് ചെയ്യുന്നതിനുവേണ്ടി ഈ നിയമസഭ പാസ്സാക്കിയ പൊതുജനാരോഗ്യ ബില്ലിൽ ഒരു വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള നിയമസഭ പാസ്സാക്കിയ വളരെ പ്രധാനപ്പെട്ട കേരള പൊതുജനാരോഗ്യ ബിൽ നിയമമാകേണ്ടതുണ്ട്. ഒരു നിശ്ചിത ചതുരശ്രഅടിയിൽ എത്ര ആളുകൾക്ക് താമസിക്കാം, അവർക്ക് എത്ര ബാത്ത്റൂമുകളുണ്ടായിരിക്കണം എന്നുള്ളതെല്ലാം ആ ബില്ലിൽ പരാമർശിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ സംവിധാനത്തെ ബാധിക്കുന്ന വിഷയമാകയാൽ, ഇതുവരെ നിയമപരമായി അഡ്രസ്സ് ചെയ്യാത്ത ഒരു വിഷയത്തെ ആ രീതിയിൽ അഡ്രസ് ചെയ്യാൻ ഈ സഭ ശ്രമിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു വാർത്ത ഉദ്ധരിച്ചാണ് അദ്ദേഹം അത് പറഞ്ഞത്. എന്നാൽ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടാത്ത മറ്റൊരു വാർത്തയുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ കാർഡിയാക് ഇന്റർവെൻഷൻ നടത്തുന്ന ആശുപത്രി ഗവൺമെന്റ് മെഡിക്കൽ കോളേജ് തിരുവനന്തപുരമാണ്. ഹൈദരാബാദിൽവച്ച് കാർഡിയാക് കോൺഫറൻസ് നടക്കാനിരിക്കുന്നു. കഴിഞ്ഞ രണ്ടുമാസം മുമ്പ് തിരുവനന്തപുരത്ത് നടന്നിരുന്നു. കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി)-ൽ ഉൾപ്പെടെ

ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ രാജ്യത്ത് നൽകുന്ന സംസ്ഥാനം കേരളമാണ്. ഈ സർക്കാരിന്റെ 2021-23 കാലയളവിലെ രണ്ട് സാമ്പത്തിക വർഷങ്ങളിലും 2,791 കോടി രൂപ അനുവദിച്ചിരുന്നു; കാസ്പ്, കാരുണ്യ, ആരോഗ്യകിരണം എല്ലാംകൂടി 3,200 കോടി രൂപയുടെ സൗജന്യ ചികിത്സയാണ് നൽകിയത്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കാർഡിയാക് മേഖലയിലാണുണ്ടാകുന്നത്. അവിടെ 100 കോടിയിലധികം രൂപ നൽകി. ആ മേഖലയിൽ ചില സമ്മർദ്ദങ്ങൾ, അതിന്റെ ഇടനിലക്കാർ ഉൾപ്പെടെയുള്ള സംവിധാനങ്ങളെ സുതാര്യമാക്കാൻ സർക്കാർ ആലോചിക്കുകയാണ്. അതിനുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ട്. കെ.എം.എസ്.സി.എൽ. വഴി അതിന്റെ സപ്ലൈ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഒരുതരത്തിലുള്ള സമ്മർദ്ദങ്ങളുമുണ്ടാകാതെ വളരെ സ്മൂത്തായി പോകുന്നതിന് അടിയന്തര തീരുമാനമെടുത്തിട്ടുണ്ട്. ഓരോ ഘട്ടത്തിലും അങ്ങനെ ചെയ്യാറുണ്ട്. ഇപ്പോൾ 11 കോടി രൂപയോളം അവർക്ക് നൽകിയ സാഹചര്യത്തിലാണ് ഈ രീതിയിലുള്ള ഇടപെടലുണ്ടാകുന്നത്. അക്കാര്യത്തിൽ വളരെ കർശനമായ നിലപാട് എടുത്തിട്ടുണ്ടെന്ന് ഈയവസരത്തിൽ അറിയിക്കുകയാണ്.

കോവിഡ് വാക്സിന്റെ കാര്യം അദ്ദേഹം പറഞ്ഞു. കേരളത്തിൽ മാത്രമല്ല, രാജ്യത്ത് കോവിഡ് വാക്സിൻ ലഭിക്കുന്നില്ല. പല തവണ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് കോവിഡ് വാക്സിനുകൾ നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ മീറ്റിംഗിൽ ഞാനുൾപ്പെടെയുള്ള എല്ലാ ആരോഗ്യമന്ത്രിമാരും രേഖാമൂലം ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. പക്ഷേ രാജ്യത്ത് വാക്സിൻ ലഭ്യമല്ലായെന്നാണ് അവിടെനിന്നും ലഭിച്ച മറുപടി.

മെഡിക്കൽ റീഇംബേഴ്സ്മെന്റിന്റെ കാര്യവുമായി ബന്ധപ്പെട്ട വിഷയം രണ്ടുമൂന്ന് കേസ്സുകളിൽ ചർച്ച ചെയ്തിരുന്നു. കേരളത്തിന് പുറത്തുള്ള പല ആശുപത്രികളും എംപാനൽഡ് അല്ലായെന്ന് കണ്ടിട്ടുണ്ട്. ഇവിടെനിന്നും റഫറൻസ് വാങ്ങി അവിടെപോയാലും, എംപാനൽഡ് ഹോസ്പിറ്റലല്ലെങ്കിൽ പലർക്കും ബുദ്ധിമുട്ടുണ്ടാകുന്നതായി കാണുന്നുണ്ട്. പരമാവധി ആശുപത്രികളെ ഇതിലേയ്ക്ക് എംപാനൽ ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കും എന്നുള്ളതാണ്.

<u>മി. ചെയർമാൻ</u>: യെസ്.... പ്ലീസ് കൺക്ലൂഡ്..... മറ്റ് ബില്ലുകൾകൂടി പരിഗണനയ്ക്കെടുക്കാനുണ്ട്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, കുട്ടികൾക്കായി സർക്കാർ ആരംഭിച്ച 'ഹൃദ്യം' ചികിത്സാ പദ്ധതി തട്ടിപ്പാണ്, സ്വകാര്യ ആശുപത്രികളെ സഹായിക്കുകയാണ് എന്നതരത്തിൽ വലിയൊരു വാർത്ത ഏതാനും മാസങ്ങൾക്കുമുമ്പുണ്ടായിരുന്നു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത് നന്നായിരിക്കും.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, നവജാത ശിശുമരണ നിരക്ക് രാജ്യത്ത് ഏറ്റവും കുറവ് കേരളത്തിലാണ്. 2022-2023 വർഷം 5.5 ശതമാനമായി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-ൽ) 10 ശതമാനമായിരുന്നത് 2021-ൽ 6 ശതമാനമായത് എന്തുകൊണ്ടാണ്? കേരളത്തെ സംബന്ധിച്ചിടത്തോളം നവോത്ഥാനകാലഘട്ടത്തിൽ തുടങ്ങി ആദ്യത്തെ ഇ.എം.എസ്. സർക്കാരിന്റെ കാലത്തെ സാവർത്രിക വിദ്യാഭ്യാസ നിയമത്തിലൂടെ നാം ആർജ്ജിച്ച സാമൂഹിക മുന്നേറ്റത്തിലൂടെയുള്ള ബോധ്യങ്ങളിലൂടെയാണ് മികച്ച ആരോഗ്യ സൂചകങ്ങളിൽ എത്താൻ കഴിഞ്ഞിട്ടുള്ളത്. ശിശുമരണ നിരക്ക് വീണ്ടും കുറയ്ക്കുന്നതിനുള്ള വളരെ ഫലപ്രദമായ ഇടപെടൽ, നവജാതശിശുക്കൾക്കുണ്ടാകുന്ന ഹൃദയവൈകല്യങ്ങളെ

പരിഹരിക്കുകയെന്നുള്ളതായിരുന്നു. അതിനുവേണ്ടി ആരംഭിച്ച പദ്ധതിയാണ് 'ഹൃദ്യം'. ജീവിതം തുടങ്ങുന്ന ഘട്ടത്തിൽ, അതായത് കുഞ്ഞുജനിക്കുമ്പോൾ, മാതാപിതാക്കൾ സാമ്പത്തികമായി ശക്തരായിരിക്കില്ല. ചികിത്സയ്ക്ക് വലിയ തുക വേണ്ടിവരുമ്പോൾ അവർ പകച്ചുപോകും. അങ്ങനെയുള്ള സാഹചര്യത്തിൽ കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിക്കുന്നതിന് സൗജന്യ ചികിത്സ നൽകുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'ഹൃദ്യം'. ഇതിനെതിരെ അങ്ങനെയൊരു ക്യാമ്പയിൻ വന്നപ്പോൾ, കേരളത്തിന്റെ പൊതുസമൂഹം ഹൃദയമാണ് 'ഹൃദ്യം' എന്നുപറഞ്ഞുകൊണ്ട് അതിനെ നെഞ്ചോട് ചേർക്കുകയാണുണ്ടായത്. ഈ പദ്ധതിയെ പിന്തുണയ്ക്കുന്ന എല്ലാവരോടും നന്ദി അറിയിക്കുകയാണ്. ഇതിൽ കൂടുതൽ ആശുപത്രികളെ കൊണ്ടുവരും.

പ്രസവ ശസ്ത്രക്രിയ്ക്കിടെ വയറ്റിൽ കത്രിക കുടുങ്ങിയ ഹർഷിനയുടെ കാര്യം ഇവിടെ പറയുകയുണ്ടായി. ഹർഷിനയ്ക്ക് നീതി ലഭിക്കണം എന്നുള്ളതാണ്. അഞ്ചുവർഷം മുമ്പ് മൂന്ന് (2012, 2016, 2017) സിസേറിയനാണ് അവർക്ക് ചെയ്തിട്ടുള്ളത്. ഹർഷീന പറയുന്നത് വിശ്വസിക്കുന്നുവെന്ന് ഞാൻ ആവർത്തിച്ച് പറയുന്നു. കുറ്റക്കാരെ

കണ്ടെത്താൻ കഴിയില്ലെന്ന റിപ്പോർട്ടൊന്നും അംഗീകരിക്കാൻ കഴിയില്ല. ആദ്യത്തെയും രണ്ടാമത്തെയും ടീമുകൾ അന്വേഷണം നടത്തി നൽകിയ റിപ്പോർട്ടുകൾ ഞാൻ പരിശോധിച്ച് തള്ളിയിരുന്നു. അതിനുശേഷമാണ് ഈ വിഷയത്തിൽ പോലീസ് അന്വേഷണം നടത്തണമെന്ന ആവശ്യം മന്ത്രിസഭ മുമ്പാകെ സമർപ്പിച്ചത്. മന്ത്രിസഭ അത് അംഗീകരിച്ചു. പോലീസ് കൃത്യമായി അന്വേഷണം നടത്തും. ആരാണ് തെറ്റ് ചെയ്തത്; മെഡിക്കൽ നെഗ്ലിജൻസ് ആരുടെ ഭാഗത്തുനിന്നാണ് ഉണ്ടായിട്ടുള്ളതെന്ന് കണ്ടെത്തി അതിന്മേൽ നടപടി സ്വീകരിക്കും. നിയമനടപടികളിലൂടെ ഹർഷിനയ്ക്ക് നീതി ഉറപ്പാക്കും എന്നുള്ളത് തന്നെയാണ്. അല്ലാതെ കുറ്റക്കാരെ കണ്ടുപിടിക്കാൻ കഴിയില്ലായെന്നുള്ള റിപ്പോർട്ട് അംഗീകരിക്കാൻ കഴിയില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ അയയ്ക്കണമെന്ന് ഒരിക്കൽകൂടി ബഹുമാനപ്പെട്ട സഭയോട് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. യു. ജനീഷ് കുമാർ, 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന

അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കുറുക്കോളി മൊയ്തീൻ, 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ: അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച

XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സർ, അഞ്ച് ക്ഷേമനിധി ബോർഡുകളിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുവേണ്ടിയുള്ള ചെറിയൊരു ഭേദഗതി ബില്ലാണിത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമായി നടക്കണമെന്ന സർക്കാരിന്റെ കാഴ്ചപ്പാടിന്റെ ഭാഗമായി നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള ഒരു ബില്ലാണ് അവതരിപ്പിച്ചിട്ടുള്ളത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം

(ശ്രീമതി യു. പ്രതിഭ): സർ, 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അഞ്ച് ക്ഷേമനിധി ബോർഡുകളിലെ നിയമനം പി.എസ്.സി.-ക്ക് വിടണമെന്നുള്ള ഏറ്റവും ശ്രദ്ധേയമായ ഒരു ഭേദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ കാലഘട്ടത്തിൽ പി.എസ്.സി.-യെ ആധുനികവൽക്കരിക്കാനും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും ആവശ്യത്തിന് തസ്തികകൾ അനുവദിക്കാനും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തുന്ന മാതൃകാപരമായ പ്രവർത്തനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇന്ന് ഈ ബിൽ അവതരിപ്പിക്കുന്നതിലൂടെ പൊതുസമൂഹത്തിന്റെ മുന്നിൽ പ്രൂവ് ചെയ്തിരിക്കുന്നത്. രാജ്യത്താകമാനം നടക്കുന്ന വളരെ ശ്രദ്ധേയമായ കാര്യം, നിയമന നിരോധനമാണ്. റിക്രൂട്ട്മെന്റ് സ്ഥാപനങ്ങൾപോലും നോക്കുകുത്തിയായിരിക്കുന്ന അവസ്ഥയിലാണ് കേരള പി.എസ്.സി. നമ്മുടെ

രാജ്യത്തിനുതന്നെ മാതൃകയാകുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമനങ്ങളെക്കുറിച്ച് സഭയിൽ സാംസാരിക്കുന്നത് നമ്മൾ കേൾക്കാറുണ്ട്. ഞാൻ കണക്ക് പരിശോധിച്ചപ്പോൾ, ഏകദേശം 149386 പേർക്കാണ് അക്കാലത്ത് നിയമനശിപാർശ നൽകിയതെങ്കിൽ 2016-2021 കാലഘട്ടത്തിൽ 161268 പേർക്കാണ് നിയമനം നൽകാൻ കഴിഞ്ഞത്. കൂടാതെ നിലവിലെ കണക്കുപ്രകാരം 215000 പേർക്കാണ് കേരളത്തിൽ പി.എസ്.സി. വഴി നമുക്ക് നിയമനം കൊടുക്കാൻ കഴിഞ്ഞിരിക്കുന്നത്. മൂന്നേകാൽ കോടി ജനങ്ങൾമാത്രം അധിവസിക്കുന്ന നമ്മുടെ ഈ കൊച്ചുകേരളത്തിൽ വർഷം മുപ്പതിനായിരത്തോളം പേരെ പി.എസ്.സി. വഴി നിയമിക്കാൻ കഴിയുന്നുവെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 7.8 ശതമാനമെന്ന നിലയിൽ വളരെ ഭീകരമായി ഉയരുകയാണ്. നഗരമേഖലയിൽ 8.5 ശതമാനവും ഗ്രാമമേഖലയിൽ 7.4 ശതമാനവുമായിരിക്കുന്ന അവസ്ഥയിലാണ്. അപ്പോഴാണ് കേരളത്തിൽ ഇത്തരം സ്ഥാപനങ്ങളിൽക്കൂടി പി.എസ്.സി. നിയമനം നടത്തണമെന്ന ശ്രദ്ധേയമായ തീരുമാനത്തിൽ കേരള സർക്കാർ എത്തുന്നത്. Centre for Monitoring

Indian Economy (CMIE)-യുടെ കണക്കുപ്രകാരമാണ് ശതമാനാടിസ്ഥാനത്തിലുള്ള കണക്ക് നമുക്ക് ലഭിക്കുന്നത്. അഭ്യസ്തവിദ്യരായിട്ടുള്ള ഭൂരിഭാഗം ആളുകളും പി.എസ്.സി. ജോലി വേണമെന്ന് ആഗ്രഹിക്കുന്നവരാണ്. ലാസ്റ്റ് ഗ്രേഡ് സർവെന്റ് മുതൽ ഡെപ്യൂട്ടി കളക്ടർ വരെയുള്ള നിയമനം പി.എസ്.സി.-ക്ക് നടത്താൻ കഴിയുന്നുണ്ട്. കേരളത്തിൽ ഇങ്ങനെയൊക്കെ നടക്കുമ്പോൾ, ഹരിയാനയിലെ തൊഴിലില്ലായ്മ നിരക്ക് 26 ശതമാനത്തിലധികമായി ഉയരുകയാണ്. അതുപോലെ ജമ്മുകാശ്മീർ, സിക്കിം, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം വലിയതോതിലുള്ള തൊഴിലില്ലായ്മ പ്രശ്നങ്ങൾ കാണുകയാണ്. രാജ്യത്ത് സർക്കാർ മേഖലയിൽ തൊഴിലവസരങ്ങളില്ലാതാക്കാൻ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ശ്രമിക്കുന്നു. ഇവിടെ ഒരുപാട് സംഘടനകളുടെ ഭാരവാഹികളും മുൻ ഭാരവാഹികളുമൊക്കെ ഇരിക്കുന്നുണ്ട്. നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വരുന്ന അവസരത്തിൽ രാജ്യത്തെ ചെറുപ്പക്കാരോട് പറഞ്ഞത്, പ്രതിവർഷം രണ്ട് കോടി തൊഴിലവസരങ്ങൾ നൽകുമെന്നാണ്. അങ്ങനെ പ്രതിവർഷം രണ്ട് കോടി

തൊഴിലവസരം കൊടുത്താൽ അഞ്ച് വർഷമാകുമ്പോൾ പത്ത് കോടി ചെറുപ്പക്കാർക്കാണ് തൊഴിൽ കിട്ടേണ്ടത്. എന്നാൽ യുവജനങ്ങളെ വഞ്ചിച്ചുകൊണ്ട് രണ്ട് കോടി തൊഴിലവസരങ്ങൾ കൊടുത്തില്ലെന്ന് മാത്രമല്ല, കരാർ നിയമനത്തിലേയ്ക്ക് ഇന്ത്യാ മഹാരാജ്യത്തെ കൊണ്ടുപോകുന്ന ശ്രദ്ധേയമായ ചില തീരുമാനങ്ങൾ ഇന്ത്യൻ പാർലമെന്റിലെടുക്കുന്നതും കണ്ടു. ഇന്ത്യയിൽ സർക്കാർ/പൊതുമേഖലയിൽത്തന്നെ പത്ത് ലക്ഷത്തിനടുത്ത് തൊഴിലവസരങ്ങളുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. കേന്ദ്ര മന്ത്രിതന്നെ പാർലമെന്റിൽ അറിയിച്ച കണക്കാണിത്. ഇന്ത്യൻ റെയിൽവേയിൽ 293943 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അതുപോലെതന്നെ, റെയിൽവേയിലെ 90000 ഒഴിവുകൾക്ക് 25 ബില്യൺ ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിരിക്കുകയാണ്. പ്രതിരോധ വകുപ്പിനെ അങ്ങേയറ്റം ശ്രദ്ധയോടെ കൊണ്ടുപോകേണ്ടത് ഇന്ത്യാ ഗവൺമെന്റിന്റെ ചുമതലയാണ്. ആ പ്രതിരോധ വകുപ്പിൽ 646042-ൽ 264707 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആഭ്യന്തര വകുപ്പിൽ അതിനേക്കാൾ ഭീകരമായ അവസ്ഥയാണുള്ളത്. അവിടെ ഏകദേശം 143536 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. എസ്.ബി.ടി., എസ്.ബി.ഐ. ലയനം

നടത്തിയതിനുശേഷം ഇന്ത്യയിൽ 11208 ശാഖകൾ അടച്ചുപൂട്ടുകയുണ്ടായി. മെർജ് ചെയ്യിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ഈ കാലയളവിൽ മുപ്പതിനായിരം ഒഴിവുകളാണ് അവിടെ റിപ്പോർട്ട് ചെയ്തത്. ശാഖകൾ പൂട്ടിയതോടുകൂടി ഈ ഒഴിവുകൾക്കെല്ലാം എന്തുസംഭവിക്കുമെന്ന് നമുക്കറിയാവുന്നതാണ്. എയർപോർട്ടുകൾ സ്വകാര്യവൽകരിക്കപ്പെടുകയും ബി.എസ്.എൻ.എൽ. കുട്ടപിരിച്ചുവിടലിന് സാക്ഷിയായിരിക്കുകയും ചെയ്യുന്നു. ഇൻഷുറൻസ് മേഖലയെ തകർക്കുന്നു, സർവ്വകലാശാലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമൊക്കെ സ്ഥിരനിയമനങ്ങൾ ഇല്ലാതായിരിക്കുന്നു. കേരളത്തിൽ പി.എസ്.സി.-യെ വിശ്വാസത്തിലെടുത്തുകൊണ്ട് നമ്മൾ മുന്നോട്ടുപോകുമ്പോൾ ഇന്ത്യാ ഗവൺമെന്റിന്റെ മനഃസ്ഥിതി ഇതാണ് എന്ന് പൊതുസമൂഹം തിരിച്ചറിയുന്നതിനാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്. പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി., സാമ്പത്തിക പിന്നാക്ക വിഭാഗം തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ടവരുടെയും അവസരം രാജ്യത്ത് ഇല്ലാതാകുകയാണ്. അവിടെയാണ് കേരള ഗവൺമെന്റ് ഏറ്റവും സുപ്രധാനമായ ഒരു തീരുമാനമെടുത്തത്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള അഞ്ഞൂറ് പേരെ കാട് സംരക്ഷിക്കുന്നതിനായി നിയമിച്ചിരിക്കുന്നു.

ഇത്തരത്തിൽ ചരിത്രത്തിലേയ്ക്കൊരു നിയമനമാണ് കേരളത്തിൽ നടത്തിയിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിലെ അഞ്ഞൂറ് യുവതീയുവാക്കൾക്കാണ് പി.എസ്.സി. വഴി കേരള ഗവൺമെന്റ് നിയമനം കൊടുത്തത് എന്നതും ഈയവസരത്തിൽ ശ്രദ്ധേയമായ കാര്യമായി ചൂണ്ടിക്കാണിക്കുകയാണ്. സൈന്യത്തെപ്പോലും സ്വകാര്യവൽക്കരിക്കുന്ന തരത്തിലേയ്ക്ക് 'അഗ്നിപഥ്' നടപ്പാക്കിയിരിക്കുന്നു. സ്ഥിരം തൊഴിലെന്ന സങ്കൽപം ഇന്ത്യാ ഗവൺമെന്റ് വീണ്ടും ഇല്ലാതാക്കിയിരിക്കുകയാണ്. ഒരു വർഷം ഏകദേശം രണ്ട് കോടി പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞാണ് ഇന്ത്യാ ഗവൺമെന്റ് അധികാരത്തിൽ വന്നതെങ്കിലും വെറും 7.22 ലക്ഷം പേർക്ക് മാത്രമാണ് നിയമനം നൽകാൻ കഴിഞ്ഞത് എന്നതും ശ്രദ്ധേയമായ കാര്യമാണ്. എന്നാൽ കേരളത്തിലെ ഗവൺമെന്റ് ഈ കാലംകൊണ്ട് ഏകദേശം 2.25 ലക്ഷം പേർക്ക് ജോലി കൊടുത്തു. ഇവിടെ പ്രതിവർഷം മുപ്പതിനായിരം പേരെ നിയമിക്കാൻ നമ്മുടെ ഗവൺമെന്റിന് കഴിയുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ക്ഷേമനിധി ബോർഡുകളടക്കമുള്ള വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുക എന്നുള്ളത് ഗവൺമെന്റിന്റെ ശക്തമായ ഒരു

നിലപാടാണ്. അവിടെ നിലവിൽ ജോലി ചെയ്യുന്നവരുടെ താൽപര്യംകൂടി സംരക്ഷിച്ചുകൊണ്ടാണ് ഈ നിലപാട് നടപ്പിൽ വരുത്തേണ്ടത് എന്നൊരഭ്യർത്ഥന നടത്തുകയാണ്. അവർ വർഷങ്ങളായി അവിടെ ജോലി ചെയ്തുവരുന്നവരാണ്. ഇന്ത്യയിലെ ശരാശരി നിയമനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരള പി.എസ്.സി.-യിൽ നിരവധി നിയമനങ്ങൾ നടക്കുന്നുണ്ട്. പക്ഷേ അതിനാനുപാതികമായ സ്റ്റെങ്ത് പി.എസ്.സി.-യിലുണ്ടോ എന്നുള്ള കാര്യത്തിൽ സംശയമുണ്ട്. ഇക്കാര്യം അങ്ങയുടെ അറിവിലുള്ളതാണോ?

<u>ശ്രീമതി യു. പ്രതിഭ</u>: സർ, തീർച്ചയായും. ഞാൻ ആ പോയിന്റിലേയ്ക്ക് എത്തുകയായിരുന്നു. കേരളത്തിൽ മാത്രമാണ് ഇത്രയും സ്ഥിരനിയമനങ്ങൾ നടക്കുന്നത് എന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ പി.എസ്.സി. ദുർബലമാണ്. പി.എസ്.സി.-യെ നോക്കുകുത്തിയാക്കുന്ന സമീപനമാണ് രാജ്യം ഭരിക്കുന്ന ഭരണാധികാരികൾ നടത്തുന്നത് എന്നുള്ളത് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം പി. വി. ശ്രീനിജിൻ ചോദിച്ച ചോദ്യം പ്രസക്തമാണ്. കേരള പി.എസ്.സി.-യിൽ എഴുപത് ലക്ഷത്തോളം ഉദ്യോഗാർത്ഥികളാണ് വൺ ടൈം രജിസ്ട്രേഷൻ

നടത്തിയിട്ടുള്ളത്. ഇത് വലിയൊരു സംഖ്യയാണ്. ഈ ഉദ്യോഗാർത്ഥികൾ വിവിധ തസ്തികകളിലേയ്ക്കാണ് അപേക്ഷിക്കുന്നത് എന്നതിനാൽ ജീവനക്കാരുടെ ജോലിഭാരം കൂടുതലാണ്. എന്നാൽ അവിടെ അതിനാനുപാതികമായി ജീവനക്കാരുടെ അഭാവമുണ്ട്. നിയമനങ്ങൾ കുറവാണെങ്കിലും യു.പി.എസ്.സി.-യിൽ കൂടുതൽ ജീവനക്കാരുണ്ട്. എന്നാൽ വർഷാവർഷം മുപ്പതിനായിരം പേരെ നിയമിച്ച്, ഈ ചുരുങ്ങിയ കാലംകൊണ്ട് ഏകദേശം 2.25 ലക്ഷം ചെറുപ്പക്കാർക്ക് ജോലി കൊടുത്ത കേരള പി.എസ്.സി.-യിൽ ജോലിഭാരം കൂടുതലാണെന്ന കാര്യത്തിൽ സംശയമില്ല. അവിടെ 1720 ജീവനക്കാരാണ് ഇപ്പോഴുള്ളത്. പ്രതിവർഷം പതിനായിരത്തിൽ താഴെമാത്രം നിയമന ശിപാർശകളാണ് യു.പി.എസ്.സി. ചെയ്യുന്നത്. കേരള പി.എസ്.സി.-യിൽ ജോലിഭാരം കൂടുതലാണ് എന്നത് വളരെ വ്യക്തമാണ്. കേരള പി.എസ്.സി.-ക്ക് കേരള സമൂഹത്തിൽ വലിയ സ്വാധീനമാണുള്ളത്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, കേരളത്തിൽ പി.എസ്.സി. വളരെ മാതൃകാപരമായി, ഏറ്റവും കൂടുതൽ ചെറുപ്പക്കാരെ സർക്കാർ സർവീസിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള വലിയ

ശ്രമം നടത്തുന്നു. ഓരോ വർഷവും ശരാശരി മുപ്പതിനായിരം നിയമനങ്ങൾ നടത്തുന്നു എന്നുള്ളത് വളരെ ശ്ലാഘനീയമാണ്. പാലക്കാട്, കാസർഗോഡ്, ഇടുക്കി പോലുള്ള ജില്ലകളിൽ പി.എസ്.സി. വഴി ജോലി ലഭിച്ചുവരുന്ന ഒട്ടുമിക്ക ജീവനക്കാരും അവിടെ ജോലി ചെയ്യാൻ താൽപ്പര്യപ്പെടുന്നില്ല എന്നുള്ള ഒരു വസ്തുത ബഹുമാനപ്പെട്ട ചെയറിന്റെയുൾപ്പെടെ ശ്രദ്ധയിൽ വന്നിട്ടുള്ള ഒരു വിഷയമാണ്. അതത് ജില്ലകളിൽ കൂടുതൽ ആളുകൾക്ക് പ്രാധാന്യം കൊടുക്കുന്നതോടൊപ്പംതന്നെ നിർബന്ധമായും ഇക്കാര്യത്തിൽ കൃത്യമായ ഒരു വ്യവസ്ഥയുണ്ടാകണം. കേരളത്തിൽ ഏത് ഹസാർഡ് ഏരിയയിലും ജോലി ചെയ്യാമെന്ന് സത്യപ്രതിജ്ഞ ചെയ്താണ് ജോലിയിൽ പ്രവേശിക്കുന്നത്. പക്ഷേ ജോയിൻ ചെയ്ത് അടുത്ത മാസം മുതൽ സ്വന്തം പ്രദേശത്തേയ്ക്ക് മാറി വരണമെന്ന പൊതുചിന്ത വരുന്നു. അതിന്റെ ഭാഗമായി സർക്കാർ സംവിധാനങ്ങളിൽ പാലക്കാട്, ഇടുക്കി, കാസർഗോഡ് പോലുള്ള ജില്ലകളിൽ നിരവധി വേക്കൻസികൾ നിലനിൽക്കുകയാണ്. അക്കാര്യത്തിൽ എന്തെങ്കിലും നിബന്ധന വയ്ക്കണമെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ</u>: സർ, തീർച്ചയായും. കേരള പി.എസ്.സി.

എന്നുപറയുന്നത് കേരളത്തിലെ യുവതീയുവാക്കളുടെ വലിയ പ്രതീക്ഷയും ആശയുമാണ്. കേരളത്തിലെവിടെയും ജോലി ചെയ്യാമെന്ന് സത്യപ്രതിജ്ഞ ചെയ്താണ് പി.എസ്.സി.വഴി ജോലിയിൽ പ്രവേശിക്കുന്നത്. ഇന്നലെ ഈ സഭയിൽത്തന്നെ ചർച്ചകൾ ഉയർന്നുവന്നത് നമ്മൾ കേട്ടതാണ്. ചില ജില്ലകളിൽ ജോലി ചെയ്യാൻ ആളുകൾ വിമുഖത കാട്ടുന്നുണ്ട്. പക്ഷേ ആ സ്ഥലങ്ങളിലും കാര്യങ്ങൾ കൃത്യമായി നടക്കേണ്ടതുണ്ട്. എവിടെപ്പോയും ജോലി ചെയ്യുന്നതിനുള്ള മാനസികാവസ്ഥയുണ്ടാകണം. ഇക്കാര്യംകൂടി പി.എസ്.സി. കൃത്യമായി അവലോകനം ചെയ്യേണ്ടതാണ്. അതുസംബന്ധിച്ച് ഉദ്യോഗാർത്ഥികളിൽനിന്നും ഉറപ്പ് ലഭിക്കേണ്ടതാണ്. ഏറ്റവും സൗകര്യപ്രദമായ സ്ഥലങ്ങളിൽ മാത്രമേ ജോലി ചെയ്യുകയുള്ളൂവെന്ന മനോഭാവം നമുക്ക് ഒരിക്കലും ഭൂഷണമല്ല എന്നുകൂടി ഈയവസരത്തിൽ സന്ദർഭവശാൽ പറയുകയാണ്. പി.എസ്.സി.-യെ കൂടുതൽ ശക്തിപ്പെടുത്താനാവശ്യമായ നടപടികളെടുക്കുന്ന അവസരത്തിൽ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഷ്കരിക്കുന്നതിനുള്ള ചില സഹായങ്ങൾകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇനിയുമുണ്ടാകും എന്ന് കരുതുകയാണ്. എൽ.ഡി.എഫ്. സർക്കാർ എന്നും അതിന്

മാതൃകയായിരുന്നു. മാറിമാറി വന്ന എൽ.ഡി.എഫ്. സർക്കാരുകൾ ഏകദേശം 540 തസ്തികകളാണ് കേരള പി.എസ്.സി.-ക്ക് നൽകിയിട്ടുള്ളത് എന്നുള്ള ഏറ്റവും ശ്രദ്ധേയമായ കാര്യംകൂടി ഇവിടെ പറയുകയാണ്. ഇനിയും ഇത്തരം സമീപനങ്ങളിലൂടെ പി.എസ്.സി.-യെ ശക്തിപ്പെടുത്താൻ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. പലപ്പോഴും സംവരണത്തിൽ ഉൾപ്പെടാത്ത വിഭാഗമാണ് ട്രാൻസ്ജെൻഡേഴ്സ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേരള പി.എസ്.സി.-യുടെ സുതാര്യത എപ്പോഴും വളരെയേറെ ശ്ലാഘനീയമാണ്. വളരെ കൃത്യമായും നിഷ്പക്ഷമായും സുതാര്യമായുമുള്ള പ്രവർത്തനങ്ങളാണ് പി.എസ്.സി.-യുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഞാൻ മനസ്സിലാക്കുന്ന ഒരു കാര്യം, ഒരു ഇന്റർവ്യൂ ബോർഡിലെ അംഗത്തിന് അന്നേദിവസം രാവിലെ മാത്രമേ ഏത് ഇന്റർവ്യൂ ബോർഡിലാണ് താൻ ഉൾപ്പെട്ടിരിക്കുന്നത് എന്നറിയാൻ കഴിയുകയുള്ളൂ. അത്രമാത്രം കൃത്യതയോടെയാണ് ഓരോ കാര്യങ്ങളും ചെയ്യുന്നത്. സർവ്വകലാശാലകളിലെല്ലാം പുതിയ കോഴ്സുകൾ വരികയാണ് എന്നുള്ള കാര്യം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇത്തരത്തിൽ പരമ്പരാഗതമായ കോഴ്സുകൾ മാറി പുതിയ കോഴ്സുകൾ വരുമ്പോൾ,

പി.എസ്.സി.-ക്ക് പലപ്പോഴുമുണ്ടാകുന്ന ഒരു പ്രശ്നം, നോട്ടിഫിക്കേഷനിൽ പഴയ കോഴ്സുകളാണ് ഇപ്പോഴും പരാമർശിച്ചിരിക്കുന്നത് എന്നുള്ളതാണ്. സർവ്വകലാശാലകളിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ചും പുതിയ കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതനുസരിച്ചും പി.എസ്.സി.-യിലെ നോട്ടിഫിക്കേഷനുകളിൽ ആ കോഴ്സുകൾകൂടി ഉൾപ്പെടുത്താൻ കഴിയണം. ഒരേസമയംതന്നെ ഈ പ്രക്രിയ മുന്നോട്ടുകൊണ്ടുപോകണമെന്ന കാര്യത്തിൽ ശ്രദ്ധയുണ്ടാകണം. പ്രസ്തുത വിഷയം ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ നന്നായി ഇടപെട്ട് കുറെ കോഴ്സുകളുടെ കാര്യത്തിൽ അത്തരത്തിൽ മാറ്റമുണ്ടാക്കുകയും ചെയ്തതാണ്. പരമ്പരാഗതമായ കോഴ്സുകൾക്കപ്പുറത്തേയ്ക്ക് പുതിയ കോഴ്സുകൾകൂടി ഡിസൈൻ ചെയ്യുന്ന സാഹചര്യത്തിൽ ഈയൊരു കാര്യംകൂടി പി.എസ്.സി.-യുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കണം. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എച്ച്. സലാം</u>: സർ, ഇവിടെ പറഞ്ഞതുപോലെ കേരളാ പി.എസ്.സി. നിയമനത്തിന്റെ കാര്യത്തിൽ ഏറ്റവും ഉയർന്ന നിരക്കിലേയ്ക്ക്

വരുന്നുണ്ടെങ്കിലും കേരളത്തിലുണ്ടാകുന്ന പ്രശ്നം എന്തെന്നാൽ റാങ്ക് ലിസ്റ്റിലുള്ള അവസാനത്തെ ആൾക്കും ജോലി കിട്ടും എന്നൊരു പ്രതീക്ഷ നൽകിയിട്ട് ഒഴിവ് നികത്തി ലിസ്റ്റ് ബ്രേക്ക് ആകുമ്പോൾ ജോലി കിട്ടാത്തവരുടെ മനസ്സിൽ ഒരു അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇന്നത്തെ ആധുനിക സാഹചര്യത്തിൽ സർവ്വീസിലുള്ള ആളുകൾ ജോലിയിൽ പ്രവേശിച്ച ദിവസവും റിട്ടയർ ചെയ്യുന്ന ദിവസവും ആർക്കും മനസ്സിലാക്കാൻ കഴിയുന്ന സിസ്റ്റത്തിലായതിനാൽ അതുകൂടി ഉപയോഗപ്പെടുത്തി നിലവിൽ സർക്കാർ സർവ്വീസിലെ ഒഴിവുകൾ ഡിപ്പാർട്ടുമെന്റ് തലവന് മാത്രമല്ല പൊതുജനങ്ങൾക്കുകൂടി മനസ്സിലാകുന്ന നിലയിൽ പി.എസ്.സി. മാറിയാൽ ഏത് വകുപ്പിൽ എത്ര ഒഴിവുണ്ടെന്ന് ഉദ്യോഗാർത്ഥികൾക്കുതന്നെ സ്വയം ബോധ്യമാകുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരുന്ന സാഹചര്യമുണ്ടാകും. ഈ വിഷയം നേരത്തെ ഞാൻതന്നെ ഒരു സബ്മിഷനായി സഭയിൽ ഉന്നയിച്ചതാണ്. അങ്ങനെയൊരു സിസ്റ്റത്തിലേയ്ക്ക് പി.എസ്.സി. എത്രയുംവേഗം എത്തിയാൽ ഇത്രയേറെ നിയമനങ്ങൾ നടക്കുന്ന ഇന്ന് ഉദ്യോഗാർത്ഥികൾക്കിടയിലുണ്ടാകുന്ന തെറ്റായ രീതി അവസാനിപ്പിക്കാൻ

കഴിയുമെന്നൊരു ബോധ്യം ബഹുമാനപ്പെട്ട അംഗത്തിനുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഉന്നത വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമാണ് നമ്മുടെ സർക്കാർ കൊടുത്തുകൊണ്ടിരിക്കുന്നത്. നവകേരള സൃഷ്ടിക്കുശേഷം വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കാനുള്ള ഇടപെടൽ ഗവൺമെന്റ് നടത്തുമ്പോൾ..., ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ, ഉദാഹരണത്തിന്, എം.എ. സൈക്കോളജി എന്നുള്ളത് മാറി എം.എസ്സി. സൈക്കോളജി എന്ന പുതിയ കോഴ്സ് വന്നാൽ പി.എസ്.സി. വിജ്ഞാപനം വരുമ്പോൾ എം.എസ്സി. സൈക്കോളജി എന്നുള്ളത് അതിൽ ഉൾപ്പെടുന്നില്ല എന്നുള്ളതാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. തീർച്ചയായും അതും ഈ ചർച്ചയിലൂടെ പി.എസ്.സി.യുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെ ബഹുമാനപ്പെട്ട അംഗം എച്ച്. സലാം ചോദിച്ച ചോദ്യം, അൻപത് പേർക്കാണ് നിയമനം കൊടുക്കുന്നതെങ്കിൽ നൂറ് പേരുടെ ലിസ്റ്റ് വരെയാകാം, എന്നാൽ അത് ഇരുന്നൂറോ മുന്നൂറോ വരെയാകുമ്പോൾ ആ ഉദ്യോഗാർത്ഥികൾ അങ്ങേയറ്റം പ്രതീക്ഷയോടുകൂടിയായിരിക്കുമിരിക്കുന്നത്.

മി. ചെയർമാൻ: ദയവായി പ്രസംഗം എത്രയും വേഗം

അവസാനിപ്പിക്കണം.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, രണ്ട് മിനിറ്റുകൊണ്ട് നിർത്താം. സ്വാഭാവികമായും അത്തരത്തിലൊരു വലിയ ലിസ്റ്റ് ക്രമപ്പെടുത്തുന്നതിനുകൂടിയുള്ള സമീപനം പി.എസ്.സി. സ്വീകരണം. ഒരു ഗവൺമെന്റ് ജോലി എന്നത് പ്രതീക്ഷയോടുകൂടി ആഗ്രഹിക്കുന്ന സമൂഹമാണ് കേരളത്തിലുള്ളത് എന്നതിനാൽ അത്തരത്തിലൊരു ഇടപെടൽ പി.എസ്.സി.-യുടെ ഭാഗത്തുനിന്നും വരേണ്ടതാണ്.

അതുപോലെതന്നെ ട്രാൻസ്ജെന്റേഴ്സ് സംവരണ വിഭാഗത്തിലേയ്ക്ക് വരുന്നില്ല. അടുത്ത കാലത്ത് ആരോഗ്യ വകുപ്പിൽ പ്രത്യേകമായ ചില തീരുമാനങ്ങൾ വന്നിട്ടുണ്ട്. അതുകൊണ്ട് എല്ലാ വകുപ്പുകളിലും ട്രാൻസ്ജെന്റേഴ്സ് ആയിട്ടുള്ള ആളുകൾക്ക് പ്രത്യേക പരിഗണന നൽകണമെന്നുകൂടി ഈ ചർച്ചയിലൂടെ മുന്നോട്ടുവയ്ക്കുകയാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ചെറുപ്പക്കാരുടെ വികാരം നമ്മൾ ഈ സഭയിൽ പ്രകടിപ്പിക്കേണ്ടവരാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇടംപിടിച്ച് കാത്തുനിൽക്കുന്ന പതിനായിരക്കണക്കിന് യുവതീ-യുവാക്കൾ നിരന്തരം നമ്മളോട് പറയുന്നതെന്തെന്നാൽ സംസ്ഥാനത്ത് നിലവിൽ വന്ന

ഒഴിവുകൾ തന്നെ റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒരു സാഹചര്യമുണ്ടെന്നാണ്. റാങ്ക് ലിസ്റ്റിലുള്ളവർതന്നെ പിരിവെടുത്ത് കോടതിയിൽപ്പോയി direction വാങ്ങുന്ന സംഭവം ഞാൻ അഭിഭാഷകനായിരുന്നപ്പോൾതന്നെ എത്രയോ തവണ വന്നിരിക്കുന്നു. അങ്ങനെയൊരു സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഒരു വനിതയായതുകൊണ്ട് ഈ വിഷയം ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്, വനിതാ പോലീസ് കോൺസ്റ്റബിൾ ലിസ്റ്റിൽനിന്നും നിയമനം നടക്കുന്നില്ല എന്നുപറഞ്ഞ്.., സർക്കാരിന് സാമ്പത്തിക പ്രതിസന്ധിയൊക്കെ കാണും, അതൊന്നും ആരും നിഷേധിക്കുന്നില്ല, പക്ഷെ കാര്യക്ഷമമായ രീതിയിൽ റിക്രൂട്ട്മെന്റ് നടക്കാതെ പോകുന്നത് മൊത്തത്തിലുള്ള സിസ്റ്റത്തെ ദുർബലപ്പെടുത്തുമെന്നും അർഹതപ്പെട്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതു കാരണം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇടം പിടിച്ചിട്ടും ജോലി കിട്ടാത്ത അവസ്ഥയുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഞാൻ ആദ്യംതന്നെ പറഞ്ഞു ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചെറുപ്പക്കാർക്ക് പ്രതിവർഷം ജോലി കൊടുക്കുന്ന ഒരു പി.എസ്.സി. സംവിധാനമാണ് കേരളത്തിലേത്. എന്നാൽ ചില

അവസരങ്ങളിൽ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ഞാൻ ഇന്നും ഓർക്കുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ 2016-ൽ അധികാരത്തിൽവന്ന അവസരത്തിൽ വളരെയേറെ താൽപര്യമെടുത്ത് എല്ലാ വകുപ്പ് മേധാവികളോടും വളരെ കർശനമായ നിർദ്ദേശമാണ് ഇതുസംബന്ധിച്ച് നൽകിയത്. ചില വകുപ്പുകളിൽനിന്നും ഇപ്പോഴും ചില പോരായ്മകൾ വരുന്നതായി ചർച്ചകളിലൂടെ പുറത്തുവരുന്നുണ്ട്, അത് പരിഹരിക്കപ്പെടേണ്ടതുതന്നെയാണ്. എന്നാൽ വിദ്യാഭ്യാസ വകുപ്പ് 6000-ലധികം പേർക്കാണ് നിയമനം കൊടുത്തത് എന്നുള്ള ഏറ്റവും ശ്രദ്ധേയമായ കാര്യംകൂടി ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എല്ലാ വകുപ്പുകൾക്കും കൃത്യമായ നിർദ്ദേശം കൊടുത്ത് ഒഴിവുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യിപ്പിക്കാൻ വേണ്ടിയുള്ള സജീവ ശ്രദ്ധ കൂടി വേണം. ഏറ്റവും ഗ്ലാമറായിട്ടുള്ള ജോലിയാണ് സർക്കാർ ജോലി എന്നാണ് എല്ലാവരും കരുതുന്നത്. പക്ഷെ നേരത്തെ പറഞ്ഞതുപോലെ ഏത് ജില്ലയിൽപ്പോയി ഏത് സാഹചര്യത്തിൽ ജോലി ചെയ്യാനുമുള്ള എല്ലാ സംവിധാനങ്ങളും ഗവൺമെന്റ് ഉണ്ടാക്കിക്കൊടുക്കുമ്പോൾ ജനങ്ങളോട് ഏറ്റവും ഗ്ലാമറോടുകൂടിതന്നെ

അവരുടെ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് പി.എസ്.സി. വഴി നിയമനം കിട്ടുന്ന എല്ലാവരും ശ്രമിക്കണം എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് ആൻഡ് കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ നിയമ ഭേദഗതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നത് നല്ലതുതന്നെ,

സന്തോഷപൂർവ്വംതന്നെ അതിനെ സ്വാഗതം ചെയ്യുകയാണ്. എന്നാൽ നിയമം പാസ്സാക്കിയതുകൊണ്ടുമാത്രം ലക്ഷ്യം നേടാൻ സാധിക്കില്ല. അത് നടപ്പിലാക്കാൻകൂടി നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്. 01-02-2023-ന് ശ്രീ. ഷാഫി പറമ്പിലിന്റെ ചോദ്യം നമ്പർ 46-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ നിയമസഭയിൽ നൽകിയ മറുപടിയിൽ ഇരുപത്തിനാല് സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടെങ്കിലും സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതുകൊണ്ട് നിയമനം നടത്താൻ സാധിക്കുന്നില്ലായെന്നാണ് വ്യക്തമാക്കിയത്. കേരളത്തിലെ ലക്ഷോപലക്ഷം അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ സർക്കാർ ജോലിയെന്ന സ്വപ്നവുമായി സമീപിക്കുന്ന ഭരണഘടനാ സ്ഥാപനമാണ് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ. അടുത്ത കാലത്തായി പി.എസ്.സി.-യെ ഉദ്യോഗാർത്ഥികൾക്ക് അത്രയും വിശ്വാസം പോരാത്ത ഒരു സ്ഥിതിവിശേഷമുണ്ടായിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് പ്രതിഭാശാലികളായ നമ്മുടെ യുവതയുടെ മനുഷ്യവിഭവശേഷി വിദേശത്തേയ്ക്ക് ചേക്കേറാനുള്ള അനഭിലഷണീയമായ പ്രവണത കാണിക്കുന്നത്. അത് ഈ വിശ്വാസ തകർച്ചയുടെ ഒരു കാരണമാണ്. 2018-ലെ പ്രളയം, തുടർന്നുണ്ടായ കോവിഡ് മഹാമാരി എന്നീ

ഘട്ടങ്ങളിലെല്ലാം വിവിധ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തെങ്കിലും അവ നികത്താതെ നിരവധി റാങ്ക് ലിസ്റ്റുകൾ ഇതിനോടകം റദ്ദായതുമൂലം നിരവധി ഉദ്യോഗാർത്ഥികളുടെ സ്വപ്നങ്ങളാണ് തകർന്നുപോയത്. പലർക്കും പ്രായപരിധി കഴിഞ്ഞ് മറ്റ് പി.എസ്.സി. പരീക്ഷകൾക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ചിലർ ജീവിത പ്രാരാബ്ദത്തിൽ പഠനം ഉപേക്ഷിച്ച് മറ്റ് ജോലികൾക്ക് പോയി. ഇതിനൊക്കെ കാരണമായി മനസ്സിലാക്കുന്നത് സർക്കാർ ഒഴിവുകൾ വേഗത്തിൽ റിപ്പോർട്ട് ചെയ്യാത്തതും പി.എസ്.സി. വേഗത്തിൽ നിയമനം നടത്താത്തതുമാണ്. നിരവധി സ്ഥാപനങ്ങളുടെ നിയമനം സർക്കാർ പി.എസ്.സി.ക്ക് വിടുന്നുണ്ട്. എന്നാൽ താഴെത്തട്ടിൽ ഇതിന് വിപരീതമായ കാര്യങ്ങളാണ് നടക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ ആത്മാർത്ഥതയിൽ സംശയമുണ്ട്. സംസ്ഥാനത്ത് ഏതാണ്ട് 115 കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ക്ഷേമനിധി ബോർഡുകൾ, 22 സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ 137 സ്ഥാപനങ്ങളിലെ നിയമനങ്ങൾ മാറിമാറി വന്ന കേരളത്തിലെ യു.ഡി.എഫ്. - എൽ.ഡി.എഫ്. ഗവൺമെന്റുകൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

എന്നാൽ ഇതിൽ 84 സ്ഥാപനങ്ങൾ മാത്രമാണ് നിയമന ചട്ടങ്ങൾ രൂപീകരിച്ചത്. ഇതിൽതന്നെ എത്ര സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമനം ആരംഭിച്ചുവെന്നതിനെ സംബന്ധിച്ച് ഇതുവരെയും യാതൊരു വ്യക്തതയുമില്ലായെന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. പി.എസ്.സി.ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്താനുള്ള സ്പെഷ്യൽ റൂളുകൾ സമയബന്ധിതമായി രൂപീകരിക്കാൻ ഇപ്പോഴും തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. അതിന് ശാശ്വതമായൊരു പരിഹാരമുണ്ടാക്കണമെന്നാണ് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നത്. ഇത്തരത്തിലുള്ള നിയമനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാനുള്ള കൃത്യമായ പരിശ്രമം സർക്കാരിനില്ല. അതുകൊണ്ടുതന്നെ ഇത് കൃത്യമായി പാലിക്കാത്തത് ബോധപൂർവ്വമായ ഒരു വീഴ്ചയാണോ എന്നുള്ളത് ആരെങ്കിലും സംശയിച്ചാൽ തെറ്റ് പറയാൻ സാധിക്കില്ല. അനധികൃത നിയമനങ്ങളും പിൻവാതിൽ നിയമനങ്ങളും നടത്താൻ വേണ്ടിയുള്ള ഒരു നീക്കമായിട്ടാണ് പൊതുവെ എല്ലാവരും അതിനെ സംശയിക്കുന്നത്. നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട പല സ്ഥാപനങ്ങളിലും ഇപ്പോഴും പിൻവാതിൽ നിയമനങ്ങൾ തകൃതിയായി

നടക്കുന്നുണ്ട്. സംവരണ തത്വങ്ങൾ അട്ടിമറിച്ചുകൊണ്ട് നടക്കുന്ന ഈ നിയമനങ്ങൾ വലിയ സാമൂഹിക അസമത്വത്തിലേയ്ക്ക് സമൂഹത്തെ തള്ളിവിടും. നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട പല ബോർഡുകളും കോർപ്പറേഷനുകളും പൊതുമേഖലാ സ്ഥാപനങ്ങളും നിയമന ചട്ടങ്ങൾ രൂപീകരിക്കാതെയും സ്റ്റാഫ് ഘടന ഉറപ്പാക്കാതെയും അനധികൃത പിൻവാതിൽ നിയമനങ്ങൾ നടത്തുന്നുവെന്ന നിരവധി വാർത്തകളും റിപ്പോർട്ടുകളുമാണ് എല്ലാ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ പി.എസ്.സി. സംവിധാനത്തിന്റെ കാര്യക്ഷമതയിൽ വലിയൊരു പോരായ്മ സംഭവിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാണ് കേരളത്തിലെ പി.എസ്.സി. എന്ന കാര്യം ബഹുമാനപ്പെട്ട അംഗം യു. പ്രതിഭ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ ഇക്കാര്യത്തിൽ അടുത്ത കാലത്തുണ്ടായ വിശ്വാസ തകർച്ചയുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഈ വിഷയം വളരെ ഗൗരവമായിതന്നെ കേരള നിയമസഭ ചർച്ച ചെയ്യണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. റാങ്ക് ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കാതെയും അഡ്വൈസ് നടപടികൾ വൈകിപ്പിച്ചും അറിഞ്ഞോ അറിയാതെയോ ഇത്തരം പിൻവാതിൽ നിയമനങ്ങൾക്ക് പി.എസ്.സി.യും

പ്രത്യക്ഷമായും പരോക്ഷമായും ഒത്താശ ചെയ്തുകൊടുക്കുന്നുവെന്ന കാര്യം ഞാനിവിടെ പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ഒഴിവുകൾ പൂഴ്ത്തിവച്ച് താൽക്കാലിക ജീവനക്കാരെ സർക്കാർ സഹായിക്കുമ്പോൾ, റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽപോലും യഥാസമയം നിയമനം നടത്താതെ പി.എസ്.സി.യും ഉദ്യോഗാർത്ഥികളെ വട്ടം കറക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. മാനദണ്ഡങ്ങൾ അനുസരിച്ചുള്ള മാർക്കുണ്ടായിട്ടും ഷോർട്ട് ലിസ്റ്റിൽപോലും ഉൾപ്പെടുന്നില്ലായെന്ന പരാതിയും അടുത്തകാലത്തായി ഉദ്യോഗാർത്ഥികളിൽ നിന്നും ഏറെ വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. പല റാങ്ക് പട്ടികകളിൽനിന്നുള്ള നിയമനങ്ങളും ഒച്ചിന്റെ വേഗതയിലാണ് നടക്കുന്നത്. റാങ്ക് ലിസ്റ്റ് വേഗത്തിൽ പ്രസിദ്ധീകരിക്കുകയും നിയമനം അതിവേഗത്തിൽ നടത്തുമെന്നും പി.എസ്.സി. ചെയർമാൻ ആവർത്തിച്ച് പറഞ്ഞിട്ടും ഇതെല്ലാം ജലരേഖയായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. മൂല്യനിർണ്ണയം കഴിഞ്ഞ പി.എസ്.സി. പരീക്ഷകളുടെ റാങ്ക് ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കാത്തതുമൂലം ഉദ്യോഗാർത്ഥികൾ ഏറെ ആശങ്കയിലാണ്. ഒഴിവുകൾ വേഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഒരു വകുപ്പും ഇപ്പോൾ പാലിക്കുന്നില്ലായെന്ന സ്ഥിതിയിലേയ്ക്ക്

എത്തിയിട്ടുണ്ട്. ഇതുൾപ്പെടെയുള്ള നിരവധി വീഴ്ചകൾ ഇപ്പോഴും പി.എസ്.സി.-യുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. നിലവിൽ ഓരോ വകുപ്പുകളിൽനിന്നുള്ള ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വലിയ കാലതാമസമെടുക്കുകയാണ്. റിട്ടയർമെന്റിന് ഒരുവർഷം മുമ്പുതന്നെ ആന്റിസിപ്പേറ്ററി വേക്കൻസി റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും അത് പാലിക്കപ്പെട്ടിട്ടില്ലായെന്ന കാര്യം സർക്കാർ പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. വകുപ്പുകളിൽനിന്നും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കൃത്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ വിവരാവകാശ നിയമപ്രകാരം ശേഖരിക്കുന്ന വിവരങ്ങളുമായി ഓഫീസുകളിൽ കയറിയിറങ്ങി എം.എൽ.എ.-മാരെ കണ്ട് ഇക്കാര്യങ്ങളൊക്കെ ഉന്നയിച്ചുകൊണ്ട് നടക്കുന്നത് സ്ഥിരം കാഴ്ചയായി മാറുകയാണ്. ഇതിന് നേതൃത്വം നൽകുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ.............

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, വിവിധ വകുപ്പുകളിലെ ഒഴിവുകൾ

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കാൻ സംസ്ഥാനതലം മുതൽ താഴോട്ട് അതിനുവേണ്ടിയുള്ള പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സജീവ് ജോസഫ്: സർ, പലപ്പോഴും ഇത്തരത്തിലുള്ള നിർദ്ദേശങ്ങളും സർക്കുലറുകളും ഇറങ്ങിയിട്ടുണ്ടെങ്കിലും അതൊന്നും പ്രാവർത്തികമാക്കുന്നില്ലെന്ന കാര്യമാണ് ചൂണ്ടിക്കാണിക്കാനുള്ളത്. നാമെല്ലാം അറിഞ്ഞ ഏറെ ചർച്ചാ വിഷയമായ നിഷ ബാലകൃഷ്ണനെന്ന ഉദ്യോഗാർത്ഥിക്ക് നഗരകാര്യ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ വീഴ്ചയെത്തുടർന്ന് നിയമനം നഷ്ടമായ സംഭവത്തെ വളരെ ഗൗരമായി കാണേണ്ടതാണ്. ഇതിന് മാറ്റം കൊണ്ടുവരണം. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നത് നിയമപരമായ ബാധ്യതയാക്കി മാറ്റേണ്ടതായിട്ടുണ്ട്. അല്ലാതെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിന് ഉദ്യോഗാർത്ഥികൾ ഓഫീസുകൾ കയറിയിറങ്ങി നടക്കേണ്ട സാഹചര്യമുണ്ടാകരുതെന്ന കാര്യം ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെടുകയാണ്. വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

കേരളത്തിന്റെ സവിശേഷ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഇതൊരു ഉദ്യോഗാർത്ഥിയുടെ അവകാശമാണെന്ന് കണ്ടുകൊണ്ട് പ്രത്യേകിച്ച് Right to Employment എന്നുള്ളത് നമ്മുടെ ഭരണഘടനാപരമായ മൗലികാവകാശമാണ്. മാത്രമല്ല, സർക്കാരിന്റെയും പി.എസ്.സി.-യുടെയും ഉത്തരവുണ്ട്. ഇതിലെല്ലാം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അവരുടെ ഉത്തരവാദിത്വം ഉറപ്പുവരുത്താനുള്ള കർശനമായ നടപടി ഗവൺമെന്റ് പരിശോധിക്കണം. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. അതിനാവശ്യമായ നിയമ ഭേദഗതി വരുത്തികൊണ്ടും സേവനാവകാശ നിയമംപോലെ കണ്ടുകൊണ്ടും ഇത്തരത്തിലുള്ള വീഴ്ചകൾ വരുത്തുന്ന ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കാനുള്ള നടപടിയുൾപ്പെടെയുള്ള കാര്യങ്ങളിൽ ആവശ്യമായ പരിശോധന നടത്തി തയ്യാറാക്കണമെന്ന് സർക്കാരിനോട് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. പല വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കരാർ/താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിനാണ് എപ്പോഴും താൽപ്പര്യം. കെ.എസ്.ഇ.ബി.-യുടെ കാര്യത്തിൽത്തന്നെ

2017-നുശേഷം പ്രധാനപ്പെട്ട മിക്ക തസ്തികകളിലും പി.എസ്.സി. വഴി നിയമനം നടത്തിയിട്ടില്ല. വൈദ്യുതി ബോർഡിൽ വിവിധ വിഭാഗങ്ങളിലായി ആയിരത്തിലധികം തസ്തികകളാണ് ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്നത്. ഈ ഒഴിവുകൾ കൃത്യമായി നികത്തുകയാണെങ്കിൽ തൊഴിൽ കാത്തുനിൽക്കുന്ന ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് അത് വലിയൊരു അനുഗ്രഹമായി മാറും. എന്നാൽ ഈ ഒഴിവുകളിലേയ്ക്ക് ഇപ്പോൾ കരാർ/താൽക്കാലിക അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. പല വകുപ്പുകളിലെയും സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിച്ചാൽ നിരവധി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കും. കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്യും. അതുപോലെ, പുതിയതായി രൂപീകരിക്കുന്ന കേരള പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ പ്രവർത്തനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള റിക്രൂട്ട്മെന്റ് നടപടികളെയോ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാധ്യതകളെയോ യാതൊരു വിധത്തിലും ബാധിക്കില്ലെന്ന കാര്യംകൂടി സർക്കാർ ഉറപ്പുവരുത്തണം. പി.എസ്.സി. പോലെയുള്ള ഭരണഘടനാപരമായ

സംവിധാനങ്ങൾ നിലവിലുള്ളപ്പോൾ ഇത്തരത്തിൽ മറ്റൊരു റിക്രൂട്ടിംഗ് സംവിധാനത്തിന്റെ ആവശ്യമുണ്ടോയെന്ന കാര്യം സർക്കാർ പരിശോധിക്കേണ്ടതുണ്ട്. ഇതുകൂടാതെയാണ് ഇപ്പോൾ CMD (Centre for Management Development) വഴി നിരവധി നിയമനങ്ങൾ നടത്തുന്നത്. യഥാർത്ഥത്തിൽ CMD റിക്രൂട്ട്മെന്റ് നടത്താനുള്ള ഒരു സ്ഥാപനമല്ല, അതിനുള്ള അവകാശവുമില്ല. എല്ലാ കരാർ/താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തണമെന്ന് നിയമമുള്ളപ്പോൾത്തന്നെ CMD മുഖേന നടത്തുന്നത് നിയമ വിരുദ്ധമാണ്. കാരണം സംവരണതത്വം പാലിക്കുന്നില്ല, പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ തഴയുന്നു. അങ്ങനെ 3067352 പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലിക്കായി കാത്തുനിൽക്കുന്നത്. എന്നാലിവിടെ 6200 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടന്നപ്പോൾ 190000 പിൻവാതിൽ നിയമനങ്ങളാണ് കേരളത്തിൽ അടുത്തകാലത്ത് നടന്നതെന്ന് ഒരു മാധ്യമ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് അധികാര ദുർവിനിയോഗത്തിന്റെ ആഴവും പരപ്പുമാണ് വ്യക്തമാക്കുന്നത്. ഭരണഘടനാപരമായ സംവിധാനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ എല്ലാ

സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമന നടപടികൾ പി.എസ്.സി.-യുടെ കീഴിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. അതിന് പുതിയ റിക്രൂട്ടിംഗ് ഏജൻസികളെ നിയമിക്കുന്ന രീതി ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്നു. പി.എസ്.സി.-യെ കൂടുതൽ ശക്തിപ്പെടുത്താനും നിലവിലുള്ള ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിലവിൽ നിയമനം പി.എസ്.സി.-ക്ക് വിട്ട എല്ലാ സ്ഥാപനങ്ങളിലും സ്പെഷ്യൽ റൂൾ കൃത്യമായും സമയബന്ധിതമായും തയ്യാറാക്കുന്നതിനുംവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും അടിയന്തര സാഹചര്യങ്ങളിലെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമായി പരിമിതപ്പെടുത്തണമെന്നും സർക്കാരിനോട് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഇവിടെ അവതരിപ്പിച്ച ബില്ലിന്റെ ഉള്ളടക്കത്തെ പൊതുവെ പിന്തുണച്ചുകൊണ്ടാണ് ബഹുമാന്യരായ രണ്ട് അംഗങ്ങളും സംസാരിച്ചത്. നമ്മുടെ രാജ്യത്തെ നിയമസഭകളിൽ

ഇതുപോലെയൊരു നിയമം പാസ്സാക്കുന്ന ഏക നിയമസഭ ഒരുപക്ഷെ കേരളത്തിലേതായിരിക്കുമെന്ന കാര്യം എല്ലാവർക്കും ഉറപ്പിച്ച് പറയാം. കാരണം മറ്റൊരിടത്തും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനെക്കുറിച്ച് പുതിയതായി ആലോചിക്കുന്നില്ലായെന്ന് മാത്രമല്ല, നിലവിലുള്ള ഒഴിവുകൾതന്നെ എങ്ങനെ നികത്താതിരിക്കാം എന്നതിലാണ് ഗവേഷണം നടത്തുന്നത്. ഇവിടെ ബഹുമാനപ്പെട്ട യു. പ്രതിഭ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിൽ 2016 മുതൽ 2023 വരെയുള്ള കാലയളവിൽ 215687 പേരെയാണ് പി.എസ്.സി. വഴി വിവിധ തസ്തികകളിലായി നിയമിച്ചിട്ടുള്ളത്. അതായത്, കേരളത്തിൽ ഒരു വർഷം ശരാശരി 30000 പേരെ പി.എസ്.സി. മുഖേന നിയമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പി.എസ്.സി. മുഖേന നിയമനം ലഭിച്ച മറ്റുസംസ്ഥാനങ്ങളിലെ കണക്കുകൾ ഇന്നലെ സൂചിപ്പിക്കുകയുണ്ടായി. ഗുജറാത്തിൽ ഏഴ് കോടി പതിനഞ്ച് ലക്ഷം ജനസംഖ്യയിൽ ഒരു വർഷം പി.എസ്.സി. വഴി 628 പേരെയും രാജസ്ഥാനിൽ എട്ട് കോടി മുപ്പിയാറ് ലക്ഷം ജനസംഖ്യയിൽ ഒരു വർഷം പി.എസ്.സി. മുഖേന 4095 പേരെയും പശ്ചിമബംഗാളിൽ 10,38,15,877 (പത്ത് കോടി മുപ്പത്തിയെട്ട് ലക്ഷത്തി

പതിനയ്യായിരത്തി എണ്ണൂറ്റി എഴുപത്തിയേഴ്) ജനസംഖ്യയിൽ ഒരു വർഷം പി.എസ്.സി. വഴി 937 പേരെയുമാണ് നിയമിച്ചിട്ടുള്ളത്. ഭൂപ്രദേശത്തിൽ കേരളം ജനസംഖ്യയിൽ ചെറിയൊരു സംസ്ഥാനമാണ്. മൂന്നര കോടിയോളം ജനങ്ങൾ കേരളത്തിലുള്ളപ്പോൾ ഏഴ് വർഷത്തെ കണക്കിന്റെ ശരാശരി എടുക്കുകയാണെങ്കിൽ കേരളത്തിൽ ഒരു വർഷം പി.എസ്.സി. വഴി 30812 പേരെ നിയമിക്കുന്നുണ്ട്. ഇന്ത്യയിലെ ഏത് സംസ്ഥാനത്തെക്കാളും കൂടുതൽ ആളുകളെ പി.എസ്.സി. വഴി കേരളം നിയമിക്കുന്നുവെന്നത് യു.ഡി.എഫ്.-യെന്നോ എൽ.ഡി.എഫ്.-യെന്നോ വ്യത്യാസമില്ലാതെ മുഴുവൻ മലയാളികൾക്കും അഭിമാനിക്കാൻ സാധിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ശ്രീമതി യു. പ്രതിഭയും ശ്രീ. സജീവ് ജോസഫും ഉന്നയിച്ച ഒരുകാര്യം ഗൗരവമുള്ളതാണ്. അത് പി.എസ്.സി.-ക്ക് വിട്ടാൽ, സ്പെഷ്യൽ റൂൾസ് വൈകാൻപാടില്ലെന്നുള്ളത് വളരെ പ്രസക്തമായ കാര്യമാണ്. ഇവിടെ ഡോ. എൻ. ജയരാജ് ഒരുകാര്യം സൂചിപ്പിക്കുകയുണ്ടായി. പുതിയ കോഴ്സുകൾ വരുന്നത് പി.എസ്.സി.-യുടെ നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തണം. പി.എസ്.സി. ഒരു ഭരണഘടനാ സ്ഥാപനമാണ്, പക്ഷേ തൊഴിൽ കൊടുക്കുന്ന സ്ഥാപനമല്ല. ഏത് കാറ്റഗറിയിൽ ഏത് യോഗ്യതയെ

അടിസ്ഥാനപ്പെടുത്തി എത്ര തൊഴിൽ കൊടുക്കണമെന്ന് ഓരോ വകുപ്പും ആവശ്യപ്പെടുന്നതനുസരിച്ച് സെലക്ഷൻ നടത്തുന്ന സംവിധാനമാണ് പി.എസ്.സി. ഒരു പോസ്റ്റിന് എന്ത് യോഗ്യതവേണമെന്ന് തീരുമാനിക്കുന്നത് പി.എസ്.സി. അല്ല. അത് സ്പെഷ്യൽ റൂൾസിന്റെ ഭാഗമായി വരേണ്ടതാണ്. അപ്പോൾ സ്പെഷ്യൽ റൂൾസും നിരന്തരം പുതുക്കേണ്ടിവരും. കാരണം ഉന്നതവിദ്യാഭ്യാസ രംഗം അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണ്. പുതിയ കോഴ്സുകളും ഇന്റർഡിസിപ്ലിനറി, മൾട്ടി ഡിസിപ്ലിനറി കോഴ്സുകളും വരുന്നു. ആ കോഴ്സുകൾക്കനുസരിച്ച് ഈ മേഖലയിൽ മാറ്റങ്ങൾ വരേണ്ടതുണ്ട്. എന്നാൽ അത്തരം കോഴ്സുകൾ സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കാൾ മറ്റുമേഖലയിലാണ് കൂടുതൽ തൊഴിൽസാദ്ധ്യതയുള്ളതെന്നുള്ളത് യാഥാർത്ഥ്യമാണെങ്കിലും അതിൽ ഏതൊക്കെ ഇതിനകത്തുൾപ്പെടുത്താൻ കഴിയുമെന്നുള്ളത് അതത് ഭരണവകുപ്പുകൾ സ്പെഷ്യൽ റൂൾ തയ്യാറാക്കുമ്പോൾ പരിശോധിക്കേണ്ടതാണ്. പബ്ലിക് സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചതിനെ സംബന്ധിച്ച് എന്തിനാണ് അങ്ങനെയൊരു സംവിധാനമെന്ന് ശ്രീ. സജീവ് ജോസഫ് സൂചിപ്പിക്കുകയുണ്ടായി. നേരത്തെ അതത് കമ്പനികളാണ്

നിയമിച്ചുകൊണ്ടിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരാളെപ്പോലും ഒരു കമ്പനിയും നേരിട്ട് നിയമിച്ചിട്ടില്ല. ഇപ്പോൾ വിരമിച്ച ചീഫ് സെക്രട്ടറി ചെയർമാനായി, നേരത്തെ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡിന്റെ ചെയർമാനായിരുന്നയാൾ അംഗമായി. അങ്ങനെ ഉയർന്ന പ്രൊഫഷണലായിട്ടുള്ള ഒരു ബോർഡാണ് ഇപ്പോൾ രൂപീകരിച്ചിട്ടുള്ളത്. ബോർഡ് രൂപീകരിക്കുമ്പോൾത്തന്നെ അതിൻകീഴിൽ ധാരാളം സ്ഥാപനങ്ങളുണ്ട്. ഓരോ സ്ഥാപനത്തിലെയും ജോലിക്ക് ആവശ്യമായ യോഗ്യതകൾ വ്യത്യസ്തമായിരിക്കും. ടെക്നിക്കലി വളരെ ഉയർന്ന മേഖലകളാണ്. ചിലപ്പോൾ എഞ്ചിനീയറിംഗോ അതിൽനിന്നും വ്യത്യസ്തമായതോ ആകാം. റൂൾസെല്ലാം ബോർഡ് രൂപീകരിക്കുന്നതോടൊപ്പംതന്നെ നോട്ടിഫൈ ചെയ്യാൻ കഴിയും. വളരെ ശ്രദ്ധേയമായിത്തന്നെ അക്കാര്യം നിർവ്വഹിക്കാൻ കഴിഞ്ഞു. ഇപ്പോൾ റിക്രൂട്ട്മെന്റ് പ്രോസസ്സിലേയ്ക്ക് പോകുകയാണ്. ബന്ധപ്പെട്ട സ്ഥാപനങ്ങളെല്ലാം എത്രയും പെട്ടെന്ന് സ്പെഷ്യൽ റൂൾസ് രൂപീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. അത് വരുന്നതുവരെ അത്യാവശ്യമാണെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിമാത്രമേ നിയമനം

നടത്താവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. താൽക്കാലികമായി ജോലി ചെയ്യുന്നവരുടെ കാര്യം എങ്ങനെയായിരിക്കുമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ഉമാദേവി കേസിനുശേഷം പിൻവാതിൽ നിയമനങ്ങളെ സംബന്ധിച്ച് പൊതുവായൊരു മാനദണ്ഡം സുപ്രീംകോടതി വച്ചിട്ടുണ്ട്. എന്നാൽ 4500 പേരെമാത്രം പി.എസ്.സി. വഴി നിയമിച്ച രാജസ്ഥാൻ കേരളത്തിലെ മലയാള മനോരമ, മാതൃഭൂമി ഉൾപ്പെടെ എല്ലാ മലയാള പത്രങ്ങളിലും പരസ്യം കൊടുക്കുന്നതെന്തിനാണ്? അവിടെ ജില്ല രൂപീകരിക്കുമ്പോൾ, അവിടെ 50 ജില്ല രൂപീകരിക്കുമെന്നുള്ളത് മലയാളിയെ സംബന്ധിച്ച് വലിയ താൽപ്പര്യമുള്ള വാർത്തയാകണമെന്നില്ല, അതുപോലും ഒന്നാംപേജിൽ പരസ്യം കൊടുക്കുന്നതിന്റെ പുറകിലുള്ള താൽപര്യമെന്താണെന്ന് പരിശോധിക്കേണ്ടതാണ്. അവർ 1,10,000 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്നാണ് ഒന്നാംപേജിൽ കൊടുത്ത പരസ്യം. ബഹുമാന്യരായ യുവ കോൺഗ്രസ് എം.എൽ.എ.-മാർ പിൻവാതിൽ നിയമനത്തെക്കുറിച്ചൊക്കെ വളരെ ശക്തമായി വാദിക്കുമ്പോൾ ദേശീയതലത്തിലൊക്കെ നല്ല പരിചയമുള്ള ആളുകൾ രാജസ്ഥാനിൽ ചെയ്ത

രീതിയെക്കുറിച്ച് അവരുടെ അഭിപ്രായമെന്താണെന്നറിയാൻ കേരളത്തിന് പൊതുവെ താല്പര്യമുണ്ടായിരിക്കും. യഥാർത്ഥത്തിൽ ഇത്തരം കാര്യങ്ങളിലെങ്കിലും അവിടന്ന് ഒന്നാംപേജിൽ പരസ്യം കൊടുക്കാതിരുന്നാൽ ഞങ്ങൾക്കിത് പ്രസംഗിക്കാനുള്ള വകുപ്പ് കിട്ടില്ലെന്നുള്ള കാര്യമെങ്കിലും നിങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നത് നന്നായിരിക്കും. പിൻവാതിൽ നിയമനത്തെക്കുറിച്ച് ശ്രീ. സജീവ് ജോസഫ് ഇവിടെ സൂചിപ്പിച്ചു. ഇതുസംബന്ധിച്ച് കൗതുകകരമായൊരു കാര്യമുണ്ട്. പൊതുഭരണ സെക്രട്ടേറിയറ്റിൽ അനേകവർഷമായി സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന 27 സെക്യൂരിറ്റി ഗാർഡുമാർ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ച് നിരന്തരം അപേക്ഷകൾ സമർപ്പിച്ചിരുന്നു. അതിന്റെ നടപടി പൂർത്തീകരിച്ചപ്പോഴേയ്ക്കും പി.എസ്.സി. റാങ്ക് ലിസ്റ്റ് വരികയും ആ റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് പോവുകയും ചെയ്തു. അങ്ങനെ അഡ്വൈസ് ചെയ്തതിൽ 27 എണ്ണം തിരികെ വിളിച്ച് ഈ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്നാണ് 2015 ഡിസംബർ ഏഴാം തീയതി അന്നത്തെ മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ മറുപടി. അതൊരു

അസാധാരണമായ സംഭവമായിരിക്കുന്നു. പി.എസ്.സി. അഡ്വൈസ് ചെയ്തതുപോലും തിരിച്ചുവിളിച്ച് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കാലം കേരളത്തിലുണ്ടായിരുന്നുവെന്നുള്ളത്, നമ്മളിപ്പോൾ ലോകപ്രശസ്ത എഴുത്തുകാരൻ മിലാൻ കുന്ദേരയെയൊക്കെ ഇപ്പോഴും ഉദ്ധരിക്കുമ്പോൾ ആ മറവികൾക്കെതിരെ ഈ ഓർമ്മകളുടെ വീണ്ടെടുക്കൽകൂടി ശ്രദ്ധിക്കേണ്ടതാണ്. പിൻവാതിൽ നിയമനമൊക്കെ മാറി ഈ രൂപത്തിലേയ്ക്ക് വരുന്നതിനെ പിന്തുണയ്ക്കണം. ഇതുപോലൊരു സംഭവമുണ്ടെങ്കിൽ എടുത്തുപറഞ്ഞോളൂ. അഡ്വൈസ് മെമ്മോ കൊടുത്തിട്ട് തിരിച്ചുവിളിച്ച് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയെന്നുള്ളത് കേരള ചരിത്രത്തിലെ അത്യപൂർവ്വമായ സംഭവമാണ്. രാജ്യസഭയിൽ ശ്രീ. വി. ശിവദാസൻ എം.പി.-ക്ക് 2023 ജൂലൈ 27-ന് നൽകിയ മറുപടിയനുസരിച്ച് കേന്ദ്രസർക്കാരിൽ 964355 ഒഴിവുകളാണുള്ളത്. എന്നുവച്ചാൽ രണ്ടുവർഷമായി ഒഴിഞ്ഞുകിടക്കുന്നത് ആ കണക്കിലുള്ളതാണ്. അതിനുശേഷം വന്നത് കൂട്ടുകയില്ല. പത്ത് ലക്ഷത്തോളം ഒഴിവുകളാണ് അവിടെയുള്ളത്. 45 കേന്ദ്ര സർവ്വകലാശാലകളിലായി 22412 ഒഴിവുകളും സിവിൽ സർവ്വീസിൽ 3411 വേക്കൻസികളുമുണ്ട്. ഇതാണ് രാജ്യത്തെ

ഗവൺമെന്റിന്റെ സ്ഥിതി. മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതിയും ഞാൻ സൂചിപ്പിക്കുകയുണ്ടായി. അതിൽനിന്നും വ്യത്യസ്തമായിട്ടാണ് കേരളത്തിൽ നിലപാട് സ്വീകരിച്ചിരിക്കുന്നത്. ശ്രീമതി യു. പ്രതിഭയും ശ്രീ. പി. വി. ശ്രീനിജിനും ഇടപെട്ടുകൊണ്ട് പി.എസ്.സി.-യുടെ സ്ട്രെങ്ത്തിനെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. ഇപ്പോൾ പരമാവധി ഓൺലൈനിലേയ്ക്ക് പോകുന്നതുകൊണ്ട് പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനും ഓൺലൈൻ സംവിധാനങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം കൊല്ലത്തെ ഒരു ഓഫീസ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. അവിടെ മുഴുവനും ഓൺലൈൻ എക്സാമിനുള്ള കേന്ദ്രങ്ങളാണ്. എല്ലാ ജില്ലകളിലും അത്തരം കേന്ദ്രങ്ങൾ വരികയാണ്. ഇപ്പോൾ കേന്ദ്രസർവ്വകലാശാലകളുടെയും മറ്റ് സർവ്വകലാശാലകളുടെയും എൻട്രൻസ് പരീക്ഷയുണ്ടായിരുന്നതെല്ലാം ഓൺലൈനാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും അതിനുള്ള കേന്ദ്രങ്ങളുണ്ട്. അത്തരം കേന്ദ്രങ്ങളുപയോഗിച്ചുള്ള ഓൺലൈൻ പരീക്ഷകൾ ശക്തിപ്പെടുത്തുന്നുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതു മുതൽ റാങ്ക് പട്ടിക

തയ്യാറാക്കുന്നതുവരെയുള്ള എല്ലാ നടപടികളും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞിട്ടുണ്ട്. പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിയമന ശിപാർശകൂടി കമ്പ്യൂട്ടർവൽക്കരിക്കാനാണുദ്ദേശിക്കുന്നത്. 2022-ൽ വിജ്ഞാപനം ചെയ്ത എല്ലാ തസ്തികകളിലെയും പരീക്ഷകൾ 2023-ൽത്തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. യൂണിഫോം ഫോഴ്സിന്റെ പ്രത്യേകത എന്തെന്നാൽ റാങ്ക് ലിസ്റ്റ് ഒരുവർഷത്തേയ്ക്ക് മാത്രമേയുള്ളൂ. അതത് വർഷത്തിൽത്തന്നെ അതിന്റെ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്ന രീതിയും ഇപ്പോൾ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഒഴിവുകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒഴിവുള്ളതനുസരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ചില കമ്മീഷൻ റിപ്പോർട്ടുകളെക്കൂടി അടിസ്ഥാനപ്പെടുത്തി സംവരണത്തെയെല്ലാം മാനിച്ചുകൊണ്ട് നമ്മുടെ റാങ്ക് ലിസ്റ്റുകൾക്ക് കുറച്ച് വലിപ്പം കൂടുന്നു. ഒഴിവുകൾക്കുവേണ്ടിയുള്ള റാങ്ക് ലിസ്റ്റാണ്. റാങ്ക് ലിസ്റ്റിനുവേണ്ടിയുള്ള തസ്തികകളുടെ സൃഷ്ടിക്കലല്ല. വളരെ കഷ്ടപ്പെട്ട് പഠിച്ച് റാങ്ക് ലിസ്റ്റിൽ ഒരിടം ലഭിച്ചുകഴിഞ്ഞാൽ ആ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം കിട്ടണമെന്ന വികാരം സ്വാഭാവികമായുമുണ്ടാകും. കാരണം കഠിനമായി

അദ്ധ്വാനിച്ചിട്ടാണല്ലോ അവർ വരുന്നത്. റാങ്ക് ലിസ്റ്റിലുൾപ്പെടുന്ന എല്ലാവർക്കും ആ വികാരമുണ്ടാകും. അതിനെ ചുരുക്കികാണേണ്ടതില്ല. ഒഴിവിന് ആനുപാതികമായിട്ടാണ് ആളുകളെ റിക്രൂട്ട് ചെയ്യാൻ കഴിയുന്നത്. റാങ്ക് ലിസ്റ്റിനാനുപാതികമായി തസ്തികകൾ ക്രിയേറ്റ് ചെയ്യാൻ ശ്രമിച്ചാൽ ഈ സംവിധാനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. ഈ പ്രതിസന്ധികൾക്കിടയിലും 48000-ത്തോളം പുതിയ തസ്തികകൾ കേരളത്തിൽ സൃഷ്ടിക്കാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. ലിസ്റ്റിൽ റിപ്പോർട്ട് ചെയ്തുകഴിഞ്ഞാൽ അഡ്വൈസ് ചെയ്യണമെന്നില്ല. ആ കാലാവധിക്കകത്ത് റിപ്പോർട്ട് ചെയ്യുന്ന എല്ലാ ഒഴിവുകളും ആ ലിസ്റ്റിൽ നിന്നുമാത്രമെ എടുക്കാൻ കഴിയുകയുള്ളൂ. അടുത്ത ലിസ്റ്റിൽനിന്നും എടുക്കാൻ കഴിയില്ല. ഈ മാസം അവസാനിക്കുന്ന ലിസ്റ്റുണ്ടെങ്കിൽ ഇന്നുവരെയുള്ള എല്ലാ ഒഴിവുകളും അതിൽനിന്നും മാത്രമേ എടുക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഒഴിവിനനുസരിച്ച് ആനുപാതികമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ ഉദ്യോഗാർത്ഥികൾ ഇത്രമാത്രം കഷ്ടപ്പെട്ട് പഠിച്ച് കാത്തിരിക്കേണ്ട ആവശ്യം വരുന്നില്ല. സി.പി.ഒ. റാങ്ക്

ലിസ്റ്റിൽ 2453 പേരോളമുണ്ട്. അതിൽ 422 പേരെ മാത്രമെ ഇപ്പോൾ നിയമിച്ചിട്ടുള്ളൂ. അവരെല്ലാം 4 വർഷത്തോളമായി പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. അത്തരത്തിൽ തീരുമാനമെടുത്താൽ ഈ ഉദ്യോഗാർത്ഥികളുടെ അനിശ്ചിതത്വം മാറ്റുന്നതിന് ഗുണകരമാകില്ലേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഇനി മൂന്ന് ബില്ലുകൾകൂടി പരിഗണിക്കാനുണ്ട്. ഇങ്ങനെ വഴങ്ങിയാൽ ബുദ്ധിമുട്ടാണ്.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. 10 വേക്കൻസി മാത്രമേയുള്ളൂവെങ്കിൽ 30 റാങ്ക് മതിയല്ലോയെന്ന് പെട്ടെന്ന് തോന്നാം. സംവരണത്തിന്റെ മാനദണ്ഡമനുസരിച്ച് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ നിർദ്ദേശം വന്നത്. അതിൽ എല്ലാതരത്തിലും സംവരണം ഉറപ്പുവരുത്താനുള്ള എണ്ണംകൂടി ക്രമീകരിച്ചിട്ടാണ് റാങ്ക് ലിസ്റ്റ് വരുന്നത്. അതാണ് കേരളത്തിലെ റാങ്ക് ലിസ്റ്റുകളുടെ വലിപ്പം കൂടുന്നത്. റാങ്ക് ലിസ്റ്റ് ചെറുതായിപ്പോയെന്ന് ശ്രീ. സജീവ് ജോസഫ് ഇവിടെ ചൂണ്ടിക്കാട്ടി. അത് ശ്രീമതി കെ. കെ. രമ ശ്രദ്ധിച്ചിട്ടുണ്ടാവില്ല. നിയമപരമായിട്ടാണ് അത് ചെയ്തുകൊണ്ടിരിക്കുന്നത്. ഒഴിവുകളെല്ലാം കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. അങ്ങ് പറഞ്ഞത്

ശരിയാണ്. അതിനകത്തൊരു സംവിധാനമുണ്ടോ; സംവിധാനമുണ്ടെന്നുമാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ച് യോഗം വിളിച്ചുചേർത്തിരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നാൽ ഉത്തരവാദിത്തമുള്ള ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനുള്ള വ്യവസ്ഥകൂടി ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. താൽക്കാലിക നിയമനങ്ങളെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയാണ് നിയമനം നടത്തുന്നത്. നമ്മുടെ രാജ്യത്ത് ഏതെങ്കിലും നിയമസഭയോ പാർലമെന്റോ ഇതുപോലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നു എന്ന നിയമം പാസ്സാക്കുന്ന ഏക നിയമസഭ കേരളമാണ്. ആ സുതാര്യത ഉറപ്പുവരുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. പി.എസ്.സി.-യുടെ വിശ്വാസ്യതയാകെ തകർന്നതുകൊണ്ടാണ് ആളുകളൊക്കെ പുറത്തേയ്ക്ക് പോകുന്നതെന്ന് ബഹുമാനപ്പെട്ട സജീവ് ജോസഫ് പറഞ്ഞു. അതിന് മറ്റുപല ഘടകങ്ങളുണ്ട്; അക്കാര്യം ഞാൻ വിശദീകരിക്കുന്നില്ല. ഇത് പറയുമ്പോൾത്തന്നെ പി.എസ്.സി. പരീക്ഷ എഴുതുന്നവരുടെ എണ്ണം

കൂടികൊണ്ടിരിക്കുന്നുവെന്നതാണ് നമ്മൾ കാണേണ്ടത്. അങ്ങനെ കൂടുന്നത് പി.എസ്.സി.യോടുള്ള വിശ്വാസ്യത കുറഞ്ഞതുകൊണ്ടാണോ? വിശ്വാസ്യതയുണ്ടെന്ന കാര്യം ഒന്നുകൂടി ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ശക്തിപ്പെടുത്താൻ ശ്രമിക്കുന്നതോടൊപ്പം മറ്റ് രീതിയിലുള്ള നിയമനങ്ങൾ സംബന്ധിച്ച കാര്യങ്ങളും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. സർക്കാർ നിയമനങ്ങൾ വളരെ ചെറിയ ശതമാനം മാത്രമായതിനാൽ മറ്റ് തരത്തിലുള്ള നിയമനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ശ്രമങ്ങളും സർക്കാർ നടത്തുന്നുണ്ട്. ഒന്നാം നൂറുദിന പരിപാടിയുടെ ഭാഗമായി അൻപതിനായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാർ പ്രഖ്യാപിക്കുകയും 116440 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. സംരംഭക വർഷം പദ്ധതി-1, രണ്ടാമതും നടന്നുകൊണ്ടിരിക്കുന്നു, ഇതിലൂടെ കേരളത്തിൽ 320480 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. നമുക്ക് വേണ്ടത് മറ്റുമേഖലയിലുള്ള തൊഴിലവസരങ്ങളാണ്. പി.എസ്.സി.-യോടൊപ്പംതന്നെ വ്യവസായം, ടൂറിസം, ഐ.ടി. മേഖലകൾ ശക്തിപ്പെടുത്തി കൂടുതൽ തൊഴിലുണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട്

ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(iv) 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

ബിൽ സർക്കുലേറ്റ് ചെയ്യുന്നതിലെ കാലതാമസം

ഡോ. മാത്യു കുഴൽനാടൻ: സർ, ഏറെക്കാലമായി വളരെയധികം ആശങ്കയുണ്ടാക്കിയിട്ടുള്ളതും ധാരാളം പേർ ഡിമാന്റ് ചെയ്തിട്ടുള്ളതുമായ ഒരു ബില്ലാണിത്. റൂൾസ് ഓഫ് പ്രൊസീഡ്യുവർ 69 (5) പ്രകാരം, "Where a Bill is published in Malayalam, the translation of the same in the English

version shall also be published under the authority of the Governor in pursuance of Article 348 (3) of the Constitution and copies of the Bill circulated among Members before the date of introduction of the Bill. Where the Bill is published in English, the translation of the Bill in Malayalam version shall be published and [copies circulated among the Members before the date of introduction of the Bill]". ഇത് amended version ആണ്. നേരത്തെയാണെങ്കിൽ രണ്ട് ദിവസംമുമ്പ് ബിൽ സർക്കുലേറ്റ് ചെയ്യണമായിരുന്നു. ഇന്നലത്തെ കവറിൽ ഈ ബിൽ ലഭിച്ചിട്ടില്ല. നമുക്കെല്ലാം സഭയിൽ മറുപടി പറയാൻ തയ്യാറായി വരണമെങ്കിൽ ബില്ലിന്റെ ഡ്രാഫ്റ്റെങ്കിലും ലഭിക്കേണ്ടതല്ലേ? ഈ ബിൽ അവതരിപ്പിക്കുന്നത് തടസ്സപ്പെടുത്താനായി പറയുന്നതല്ല. വളരെയധികം ലാഘവത്തോടുകൂടി ബില്ലുകൾ അവതരിപ്പിക്കുന്നത് നല്ല രീതിയല്ല. ബിൽ സംബന്ധിച്ച് തയ്യാറെടുപ്പ് നടത്താനുള്ള സമയം ലഭിച്ചിട്ടില്ലെന്ന വീഴ്ച ചൂണ്ടിക്കാണിക്കുകയെന്നുള്ളതാണ് പ്രധാനം.

<u>ബിൽ സർക്കുലേറ്റ് ചെയ്യുന്നതിലെ കാലതാമസം</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ,

ബഹുമാനപ്പെട്ട അംഗം അങ്ങനെയൊരു വാദഗതി ഉന്നയിക്കുന്നതിലെ പ്രയാസം ഞാൻ രേഖപ്പെടുത്തുകയാണ്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, 1960-ൽ ആരംഭിച്ച് വർഷങ്ങൾക്കുശേഷം നാട്ടിലെ മുഴുവൻ ജനങ്ങളുടെയും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനപ്രതിനിധികളുടെയും ദീർഘകാലത്തെ ആവശ്യം പരിഗണിച്ചാണ് ഈ നിയമത്തിന്റെ തയ്യാറെടുപ്പിലേയ്ക്ക് പോയിട്ടുള്ളത്. നിയമസഭയിൽ നിരവധി ഉപക്ഷേപങ്ങൾ, സബ്മിഷനുകൾ, ശ്രദ്ധക്ഷണിക്കലുകൾ തുടങ്ങിയവയും ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായങ്ങളും കേരളത്തിൽ ദീർഘകാലമായി നടന്നുകൊണ്ടിരിക്കുന്ന നിരവധി നിയമയുദ്ധങ്ങളും അങ്ങനെ അക്ഷരാർത്ഥത്തിൽ മൂന്നാറിലോ ഇടുക്കിയിലോ മാത്രമല്ല കേരളത്തിലാകെ പതിച്ചുകൊടുക്കപ്പെട്ട ഭൂമിയിലെ വ്യവസ്ഥാ ലംഘനങ്ങൾ സംബന്ധിച്ച് വലിയ പ്രശ്നമുണ്ടായ ഘട്ടത്തിലാണ് ബില്ലിലേയ്ക്ക് കടക്കുന്നത്. അടിയന്തര പ്രാധാന്യമുള്ള വിഷയമായിട്ടാണ് സർക്കാർ ഇതിനെ കാണുന്നത്. അതുകൊണ്ട് ഈ സഭാസമ്മേളനത്തിൽത്തന്നെ ഈയൊരു ബിൽ അവതരിപ്പിക്കണമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് വലിയ ആഗ്രഹവും നിർബന്ധവുമുണ്ട്. ഈ ബിൽ

അവതരിപ്പിക്കാൻ നേരത്തേ ഷെഡ്യൂൾ ചെയ്തതാണെങ്കിലും ഇത് അവതരിപ്പിക്കാനുള്ള തീയതി ആദ്യത്തെ ബി.എ.സി. കൂടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും മുഖ്യമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷനായി നമ്മൾ തീരുമാനിച്ചിരുന്നതാണ്. എന്നാൽ ഇന്നലെ ചേർന്ന ബി.എ.സി. യോഗത്തിൽ 16-08-2023-ന് അവതരിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്ന എല്ലാ ബില്ലുകളും നേരത്തെ അവതരിപ്പിക്കണമെന്ന പൊതുനിർദ്ദേശമുണ്ടായപ്പോൾ ഈ സഭാസമ്മേളനത്തിനുള്ളിൽ ഇത് അവതരിപ്പിക്കണമെന്ന് നിർബന്ധമുള്ളതുകൊണ്ടാണ് വളരെയേറെ ധൃതിപിടിച്ച് അവതരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഈ ബിൽ അവതരിപ്പിച്ച് നിയമം ഓപ്പൺ ചെയ്യുന്നുവെന്ന് മാത്രമേയുള്ളൂ. ഇതുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ്. മാത്രമല്ല, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുള്ള പ്രമേയം മാത്രമേ ഈ ബിൽ അവതരണത്തിലുള്ളൂ. അതിനുശേഷം ആവശ്യമായ പരിഗണനകളും, എല്ലാ അംഗങ്ങൾക്കും വകുപ്പ് തിരിച്ച് ചർച്ച ചെയ്യാനുള്ള ആവശ്യങ്ങളുമെല്ലാം പരിഗണിച്ചതിനുശേഷം മാത്രമാണ് ഈ ബിൽ എടുക്കുന്നത്. അതുകൊണ്ട് ഇത്രയും ഗൗരവമുള്ള

ബില്ലാണിതെന്ന് നേരിട്ടറിയാമായിരുന്നിട്ടും ഇതെല്ലാം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ അംഗീകരിച്ച് ഈ സഭയിൽ അവതരിപ്പിക്കുന്ന കാര്യത്തിൽ തടസ്സവാദം ഉന്നയിക്കുന്നത് ശരിയല്ല. അത് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ബില്ലിലെ തടസ്സവാദങ്ങൾ ശരിയല്ല. മേലിൽ ഇത്തരമൊരു പ്രശ്നമുണ്ടാകില്ല. പ്രത്യേകമായി ഈ ബില്ലിനോടുള്ള താൽപര്യംകൊണ്ടുകൂടിയാണ് ഇക്കാര്യം ഉന്നയിക്കണമെന്ന് ഞങ്ങൾ ആഗ്രഹിച്ചത്. അതുകൊണ്ട് ഈ തടസ്സം നിലനിൽക്കാത്ത വിധം ബിൽ അവതരണത്തിന് അനുമതി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. ആർ. രാജീവ്): സർ, ബിൽ അവതരിപ്പിക്കേണ്ടതില്ലായെന്നത് പ്രസ് ചെയ്താൽ നമുക്കത് ചർച്ച ചെയ്യാവുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ബിൽ അവതരണം തടസ്സപ്പെടുത്തിയതല്ല. ഈ ബില്ലിന്റെ ഗൗരവവും സ്പിരിറ്റുമെല്ലാം ഉൾക്കൊള്ളുന്നു. But at the same time we should not be casual about it.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഇന്ന് സഭ പരിഗണിക്കുന്ന 2023-ലെ കേരള ഗവണ്മെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബില്ലിന്റെ പകർപ്പും മലയാള പരിഭാഷയും ഇന്ന് രാവിലെ മാത്രമാണ് അംഗങ്ങൾക്ക് ലഭ്യമായതെന്നും ഇതുമൂലം ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് പഠിക്കുവാൻ അംഗങ്ങൾക്ക് വേണ്ടത്ര സമയം ലഭിച്ചില്ലായെന്നുമാണ് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ തന്റെ തടസ്സവാദത്തിലൂടെ ഇവിടെ ഉന്നയിച്ചത്.

ബില്ലിന്റെ കോപ്പികൾ ചട്ടത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം മുൻകൂട്ടി അംഗങ്ങൾക്ക് വിതരണം നടത്തുവാൻ കാലതാമസം സംഭവിച്ചതിന്റെ കാരണങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ഇന്നലെ ചേർന്ന കാര്യോപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 9-ാം സമ്മേളന നടപടികളിൽ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്താനുണ്ടായ സാഹചര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ പരാമർശ വിധേയമായ ബിൽ യഥാർത്ഥത്തിൽ ആഗസ്റ്റ് 16-ാം തീയതിയാണ് സഭ പരിഗണിക്കാൻ നിശ്ചയിച്ചിരുന്നത്. പുതിയ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ബിൽ ഇന്നുതന്നെ സഭ മുമ്പാകെ വരുന്നത്.

സ്വാഭാവികമായും ബിൽ തയ്യാറാക്കൽ സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ച് കോപ്പികൾ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ കുറച്ച് കാലതാമസമുണ്ടായി എന്നത് ഒരു വസ്തുതയാണ്. എന്നാൽ, ഇക്കാര്യത്തിൽ ബോധപൂർവ്വമായ ഒരു കാലതാമസമുണ്ടായിട്ടില്ല എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 69 (5)-ലെ വ്യവസ്ഥയുടെ ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ചട്ടം 76 (2)-ന്റെ ക്ലിപ്തനിബന്ധനയിൽ പരാമർശിച്ചിട്ടുള്ള വിവേചനാധികാരം വിനിയോഗിച്ചുകൊണ്ട് ചെയർ ബില്ലിന് അവതരണാനുമതി നൽകുകയാണ്.

തടസ്സവാദമുന്നയിച്ചത് ചെയറിന്റെ ഡിസ്ക്രീഷനറി പവർ ഉപയോഗിച്ച് ഓവർ റൂൾ ചെയ്യു.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ</u>

ജോർജ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാജൻ: സർ, യഥാർത്ഥത്തിൽ ഭൂമിയുമായി ബന്ധപ്പെട്ട് സങ്കീർണ്ണമായ പ്രശ്നങ്ങളുണ്ട്. പക്ഷേ, ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിച്ചതുപോലെ സമയം കൂടുതലെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രാരംഭമായി അധികം സംസാരിക്കുന്നില്ല. 1960-ലെ കേരള ഗവണ്മെന്റ് ഭൂമി പതിച്ചു കൊടുക്കൽ നിയമത്തിൽ നാല് ഭേദഗതികളാണ് യഥാർത്ഥത്തിൽ ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. ആ ഭേദഗതികൾ മാത്രമെ സബ്ജക്ട് കമ്മിറ്റി പരിഗണിക്കണമെന്ന പ്രശ്നത്തിന്റെ മുമ്പിൽ ഉദ്ദേശിക്കുന്നുള്ളൂ. നിലവിൽ വ്യത്യസ്തമായ കാരണങ്ങളാൽ ഭൂമിപതിവ് നിയമങ്ങളിലും അതിന്റെ ഭാഗമായ ചട്ടങ്ങളിലും പറഞ്ഞ വിധത്തിൽനിന്ന് മാറിപ്പോയിട്ടുള്ളവയെ ക്രമവത്കരിച്ച് പോകണമെന്ന് ആഗ്രഹിക്കുന്ന വിധത്തിലാണ് 4 എ (1) വകുപ്പ് കൊണ്ടുവന്നിരിക്കുന്നത്. സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരമുള്ള വ്യവസ്ഥാ ലംഘനങ്ങൾ ക്രമീകരിച്ച് നൽകാൻ പ്രത്യേകമായ അനുവാദം സർക്കാരിന് നൽകികൊണ്ടുള്ള മാറ്റമുണ്ടാകണമെന്നാണ് 4 എ (1)-ലൂടെ നിഷ്കർഷിക്കുന്നത്. നിലവിൽ വ്യവസ്ഥാ ലംഘനങ്ങൾ ഒന്നും നടന്നില്ലെങ്കിൽപോലും നിയമം

അംഗീകരിക്കുന്ന തീയതി വരെ, പതിച്ചുകൊടുത്ത ഭൂമി മറ്റേതെങ്കിലും ആവശ്യത്തിന് വിനിയോഗിക്കാൻ പട്ടാദാർക്ക് അനുവാദം നൽകാൻ സർക്കാരിന് പ്രത്യേകം വ്യവസ്ഥകളോടെ അനുവാദം നൽകുന്ന ഭേദഗതിയാണ് 4 എ(2)-ലൂടെ ഉന്നയിച്ചിട്ടുള്ളത്. അതോടൊപ്പം ചട്ടം രൂപീകരിക്കാനുള്ള അവകാശം സർക്കാരിന് കൊടുക്കാനും കഴിയുന്ന തരത്തിൽ നാല് ഭേദഗതികളാണുള്ളത്. ചർച്ചകൾക്കുശേഷം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നതിനുമുമ്പായി കൂടുതൽ സംസാരിക്കുന്നതാണ്.

ശ്രീ. പി. സി വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: സമയക്ലിപ്തത പാലിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ബില്ലിന്മേൽ സംസാരിക്കുമ്പോൾ അങ്ങനെയൊരു നിയന്ത്രണമില്ലല്ലോ? We all respect the constrain, but

that doesn't mean that there is a bar for the time.

ഞാൻ ഈ ബിൽ കൊണ്ടുവന്നതിന്റെ സ്പിരിറ്റിനെ സ്വാഗതം ചെയ്യുകയാണ്. കാരണം നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ കഴിഞ്ഞ ഒരുപാട് കാലമായി പട്ടയഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകൾ അനുഭവിക്കുന്ന പ്രയാസത്തിന്റെയും ബുദ്ധിമുട്ടിന്റെയുമൊക്കെ പശ്ചാത്തലത്തിലാണ് ഇതിന് ഒരു പരിഹാരം കാണുന്നതിനുവേണ്ടി ശ്രമിച്ചത്. 1960-ലെ കേരള ഗവണ്മെന്റ് ഭൂമി പതിച്ചു കൊടുക്കൽ നിയമവും 1964-ലെ കേരള ഭൂപതിവ് റൂൾസും ശരിയായി അമന്റ് ചെയ്ത് ഒരു exemption കൊടുക്കുന്നതിനുള്ള ഉദ്ദേശത്തോടെയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സമീപനത്തിന്റെ പ്രശ്നം എന്താണെന്നാൽ, നമ്മളെപ്പോഴും ഒരു piecemeal ലെജിസ്ലേഷനിലാണ് പോകുന്നത്. ഇപ്പോൾ ഒരു പ്രശ്നം വന്നപ്പോൾ അതിനെ അഡ്രസ്സ് ചെയ്യാൻ വേണ്ടി ഒരു അമന്റ്മെന്റ് കൊണ്ടുവന്ന് പരിഹരിക്കുകയാണ്. ഇതിന്റെ പുറകേ അടുത്ത പ്രശ്നം വരുന്നു. കാലാനുസൃതമായിട്ട്, കാലഘട്ടം ആവശ്യപ്പെടുന്നതനുസരിച്ചാണ് നിയമങ്ങൾ കൊണ്ടുവരേണ്ടത്. കേരളമെന്നുപറയുന്നത് വളരെ ചെറിയൊരു സംസ്ഥാനമാണ്. കേരളത്തിലെ ലാന്റ് വളരെ സെൻസിറ്റീവായിട്ടുള്ള

റിസോഴ്സും വിഷയവുമാണ്. ആ ലാന്റുമായി ബന്ധപ്പെട്ട് ഒരുപാട് കേസുകളും പ്രശ്നങ്ങളുമുണ്ട്. ഗവൺമെന്റിന്റെ തന്നെ വളരെ കോൺഫ്ലിക്റ്റിംഗായിട്ടുള്ള ഓർഡറുകളും സർക്കുലറുകളും കാരണം ക്ലാരിറ്റിയില്ലായ്മയുടെ പ്രശ്നമുണ്ട്. This Act was enacted in 1960 and rules was brought in 1964. അന്നുമുതൽ 2010-2016 വരെ ഒരു രീതിക്ക് നമ്മൾ വരികയായിരുന്നു. 2016-ലാണ് ഈ കോംപ്ലിക്കേഷൻ മുഴുവനുണ്ടാകുന്നത്. അങ്ങേയ്ക്ക് കൃത്യമായി അറിയാവുന്ന കാര്യമാണ്. പട്ടയ ഭൂമിയെ സംബന്ധിച്ച് പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത ഒരു നിലപാടാണ് ഈ സംഗതികളെല്ലാം ഇത്രയും കുഴയാൻ കാരണമായത്. അപ്പോൾ ഇതിന് ഒരു പരിഹാരം കാണുന്നതിനുപകരം, കേരളത്തെ മുഴുവൻ ഒരു peace of land ആയി കണ്ടുകൊണ്ട് ഒരു മാസ്റ്റർ പ്ലാനുണ്ടാക്കണം. ഭൂമിയെ സംബന്ധിച്ച് കേരളത്തിനുവേണ്ടത് അതാണ്. കേരളത്തിലെ തീരദേശ-മലയോര മേഖലകളെയും അർബൻ-സെമിഅർബൻ മേഖലകളെയും സംബന്ധിച്ചെല്ലാം നിയമങ്ങളുമുണ്ട്. അതുപോലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണത്തിനുവേണ്ടിയും നിയമമുണ്ട്. ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്ന ഒരു കാര്യം, ഈ ബിൽ

പട്ടയഭൂമിയുമായി ബന്ധപ്പെട്ട എല്ലാ വിഷയവും പരിഹരിക്കുമെന്ന് അങ്ങ് പ്രതീക്ഷിക്കുന്നുണ്ടോ? ഇത് പട്ടയഭൂമിയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നവും പരിഹരിക്കില്ല. കാരണം 1960-ന് മുമ്പ് കൊടുത്ത പുതുവൽ പട്ടയമുണ്ട്. ആ പട്ടയം 1950-ലെ നിയമപ്രകാരം നൽകിയതാണ്, 1958-ൽ അതിന്റെ റൂൾ വന്നിട്ടുണ്ട്. So that will be left out. ഇനി പുതുവൽ പട്ടയമുള്ള ആളുകളെല്ലാംകൂടി അങ്ങയുടെ പുറകെ വരും. അങ്ങ് ഇനി അതിനുവേണ്ടി വേറൊരു അമന്റ്മെന്റ് കൊണ്ടുവരേണ്ടിവരും. കേരളത്തിലെ മുഴുവൻ ഭൂവിനിയോഗത്തെ സംബന്ധിച്ച് ഒരു comprehensive approach ഉണ്ടാകുന്നില്ല. Karnataka is much better. കാരണം അഗ്രികൾച്ചർ ലാന്റ് വളരെ കൃത്യമായി അവർ ഡീ-മാർക്ക് ചെയ്തു. അതുപോലെ നമ്മുടെ പ്ലാന്റേഷൻ ഭൂമി സംബന്ധിച്ച്, we don't have a clarity. നമ്മുടെ കയ്യിൽ ധാരാളം ലാന്റുണ്ട്. പ്ലാന്റേഷനുവേണ്ടി ഒരു നിയമവും നമുക്കുണ്ട്. ആ ലാന്റിൽ ഒന്നും ചെയ്യാൻ പാടില്ല, എന്താണ് ചെയ്യേണ്ടതെന്ന് ആർക്കും അറിയാനും പാടില്ല, ഡൈവേർഷൻ നടക്കണോ നടക്കണ്ടേ? ചിലർ ഇടയ്ക്ക് മുറിച്ചുവിൽക്കുകയും അത് വീണ്ടും കോംപ്ലിക്കേഷനാകുകയും ചെയ്യുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ടെക്നോളജി ഉപയോഗിക്കാൻ വളരെ

നിസ്സാരമാണ്. നമുക്ക് എത്ര അഡ്വാൻസ്ഡ് ടെക്നോളജിയാണുള്ളത്? The nature of the land can be identified and marked. ഒരാൾ കേരളത്തിൽ ഭൂമി വാങ്ങാൻ വരുമ്പോഴുള്ള പ്രശ്നം പറയാം. ഞാൻ പലപ്പോഴും ലീഗൽ ഒപ്പീനിയൻ കൊടുക്കുന്ന ആളായതുകൊണ്ട് പറയുകയാണ്. ഒരാൾ ഒരു ഭൂമി വാങ്ങിയാൽ അത് എന്തിനൊക്കെ ഉപയോഗിക്കാൻ കഴിയുമെന്ന് അറിയണമെന്നുണ്ടെങ്കിൽ ഒരു ലക്ഷം രൂപയുടെ ലീഗൽ ഒപ്പീനിയൻ എടുത്താലേ മനസ്സിലാക്കാൻ കഴിയൂ. കാരണം കൃത്യമായ ലീഗൽ ഒപ്പീനിയൻ ഇല്ലെങ്കിൽ അയാൾ ഭൂമി വാങ്ങിക്കഴിഞ്ഞതിനുശേഷം അതിലെന്തെങ്കിലും ചെയ്ത് പകുതി വഴിയാകുമ്പോഴായിരിക്കും ഇതിന് ഇന്ന റെസ്ട്രിക്ഷനുണ്ടെന്ന് അറിയുന്നത്. അതെല്ലാം ക്ലാരിറ്റിയോടുകൂടി അടയാളപ്പെടുത്തി, സർവ്വെ നമ്പരുകൾ മാർക്ക് ചെയ്ത്, ഇന്ന സർവ്വെ നമ്പർ എന്നുപറയുന്നത് അഗ്രികൾച്ചർ ഭൂമിയാണെങ്കിൽ അതിൽ ഗ്രീൻ മാർക്ക് ചെയ്ത്, ബാക്കിയുള്ളതിനെ റെസിഡൻഷ്യൽ ഏരിയ ആയി മാറ്റി, അങ്ങനെ ഒരു മാസ്റ്റർ പ്ലാനായി മാറ്റിയാൽ Kerala will be very beautiful. അതിന് ഒരു comprehensive approach ആണ് വേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ദീർഘമായി കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇറക്കിയ രണ്ട് ഉത്തരവുകളുണ്ട്. അതായത് 1801/2010 എന്ന കേസിൽ ഹൈക്കോടതിയുടെ 2010-ലെ ഇടക്കാല ഉത്തരവ് പ്രകാരം 2016 വരെ ആർക്കും ദോഷമില്ലാതെ പോയിക്കൊണ്ടിരുന്നു. ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിന് പിന്നാലെ ആ ഇടക്കാല ഉത്തരവിനെ നിർവ്വചിച്ചുപ്രകാരം പട്ടയ ഭൂമിയിൽ മറ്റ് കാര്യങ്ങൾ ചെയ്യാൻ പാടില്ലെന്ന നിലപാട് സ്വീകരിച്ച് പതിനായിരക്കണക്കിന് കർഷകരെയും പാവപ്പെട്ടവരെയും പ്രതിസന്ധിയിലാക്കിയശേഷം അതിന് പരിഹാരം കാണാൻ നിങ്ങൾ തന്നെ വരുന്നുവെന്നുള്ള കാര്യത്തിൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. അതാണ് ഇതിന്റെ യഥാർത്ഥ വശം. അതിനുശേഷം അങ്ങ് അവസാനിപ്പിക്കുന്നത് എവിടെയാണ്? 4 എ (1) വകുപ്പിലൂടെ ക്രമവത്കരിക്കാനുള്ള അധികാരം ഗവൺമെന്റിന് കൊടുക്കുകയാണ്. അതിന്റെ പ്രൊസീഡ്യുവറാണ് 4 എ(2)-ലൂടെ പറയുന്നത്. അങ്ങ് ആ പ്രൊസീഡ്യുവർ എന്താണെന്ന് കുറച്ചുകൂടി ക്ലാരിറ്റിയോടുകൂടി, open-ended ആയിട്ട് പറയണമായിരുന്നു. ക്രമവത്കരിക്കാൻ നടക്കുന്നവർക്ക് പ്രയാസമുണ്ടാകുന്ന രീതിയിൽ വളരെ narrow ആയ പ്രൊവിഷൻ റൂളിൽ

ഉണ്ടാക്കിക്കഴിഞ്ഞാൽ അത് വലിയ അഴിമതിക്ക് വകവയ്ക്കുമെന്ന് ഞാൻ ഭയപ്പെടുകയാണ്. കാരണം എൽ.എ. പട്ടയഭൂമി കയ്യിലിരിക്കുന്നയാളുകൾക്ക് ഇനി റെഗുലറൈസേഷനുവേണ്ടി പ്രത്യേകം തുക അടയ്ക്കേണ്ടി വരികയോ അല്ലെങ്കിൽ പ്രത്യേകമായി അതിനുവേണ്ടി സർക്കാരിനെ സമീപിക്കേണ്ടി വരികയോ, അനുമതി വാങ്ങേണ്ടി വരികയോ വന്നാൽ ഈ കാലത്ത് അഴിമതിക്കുള്ള വലിയൊരു സാധ്യത സർക്കാർ തുറന്നുകൊടുക്കുന്ന സ്ഥിതിയായിരിക്കും. ഇന്ന് അഴിമതിയെന്നു പറയുന്നത് വളരെ വ്യത്യസ്തമായ തലങ്ങളിലും രീതികളിലും ഈ രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഇത് പറയുമ്പോൾ എനിക്ക് ഏറ്റവും കൗതുകകരമായി തോന്നിയ ഒരു കാര്യം 2011-ൽ ലോക്പാൽ ബില്ലിന്റെ ചർച്ചയിൽ സി.പി.ഐ.(എം.) പാർട്ടി അഴിമതിയെ നിർവ്വചിച്ച്, അഴിമതിയെന്താണെന്ന് പറഞ്ഞ ഒരു ഭാഗമുണ്ടായിരുന്നു. "നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ബോധപൂർവ്വം ഏതെങ്കിലും വ്യക്തിക്കോ സംരംഭത്തിനോ അനർഹമായ ആനുകൂല്യം നൽകുന്നതും പൊതുജനസേവകരിൽനിന്നും അനർഹമായ ആനുകൂല്യങ്ങൾ നേടുന്നതും അഴിമതിയാണ്. സ്വജനപക്ഷപാതം മാത്രമല്ല; സ്വാധീനമുപയോഗിക്കലും അഴിമതിയുടെ പരിധിയിൽ വരണം" ഇത്

സി.പി.ഐ.(എം.) പാർട്ടിയുടെ അഴിമതിയെക്കുറിച്ചുള്ള നിലപാടായിരുന്നു. XXXXX+

മി. സ്പീക്കർ: ചട്ടങ്ങളും റൂളും പാലിക്കാത്ത ഒരു കാര്യവും രേഖയിലുണ്ടാകില്ല. ഇവിടെ ഭൂപതിവ് നിയമമാണ് ചർച്ച ചെയ്യുന്നത്. (...ബഹളം....)

ഡോ. മാത്യു കുഴൽനാടൻ: സർ, അത് പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ?

മി. സ്പീക്കർ: ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

Dr. Mathew Kuzhalnadan: Sir, You need not have to say about that. ചട്ടവും റൂളും പാലിക്കാത്തത് രേഖയിൽ ഉണ്ടാകില്ലെന്ന് പറയുന്നതെന്തിനാണ്? (...ബഹളം....)

മി. സ്പീക്കർ: ബില്ലാണ് എന്നുള്ളതുകൊണ്ട്, എന്തും വിളിച്ചുപറയാനുള്ള വേദിയല്ല ഫ്ലോർ. (...ബഹളം....)

Dr. Mathew Kuzhalnadan: Sir, No… No.. ഞാൻ സംസാരിച്ച് തുടങ്ങിയതേയുള്ളൂ. ചട്ടത്തിനും റൂളിനും വിരുദ്ധമായാണോ സംസാരിച്ചതെന്ന് അങ്ങേയ്ക്ക് നിശ്ചയിക്കാം.

---

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: ഇത് ബില്ലായതിനാൽ ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണം. പകരം അങ്ങനെ എന്തും വിളിച്ച പറയാവുന്ന വേദിയാക്കി ഈ ഫ്ലോറിനെ മാറ്റാൻ ശ്രമിക്കരുത്.... പ്ലീസ്... പ്ലീസ് .. ചെയറുമായി സഹകരിക്കണം. പ്ലീസ്... പ്ലീസ്...

ഡോ. മാത്യു കുഴൽനാടൻ: സർ, സംസാരിക്കുന്ന എന്റെ വിസ്ഡത്തെ റെസ്ട്രിക്റ്റ് ചെയ്യേണ്ട കാര്യമില്ല. I know that what to speak.

മി. സ്പീക്കർ: സംസാരിച്ചപോകുന്നത് എങ്ങോട്ടാണെന്ന് മനസ്സിലാകുമല്ലോ. ബില്ലാണെന്നതിനാൽ എന്തും സംസാരിക്കാമെന്ന് കരുതരുത്.

Dr. Mathew Kuzhalnadan: Sir, No...No… എന്റെ സംസാരം, എന്റെ വിഷയം, ഞാൻ ഉദ്ദേശിക്കുന്ന കാര്യം ചട്ടത്തിനും റൂളിനും വിരുദ്ധമാണെങ്കിൽ you can interfere. Otherwise you can not; I have all the right to speak. How can you interfere? No, the Chair can not interfere. ….. ഞാൻ പറയുന്നത്....

മി. സ്പീക്കർ: ചെയറിന് discretionary power ഉണ്ട്. എന്തും വിളിച്ചപറയാനുള്ള വേദിയല്ല ഫ്ലോർ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറഞ്ഞുവരുന്നത് ഇവിടെ കഴിഞ്ഞദിവസം... (....ബഹളം....)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഈ നിയമത്തിന്റെ അവതരണാനുമതി തേടിയതുമുതൽ ബഹുമാനപ്പെട്ട അംഗം ഇതിന് തടസ്സവാദമുന്നയിക്കുകയാണ്. ഏതെങ്കിലും വിധത്തിൽ സഭയ്ക്ക് ഉൾക്കൊള്ളാനാകാത്ത ചർച്ചകളിലേയ്ക്ക് പോയി ഈ ബില്ലിന് സബ്ജക്ട് കമ്മിറ്റിയുടെ അനുവാദം വാങ്ങി മുന്നോട്ടുകൊണ്ടുപോകാതിരിക്കാനാണ് ലക്ഷ്യമെങ്കിൽ ഈ സർക്കാർ ഈ ബിൽ അവതരിപ്പിക്കും; അത് പാസ്സാക്കും; അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകും.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഒരു കാര്യം വളരെ കൃത്യമായി പറയാം. ഈ ബിൽ അവതരിപ്പിക്കുന്നതിനോടോ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനോടോ എനിക്ക് യാതൊരു പരാതിയുമില്ല. എന്നുവിചാരിച്ച് എനിക്ക് പറയാനുള്ള കാര്യങ്ങൾ പ്രസംഗിക്കേണ്ടെന്ന് പറയാൻ പറ്റില്ല. നിങ്ങളെന്തിനെയാണ് ഭയപ്പെടുന്നത്; (....ബഹളം....) നിങ്ങളെന്തിനാണ് ഭയപ്പെടുന്നത്; (....ബഹളം....) നിങ്ങളാരെയാണ് ഭയപ്പെടുന്നത്;

നിങ്ങളെന്തിനാണ് ബഹളമുണ്ടാക്കുന്നത്; ഞാൻ സംസാരിച്ച് തുടങ്ങിയില്ലല്ലോ; ഇതെന്താണ്? (....ബഹളം....) ഞാനൊന്നും പറഞ്ഞില്ലല്ലോ; സംസാരിച്ച് തുടങ്ങുന്നതിനുമുമ്പ് നിങ്ങൾ ആരെയാണ് ഭയപ്പെടുന്നത്. (....ബഹളം....) ഞാൻ എന്തുപറഞ്ഞുവെന്നാണ്?

മി. സ്പീക്കർ: പ്രത്യേക റൂളിംഗ് തന്നു, ചട്ടവും ക്രമവും പാലിക്കാത്ത ഒരു കാര്യവും സഭാരേഖയിൽ ഉണ്ടാകുന്നതല്ല. അത് ക്ലിയർ കട്ടായി പറഞ്ഞതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ചട്ടവും റൂളും പ്രകാരമല്ലെങ്കിൽ അത് മാറ്റുന്നതിൽ കുഴപ്പമില്ല. ഞാൻ പറയുന്നതിൽ എന്താണ് തെറ്റുള്ളതെന്ന് പറഞ്ഞാൽ മതി. കഴിഞ്ഞ ദിവസം രാജ്യം മുഴുവൻ ശ്രദ്ധിച്ച ഒരു ഫൈൻഡിംഗാണ്. ഇത് ഞാൻ പറഞ്ഞതല്ല. ഈ രാജ്യത്ത് നിയമപരമായി നിലനിൽക്കുന്ന ഒരു ക്വാസി ജുഡീഷ്യൽ ബോഡി എന്ന് പറയാവുന്ന ഒരു അപ്പലേറ്റ് ബോർഡിന്റെ ഫൈൻഡിംഗാണ്. ആ ഫൈൻഡിംഗിനെ സംബന്ധിച്ച് ഈ സഭയിൽ പറയാൻ സാധിക്കില്ലെന്ന് പറഞ്ഞാൽ........ (....ബഹളം....)

**റൂളിംഗ്**

മി. സ്പീക്കർ: റൂൾ 77. "ബില്ലിന്റെ തത്വത്തെപ്പറ്റിയുള്ള ചർച്ച - 76-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും പ്രമേയം അവതരിപ്പിക്കുന്ന ദിവസമോ അഥവാ അതിനെപ്പറ്റിയുള്ള ചർച്ച മാറ്റിവയ്ക്കപ്പെടുന്ന പിന്നീടുള്ള ഏതെങ്കിലും ദിവസമോ ബില്ലിന്റെ തത്വവും അതിലെ വ്യവസ്ഥകളും പൊതുവായി ചർച്ച ചെയ്യപ്പെടാവുന്നതും, എന്നാൽ ബില്ലിന്റെ തത്വങ്ങളെ വിശദീകരിക്കുന്നതിനാവശ്യമായതിൽ കൂടുതലായി അതിന്റെ വിശദാംശങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു." My stand is very clear.

Dr. Mathew Kuzhalnadan: Sir, I know that, we agree with that. കഴിഞ്ഞ ദിവസം ആ ഒരു ഫൈൻഡിംഗുണ്ടായി. XXXXX+ (….ബഹളം....) ഇത് എന്താണ്; എന്തെങ്കിലും പറയുമ്പോൾ നിങ്ങൾക്ക് എന്താണ് കുഴപ്പം; ഞാൻ പറഞ്ഞ് തുടങ്ങുന്നതിനുമുമ്പ് നിങ്ങൾക്ക് എന്താണ് പ്രശ്നം; അങ്ങനെ ഇട്ടിട്ട് പോകാൻ പറ്റില്ല.

മി. സ്പീക്കർ: അങ്ങനെയെങ്കിൽ നിങ്ങൾ സംസാരിക്കേണ്ട.

ഡോ. മാത്യു കുഴൽനാടൻ: സർ, എന്താണ് നിങ്ങളുടെ പ്രശ്നം; ഇവിടെ "വായിൽ തോന്നിയത് കോതയ്ക്ക് പാട്ട്" എന്നുപറയുന്നതുപോലെ

+ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

എന്തൊക്കെ കാര്യങ്ങൾ ഇവിടെ പറയുന്നു; (….ബഹളം….) ആ സമയം നിങ്ങളാരും എഴുന്നേൽക്കില്ലല്ലോ; ഇവിടെ ആരൊക്കെ എന്തൊക്കെ പറയുന്നു. (...ബഹളം...) വ്യക്തിപരമായി ആരെയാണ് പറഞ്ഞത്; ആരെയും പറഞ്ഞില്ല; ഒന്നും സംസാരിച്ചില്ല. സംസാരിക്കാൻ സമ്മതിക്കാതിരുന്നാൽ എന്തുചെയ്യാൻ സാധിക്കും; ഞാൻ സംസാരിച്ച് തുടങ്ങിയപ്പോൾ ആരുടെയെങ്കിലും പേര് പറഞ്ഞോ; ആരുടെയെങ്കിലും കാര്യം പറഞ്ഞോ?

മി. സ്പീക്കർ: ചട്ടവും ക്രമവും പാലിക്കാത്ത ഒരു കാര്യവും സഭാരേഖകളിൽ ഉണ്ടാകുന്നതല്ല.... (….ബഹളം….).

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങനെയാകട്ടെ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, നിയമസഭയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ബില്ലാണ് ഇന്ന് അവതരണത്തിന് വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. മാത്യു കുഴൽനാടൻ ഉൾപ്പെടെ ബഹുഭൂരിപക്ഷം ആളുകൾക്കും നേരിട്ടറിയാവുന്ന ഒട്ടേറെ പ്രശ്നങ്ങളുൾക്കൊള്ളുന്ന വിഷയങ്ങൾ പരിഹരിക്കാൻ പ്രാപ്തമാക്കുന്ന ഒരു ബില്ലാണിത്. 2010-ലെ ഹൈക്കോടതി വിധിയും 2016-ലെ ഗവൺമെന്റ് ഉത്തരവ് ഒന്നുമല്ല വിഷയം. 1960-ലെ ആക്ടും 1964-ലെ ചട്ടപ്രകാരവും നൽകിയിട്ടുള്ള പട്ടയ ഭൂമി വീട് വയ്ക്കുന്നതിനും കൃഷിക്കും

മാത്രമായിരുന്നു ഉപയോഗിക്കാൻ അവകാശമുണ്ടായിരുന്നത്. ഇത് മാറ്റുകയെന്നുള്ളതാണ് നമ്മുടെ ആവശ്യം. ഇതൊരു പൊതുതാൽപര്യമായി എടുക്കണം. ഒരു തർക്കവേദി ആക്കരുത്. ശേഷിച്ച കാര്യങ്ങൾ എങ്ങനെ വേണം തുടങ്ങിയ കാര്യങ്ങളൊക്കെ ആലോചിക്കാൻ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം മടങ്ങിവരുമ്പോൾ ഇവിടെ വിശദമായി ചർച്ച ചെയ്യാനുള്ള സാഹചര്യവും അതിനുള്ള അവസരവുമുണ്ട്. ഇത് നമ്മുടെ കർഷകരുടെയും കൂട്ടായ്മയുടെയും, ഇടുക്കി പോലുള്ള പ്രദേശത്ത് വരുമ്പോൾ കഴിഞ്ഞ 22 വർഷം എം.എൽ.എ. ആയിരുന്ന കാലഘട്ടത്തിലെല്ലാം മുൻകാലങ്ങളിലെ വിഷയമാണെങ്കിലും നമ്മളെല്ലാം ഇതിനായി ശ്രമിച്ചിട്ടുള്ളതുമാണ്. ആ കാലഘട്ടത്തിൽ നമുക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നതും പരിഹരിക്കാൻ സാധിക്കാത്തതുമായ ഒരു വിഷയം പരിഹരിക്കുന്നതിനായി ഈ ബിൽ കൊണ്ടുവന്ന ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും റവന്യൂ വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകയും അഭിമാനത്തോടെ നമുക്കിതിൽ പങ്കുചേരുകയും ചെയ്യുക എന്നതുമാണ് ഏറ്റവും അനിവാര്യം. ഇവിടെ കണ്ടൊരു പ്രത്യേകത, ഈ തടസ്സവാദമുന്നയിച്ചതിലല്ല, ഇവിടെ മുമ്പ് അവതരിപ്പിക്കപ്പെട്ട ഒരു ബില്ലിലും ഇത്തരം തടസ്സവാദം വരാതിരിക്കുകയും ഇതിലൊരു തടസ്സവാദം

ഉന്നയിക്കപ്പെടുകയും ചെയ്യുമ്പോൾ അതിന്റെ സ്പിരിറ്റ് സഭ ഉൾക്കൊള്ളുന്നതിനേക്കാൾ പൊതുജനം നമ്മളെ കാണുന്നതിൽ വലിയ വിഷമമുണ്ടാകും. അതുകൊണ്ട് ഈ ബില്ലിനോട് നല്ല രീതിയിൽ സഹകരിക്കുകയും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയി മടങ്ങിവരുമ്പോൾ (അവിടെയാണല്ലോ നിയമനിർമ്മാണം നടക്കുന്നത്) നമുക്ക് കൂടുതലായി സംസാരിക്കാം. അതുകൊണ്ട് നല്ലൊരു സ്പിരിറ്റോടെയും നല്ല അന്തരീക്ഷത്തോടെയും ചർച്ച ചെയ്ത് ഈ ബിൽ ചരിത്രത്തിന്റെ ഭാഗമായി മാറുന്നൊരു ബില്ലാണെന്നൊരു ബോധ്യം നമുക്കുണ്ടാകണമെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ അങ്ങയെ ഒരു ജ്യേഷ്ഠനെപ്പോലെ respect ചെയ്തുകൊണ്ട് പറയുകയാണ്; ഇവിടെ ഒരുപാടുപേർ സംസാരിച്ചിട്ടുണ്ട്. എല്ലാവരും നൂറ് ശതമാനവും ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ടാണ് സംസാരിച്ചതെന്ന് പറയാൻ സാധിക്കുമോ? എന്തിനാണ് എന്നോടുമാത്രം ഈ വിവേചനം കാണിക്കുന്നത്. ഇവിടെ സംസാരിക്കുന്ന എല്ലാവരും ഹംഗറിയും പോളണ്ടും യൂഗോസ്ലാവിയായുമടക്കമുള്ള കാര്യങ്ങൾ പറഞ്ഞതല്ലേ; Why you are restricting me alone? അത് ശരിയായ രീതിയല്ല. നിങ്ങൾക്ക് ഒച്ചവച്ചും

ബഹളംവച്ചും യാഥാർത്ഥ്യങ്ങളെ മാറ്റാൻ സാധിക്കില്ല. കഴിഞ്ഞ ദിവസം ഈ സംസ്ഥാനത്ത് വന്ന പ്രധാനമായ പ്രശ്നത്തിൽനിന്നും നിങ്ങൾക്ക് ഒളിച്ചോടാൻ സാധിക്കില്ല. അക്കാര്യത്തിൽ ജനങ്ങൾക്കുമുമ്പിൽ ഉത്തരം പറഞ്ഞേ പറ്റൂ. അതെന്താണ് കാര്യം; സി.പി.ഐ.(എം.) എന്ന പാർട്ടി അഴിമതിയെ നിർവ്വചിച്ചത് എങ്ങനെയാണെന്നകാര്യം ഞാൻ പറഞ്ഞപ്പോഴേ നിങ്ങൾ ബഹളം തുടങ്ങിയില്ലേ; (....ബഹളം....).... ഞാൻ നിർത്താൻ ഉദ്ദേശിച്ചിട്ടില്ല........ (....ബഹളം....).......

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, പോയിന്റ് ഓഫ് ഓർഡർ....

<u>മി. സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇവിടെ വന്ന പ്രശ്നങ്ങളിൽ ബില്ലിന്റെ അവതരണവേളയെ സംബന്ധിച്ച് ബഹുമാന്യനായ സ്പീക്കർ ഇപ്പോൾ ഒരു റൂളിംഗ് നടത്തിയിട്ടുണ്ട്. അതുകഴിഞ്ഞാൽ സെക്ഷൻ 287 ആണ് നിൽക്കുന്നത്. "അസംഗതത്വവും ആവർത്തനവും.-ചർച്ചയിൽ തന്റെ സ്വന്തം വാദങ്ങളെയോ, അല്ലെങ്കിൽ മറ്റ് അംഗങ്ങളുടെ വാദങ്ങളെയോ സംബന്ധിച്ച് അസംഗതമായി സംസാരിക്കുകയോ അല്ലെങ്കിൽ വാദങ്ങൾ മുഷിവ്

തോന്നത്തക്കവിധം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നതോ ആയ അംഗത്തിന്റെ നടപടി സംബന്ധിച്ച് സഭയുടെ ശ്രദ്ധക്ഷണിച്ചതിനുശേഷം, സ്പീക്കർക്ക് അദ്ദേഹത്തോട് പ്രസംഗം നിർത്താൻ ആവശ്യപ്പെടാവുന്നതാണ്." ബഹുമാന്യനായ അങ്ങ് ശ്രദ്ധക്ഷണിച്ചതിനുശേഷവും അതേ കാര്യം ആവർത്തിക്കുമ്പോൾ റൂൾ 287 അനുസരിച്ച് അങ്ങ് ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: റൂൾ 287 പ്രകാരമാണ് അദ്ദേഹത്തോട് പറഞ്ഞത്. അദ്ദേഹം ഒരു ഭാഗത്ത് അക്കാര്യം പറഞ്ഞു. You had raised the issue before the floor. അത് വീണ്ടും ആവർത്തിച്ചു പറയുന്നത് ശരിയല്ല. അങ്ങനെയാണെങ്കിൽ പ്രസംഗം നിർത്തേണ്ടിവരും.

ഡോ. മാത്യു കുഴൽനാടൻ: സർ, റൂൾ 287 പ്രകാരം ഒരു കാര്യം ആവർത്തിക്കുന്നതുപോയിട്ട് പറയാൻ സമ്മതിച്ചില്ല. നിങ്ങൾക്ക് മുഷിച്ചിലല്ല, അസ്വസ്ഥതയാണ് തോന്നുന്നത്.... (....ബഹളം....). മുഷിവ് തോന്നുന്ന രീതിയിൽ ഞാൻ പ്രസംഗിച്ചിട്ടില്ല. നിങ്ങൾക്ക് അസ്വസ്ഥത തോന്നുന്നത് സ്വാഭാവികമാണ്. നിങ്ങൾക്ക് അസ്വസ്ഥത തോന്നുന്നതുകൊണ്ട് എനിക്ക് പ്രസംഗം നിർത്താൻ സാധിക്കില്ല.

മി. സ്പീക്കർ: യെസ്, പ്ലീസ്, പ്ലീസ്, Dr. Mathew Kuzhalnadan, come to the bill. ചെയറുമായി സഹകരിക്കണം, പ്ലീസ്....

ഡോ. മാത്യു കുഴൽനാടൻ: സർ, XXXXXXX+

മി. സ്പീക്കർ: നിരന്തരം ചെയർ ആവശ്യപ്പെട്ടിട്ടും ഡോ. മാത്യു കുഴൽനാടൻ നിർത്തുന്നില്ല. അങ്ങനെയാണെങ്കിൽ അടുത്തയാളിലേയ്ക്ക് പോകേണ്ടിവരും. ....യെസ്... പ്ലീസ്.. പ്ലീസ്......

ഡോ. മാത്യു കുഴൽനാടൻ: സർ, അത് പ്രശ്നമില്ല. XXXXXX+

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വാഴൂർ സോമന് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

(ഡോ. മാത്യു കുഴൽനാടനെ പ്രസംഗം തുടരാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വാഴൂർ സോമൻ: സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി)

+ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മലയോര ജില്ലകളിലെ കർഷകരുടെ ഏറെ നാളത്തെ ആവശ്യമാണ് എൽ.ഡി.എഫ്. സർക്കാർ ഈ ഭേദഗതി ബില്ലിലൂടെ സഫലീകരിക്കുന്നത്. കുടിയേറ്റ കാലംമുതൽ മലയോര കർഷകരുടെ ഭൂമിക്ക് മേലുള്ള അവകാശവും അതിന്റെ സ്വതന്ത്രമായ വിനിയോഗവും കർഷകന് വിട്ടുനൽകുന്ന സ്വാതന്ത്ര്യാവകാശ നിയമമായാണ് ഞാൻ ഇതിനെ കാണുന്നത്. കോൺഗ്രസ് അധികാരത്തിൽ വന്നപ്പോഴെല്ലാം പരിസ്ഥിതി സംഘടനകൾക്ക് വഴങ്ങുകയും ബാഹ്യശക്തികളുടെ നിയന്ത്രണത്തിൽ........

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിക്കരുത് എന്നാണ് എന്റെ അഭ്യർത്ഥന. കേരളത്തെ ബാധിക്കുന്ന പൊതുവിഷയത്തിൽ ഈയൊരു സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ഗവൺമെന്റിനെതിരെ എന്തുമാകാം. പക്ഷേ കർഷകർക്കെതിരെ എടുക്കുന്ന നടപടി നിങ്ങൾക്കെതിരെ വലിയ ചോദ്യചിഹ്നമായി ഉയരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. വാഴൂർ സോമൻ: സർ, കോൺഗ്രസ് അധികാരത്തിൽ വന്നപ്പോഴെല്ലാം പരിസ്ഥിതി സംഘടനകൾക്ക് വഴങ്ങുകയും ബാഹ്യശക്തികളുടെ

നിയന്ത്രണത്തിൽ കർഷകർക്കെതിരായ നിയമങ്ങൾ കൊണ്ടുവരികയും ചെയ്തു. പതിനാറ് ഉപാധികളോടെ പട്ടയം ലഭിച്ച ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ, ഒരു ലക്ഷത്തിൽ കൂടുതൽ വരുമാനമുള്ളവർക്ക് പട്ടയം നൽകാൻ പാടില്ലെന്നുള്ള നിയമം ഉൾപ്പെടെ നിയന്ത്രണങ്ങൾകൊണ്ട് കർഷക ജനതയെ വഞ്ചിക്കുന്ന നിലപാടാണ് കോൺഗ്രസ് സർക്കാർ കൊണ്ടുവന്നത്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ, വന്യജീവി ഇടനാഴി വേണമെന്ന ആവശ്യം, ഇ.എഫ്.എൽ.എ., ഇ.എസ്.എ. തുടങ്ങി കർഷകർക്ക് എതിരായ നിലപാടാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. നിയമ വിദഗ്ദ്ധരുമായുള്ള ദീർഘകാല കൂടിയാലോചനകൾക്കും പഠനങ്ങൾക്കും ശേഷമാണ് ബിൽ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. അരനൂറ്റാണ്ടിലധികമായി നിയമക്കുരുക്കിൽപ്പെട്ടുകിടന്ന ജനതയെ മോചിപ്പിക്കാൻ തീരുമാനമെടുത്ത എൽ.ഡി.എഫ്. സർക്കാരിന് മലയോര കർഷകർക്കുവേണ്ടി ഈ വേളയിൽ നന്ദി അറിയിക്കുകയാണ്. ഭൂമിയുടെ അവകാശം സംബന്ധിച്ച രാജമാണിക്യം റിപ്പോർട്ടിന്റെ പേരിൽ തോട്ടം ഉടമകളെയും കർഷകരെയും കയ്യേറ്റക്കാരുടെ പട്ടികയിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വലിച്ചിഴച്ചതോടെ തോട്ടം ഉടമകളും കർഷകരും പ്രതിസന്ധിയിലായി. രേഖകൾപ്രകാരം പതിറ്റാണ്ടുകളായി

കയ്യിലുള്ള ഭൂമിയിൽ സർക്കാർ വേണ്ടത്ര പഠനമോ രേഖകളോ ഇല്ലാതെ തർക്കമുന്നയിച്ചതോടെ പുനർകൃഷിയും കൃഷി സംബന്ധമായ ദൈനംദിന ജോലികൾപോലും നിലച്ച് പ്രതിസന്ധി സൃഷ്ടിച്ചു. ഈ പ്രതിസന്ധിയെ മറികടക്കാൻ ഈ നിയമ ഭേദഗതി ഏറെ സഹായകരമാകുന്നതാണ്.

ഈ പ്രതിസന്ധി മറികടക്കാൻ നിയമ ഭേദഗതി ഏറെ സഹായകരമാകും. സംസ്ഥാനത്ത് റബ്ബർ, തേയില, കാപ്പി, ഏലം, കൊക്കോ എന്നീ പ്രധാന തോട്ടവിളകൾ നിലവിൽ 7.12 ലക്ഷം ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യുന്നത്, മിക്ക തേയില തോട്ടങ്ങളും നിലവിൽ നഷ്ടത്തിലാണ്. ഈ പ്രതിസന്ധികൾക്കിടയിലും തോട്ടം മേഖല നടത്തിക്കൊണ്ടുപോകുമ്പോഴാണ് രാജമാണിക്യം റിപ്പോർട്ടിന്റെ പേരിൽ യു.ഡി.എഫ്. സർക്കാർ ഈ മേഖലയിൽ അപ്രതീക്ഷിതമായ പ്രതിസന്ധികളുണ്ടാക്കിയത്. ഈ റിപ്പോർട്ടിന്റെ പേരിൽ ഭൂസംരക്ഷണത്തിന്റെ പരിധിയിൽ വരാത്ത പുതിയ വ്യവസ്ഥകളുപയോഗിച്ച് കർഷകരെ ദ്രോഹിക്കുന്ന നിലപാടാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. തേയിലയും ഏലവും കൃഷി ചെയ്യുന്നതിനൊപ്പം പ്രതിസന്ധിയിൽ പിടിച്ചുനിൽക്കാൻ ഇടവിള കൃഷിക്ക്

അനുമതി നൽകണമെന്ന തോട്ടം ഉടമകളുടെ അപേക്ഷ പരിഗണിച്ച് അതിനുള്ള അനുവാദം നൽകിയത് പിണറായി സർക്കാരാണെന്നതിൽ അഭിമാനം കൊള്ളുന്നു. 1964-ലെ കോൺഗ്രസ് നേതാവ് ആർ. ശങ്കർ മുഖ്യമന്ത്രിയായിരിക്കെ നടപ്പാക്കിയ കേരള ഭൂപതിവ് ചട്ടത്തിലെ നാലാം ചട്ടമാണ് ഇടുക്കി ജില്ലയിലെ നിർമ്മാണ മേഖലയുടെ സ്തംഭനാവസ്ഥയ്ക്ക് കാരണമായത്. കർഷകരെ ദ്രോഹിക്കുന്ന നിലപാടുകളാണ് മാറിമാറിവന്ന യു.ഡി.എഫ്. സർക്കാർ കൈക്കൊണ്ടത്. ജീവിതോപാധിയായി നടത്തിയ 1500 ചതുരശ്ര അടിവരെയുള്ള ചെറുനിർമ്മാണങ്ങളും കാർഷികാവശ്യത്തിനായി അനുവദിക്കപ്പെട്ട ഭൂമിയുടെ ഉപയോഗം ക്രമീകരിക്കുന്നതുവഴിയും മലയോര ജനതയുടെ ന്യായമായ ആവശ്യമാണ് എൽ.ഡി.എഫ്. സർക്കാർ നിറവേറ്റുന്നത്. ക്രമപ്പെടുത്തുമ്പോൾ 'വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിൽശാലകൾ, വാണിജ്യ കേന്ദ്രങ്ങൾ, മതപരമോ സാംസ്കാരികമോ വിനോദപരമോ ആയ സ്ഥാപനങ്ങൾ പൊതു ഉപയോഗത്തിനുള്ള നിർമ്മാണങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, ജൂഡീഷ്യൽ ഫോറങ്ങൾ, ബസ് സ്റ്റാൻഡുകൾ, റോഡുകൾ എന്നിവയുൾപ്പെടെ പൊതു കെട്ടിടങ്ങൾ' എന്ന് നിർവ്വചിച്ച് ഭേദഗതി

വരുത്തിയത് ഏറെ സഹായകരമാകും. ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ നിറവേറ്റാൻ എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽത്തന്നെ ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യുമെന്ന് അറിയിച്ചിട്ടുള്ളതാണ്. എൽ.ഡി.എഫ്. പ്രകടന പത്രികയിലെ ഒരു സുപ്രധാന വാഗ്ദാനംകൂടി ഈ നിയമ ഭേദഗതിയിലൂടെ എൽ.ഡി.എഫ്. സർക്കാർ നിറവേറ്റുകയാണ്.

ശ്രീ. എം. എം. മണി: സർ, കോൺഗ്രസിന്റെ മുൻകാല ഗവൺമെന്റ് കൊണ്ടുവന്ന നിയമമാണ് ഇടുക്കിയടക്കമുള്ള കാർഷിക മേഖലയിലെ കൃഷിക്കാർക്ക് ദോഷം വരുന്ന 1960-ലെ നിയമം. നിലവിലെ ഗവൺമെന്റ് നിയമം കൊണ്ടുവന്നതും ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അവതരിപ്പിച്ചതും ആ നിയമം ഭേദഗതി ചെയ്യാനാണ്. അത് തടസ്സപ്പെടുത്തുന്നുവെന്ന് പറഞ്ഞാൽ പഴയ നിയമം തുടരണമെന്ന സന്ദേശമല്ലേ യു.ഡി.എഫ്. ഇവിടെ ഉയർത്തിയത്; ഈ ബിൽ പാസ്സാകുന്നതിൽ പ്രതിഷേധിച്ചല്ലേ പ്രതിപക്ഷം ചർച്ചയിൽ പങ്കെടുക്കാതെ വാക്കൗട്ട് നടത്തിയത്?

ശ്രീ. വാഴൂർ സോമൻ: സർ, അതായത് ഇന്ന് ഈ ബിൽ അവതരിപ്പിക്കുന്നതിനെതിരെ അത്തരമൊരു തടസ്സവാദം ഉന്നയിക്കേണ്ട

കാര്യമില്ലായിരുന്നു. ബിൽ അവതരണത്തെ തടസ്സപ്പെടുത്താനാണ് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ മനഃപൂർവ്വം അത്തരമൊരു പരാമർശം നടത്തിയതെന്നാണ് ഞാനും അനുമാനിക്കുന്നത്. ഇച്ഛാശക്തിയുള്ള ഒരു സർക്കാർ ജനങ്ങളോടൊപ്പമുണ്ടെന്നുള്ളതിന്റെ തെളിവുകൂടിയാണിത്. ഒരിക്കൽക്കൂടി ഈ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

അറിയിപ്പ്

മി. സ്പീക്കർ: സഭാ രേഖയിൽ ഉണ്ടാകില്ലെന്ന് ചെയർ റൂൾ ചെയ്ത ഭാഗം പത്രങ്ങളും ചാനലുകളും റിപ്പോർട്ട് ചെയ്യാൻ പാടില്ല.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കേരളത്തിലെ 1960-ലെ ഭൂപതിവ് നിയമത്തിന്റെ വളരെ പ്രത്യേകമായ മാറ്റത്തിന് വഴിതെളിക്കാൻ പോകുന്ന സുപ്രധാനമായൊരു ഭേദഗതി ബില്ലാണ് ഇവിടെ അവതരിപ്പിച്ചത്. യഥാർത്ഥത്തിൽ 1960-ൽ ഭൂപതിവ് നിയമം നിലവിൽ വരുന്നതിന് ഒരു സാഹചര്യമുണ്ട്. ഈ യോഗത്തിൽ പങ്കെടുക്കേണ്ടതും ഈ സഭയ്ക്കകത്ത് ഇതുവരെയുണ്ടായ അഭിപ്രായ

പ്രകടനങ്ങളുംവച്ച് എല്ലാവരും പങ്കെടുക്കുന്നൊരു യോഗമായിരിക്കും, സഭാസമ്മേളനമായിരിക്കും ഇതെന്നാണ് ഞങ്ങൾ യഥാർത്ഥത്തിൽ പ്രതീക്ഷിച്ചത്. എങ്കിലും പറയാനുള്ള കാര്യങ്ങൾ റെക്കോർഡ് ചെയ്യപ്പെടാതെ പറ്റാത്തതുകൊണ്ട് പ്രധാനപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വളരെ സങ്കീർണ്ണങ്ങളായ ഭൂബന്ധങ്ങളും ഭൂമി പ്രശ്നങ്ങളും നിലനിന്നിരുന്ന സംസ്ഥാനമാണ് കേരളമെന്ന് നമുക്കെല്ലാം അറിയാം. ബ്രഹ്മസ്വം, ദേവസ്വം, സർക്കാർ വക എന്നിവയിലാണ് കേരളത്തിലെ ഭൂമി പൊതുവെ ഉൾപ്പെട്ടിരുന്നത്. ബ്രഹ്മസ്വം, ദേവസ്വം ഭൂമികൾ ജന്മിമാരിലേയ്ക്കും പിന്നീട് അതുവഴി കുടിയാന്മാരിലേയ്ക്കും എത്തപ്പെട്ടു. ചരിത്ര പ്രാധാന്യമുള്ള ഭൂപരിഷ്ക്കരണ നിയമത്തിലൂടെ അതിന്റെ ഉടമസ്ഥത കുടിയാന്മാർക്കും കുടികിടപ്പുകാർക്കും ലഭ്യമാകുന്ന സാഹചര്യം കേരളത്തിലുണ്ടായി. രാജഭരണകാലത്ത് സർക്കാർ ഭൂമിയിലെ കുടിയാന്മാർക്ക് ഭൂമിയിലുള്ള ഉടമസ്ഥത പണ്ടാരപാട്ട വിളംബരത്തിലൂടെ ലഭ്യമായതും കേരളത്തിന്റെ ചരിത്രപരമായ മുന്നേറ്റമാണ്. ഐക്യകേരള രൂപീകരണത്തിനുശേഷം സർക്കാർ ഭൂമിയിൽ കുടിയേറി കൈവശം വച്ചിരിക്കുന്നവരെയും ഭൂരഹിതരെയും ഭൂമിയുടെ ഉടമസ്ഥരാക്കുക എന്ന

ലക്ഷ്യം വച്ചുകൊണ്ടാണ് 1960-ലെ ഭൂപതിവ് നിയമം ഇവിടെ അവതരിപ്പിക്കുന്നത്. 1960-ലെ ഭേദഗതി അവതരിപ്പിക്കുമ്പോൾ മറ്റ് ചട്ടങ്ങളിലേയ്ക്ക് കടക്കുന്നത് എന്തിനാണെന്ന് ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചു. 1960-ലെ ഭൂപതിവ് നിയമത്തെത്തുടർന്ന് ഏകദേശം ഇരുപതോളം ചട്ടങ്ങൾ ഭൂമിയുടെ പതിവുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ട്. 1964-ലെ ചട്ടം അതിൽ ഒന്നുമാത്രമാണ്. 1977-നുമുമ്പ് ഭൂമിയിൽ കുടിയേറിയവർക്ക് ഭൂമി പതിച്ചുകൊടുക്കാനുള്ള ചട്ടം 1993-ലെ ഭൂപതിവ് ചട്ടമാണ്. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ ഭൂമി പതിവിനുള്ള ചട്ടം മറ്റൊരു ചട്ടമാണ്. ബഹുമാനപ്പെട്ട അംഗം എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഇവിടെ ചോദിച്ചത് 1960-ലെ നിയമം ഭേദഗതി ചെയ്യുമ്പോൾ 1950-ലെ നിയമത്തിലെ ഭേദഗതി എന്തുചെയ്യുമെന്നാണ്. 1960-ലെ നിയമത്തിന് ഭേദഗതി വരുമ്പോൾ എങ്ങനെയാണ് എല്ലാ നിയമത്തിനും ഭേദഗതി വരുത്താൻ സാധിക്കുക. Arable Forest Land Assignment Rule, The Kerala Private Forests (Vesting and Assignment) Act, 1971 തുടങ്ങി നിരവധി നിയമങ്ങൾ, ചട്ടങ്ങളല്ലാതെ ഇതുമായി ബന്ധപ്പെട്ടുണ്ട്. 1960-ലെ

നിയമത്തിന്റെ ഭാഗമായിട്ടുള്ള ഇരുപതോളം ചട്ടങ്ങളിൽ ഏതിൽ ഭേദഗതി വരുത്താനും നിയമം ഓപ്പൺ ചെയ്യണമെന്ന പ്രധാനപ്പെട്ട ഒരു പ്രശ്നമുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഭൂമി പതിച്ചുകൊടുത്തത് 1964-ലെ ചട്ടപ്രകാരമാണ്. പക്ഷേ, 1960-ലെ ഭൂപതിവ് നിയമത്തിന്റെ താഴെയാണ് ഇതെല്ലാം വരുന്നത്. ഭൂപതിവ് നിയമത്തിന്റെ മൂന്നാം പതിപ്പിൽ എന്തൊക്കെ ആവശ്യത്തിനാണ് ഭൂമി പതിച്ചുകൊടുക്കാവുന്നതെന്ന് ചട്ടപ്രകാരം തീരുമാനിക്കാൻ സർക്കാരിന് അധികാരം നൽകിയിരിക്കുകയാണ്. അപ്പോൾ നിയമത്തിൽ ഭേദഗതി വരുത്താതെ ചട്ടത്തിൽ ഭേദഗതി വരുത്തുന്നത് എങ്ങനെയാണ്? അന്നത്തെ കാലത്ത് മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം കയറിക്കിടക്കാൻ ഒരു വീടും കൃഷി ചെയ്യാൻ ആവശ്യമായ ഭൂമിയുമാണ്. അതുകൊണ്ടാണ് പ്രധാനമായും വീടിനും കൃഷിക്കും അനുബന്ധ ആവശ്യങ്ങൾക്കുമായി അന്ന് ഭൂമിയുടെ പതിവ് നിർവ്വചിക്കപ്പെട്ടതെന്നുവേണം കരുതാൻ. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം നാല് ഏക്കർ വരെ കൃഷി ചെയ്യാൻ ആളുകൾക്ക് അനുവാദം കൊടുത്തത് ഈ നടപടിക്രമത്തിന്റെ ഭാഗമായാണ്. പിന്നീട് കർഷകരുടെ പിൻതലമുറക്കാർ ഭൂമി ഭാഗം ചെയ്തു, കൂടുതൽ വീടുകൾ നിർമ്മിക്കപ്പെട്ടു.  പലതവണ ആളുകളുടെ

ഇടയിലേയ്ക്ക് അതുവന്നു. ആളുകളുടെ എണ്ണം വർദ്ധിക്കുന്തോറും അവരുടെ സാമൂഹ്യ ആവശ്യങ്ങളും വർദ്ധിച്ചു. ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ആവശ്യമായി വന്നു. വാണിജ്യാവശ്യങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കേണ്ട പ്രശ്നമുണ്ടായി. സർക്കാരിന്റെ ഓഫീസുകൾ അവിടെ നിലനിൽക്കേണ്ട പ്രശ്നമുണ്ടായി. ഇടുക്കി ജില്ലയിലെ പ്രധാന നഗരങ്ങൾപോലും പതിച്ചുകൊടുക്കപ്പെട്ട ഭൂമിയുടെ ഭാഗമായി കിടക്കുന്നതുകൊണ്ടുള്ള വലിയ പ്രതിസന്ധികൾ നാം നേരിടേണ്ട സ്ഥിതിവിശേഷമുണ്ടായി. ഭൂമി വൻതോതിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുകയും ഭൂമിതന്നെ ഒരു കച്ചവടച്ചരക്കായി മാറുന്ന സ്ഥിതിവിശേഷവുമുണ്ടായി. ഇതോടൊപ്പം നിരവധിയായ പാരിസ്ഥിതിക പ്രശ്നങ്ങളും ഉത്ഭവിച്ചു. ഇടുക്കിയിലെ മൂന്നാർ മേഖലയിലാണ് ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ ഈ കാലയളവിൽ ചർച്ച ചെയ്തത്. പതിച്ചുകൊടുത്ത ഭൂമി ദുർവിനിയോഗം ചെയ്തുവെന്ന കാരണം പറഞ്ഞ് ചില പരിസ്ഥിതി സംഘടനകൾ കൊടുത്ത കേസിൽ, 1801/2010 എന്ന റിട്ട് ഹർജിയിൽ 21-01-2010-ൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധിന്യായം ഈ വിഷയത്തിൽ ഒരു വഴിത്തിരിവായി മാറി. മൂന്നാർ

മേഖലയിൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിക്കൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നോക്കിയിരിക്കുകയായിരുന്നില്ല. അതിന്റെ ഭാഗമായി സാധാരണക്കാർക്കുവേണ്ടി നിരവധി കേസുകൾക്ക് പോകാൻ സർക്കാർ തയ്യാറായി. 2019-ലെ വിധി വന്നതോടുകൂടി കഠിനമായ പ്രശ്നങ്ങൾ മാറുകയും ഏതെങ്കിലും വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ ഇനി സർക്കാരിന്റെ, പ്രത്യേകിച്ച് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വാങ്ങണമെന്നുള്ള നിലപാടിലേയ്ക്ക് പോകുകയും ചെയ്തു. ഇതിനെതിരെ സുപ്രീംകോടതിവരെയുള്ള കോടതികളെ സമീപിക്കാൻ തയ്യാറായെങ്കിലും കോടതികളെല്ലാം ഹൈക്കോടതി വിധി ശരിവയ്ക്കുകയാണ് ചെയ്തത്. മറ്റൊരു കോടതി വിധിയിലൂടെ മേൽപ്പറഞ്ഞ വിധിയിലെ വ്യവസ്ഥകളെല്ലാം സംസ്ഥാനത്തിന് മുഴുവൻ ബാധകമാണെന്ന് പ്രഖ്യാപിച്ചു. ഇടുക്കിയിലെ സാമൂഹ്യ ജീവിതത്തിന് ഇത് വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചു. പട്ടയ ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വാണിജ്യ കേന്ദ്രങ്ങളടക്കം നിയമവിരുദ്ധ

നിർമ്മിതികളാണെന്ന് ചർച്ച ചെയ്യപ്പെട്ടു. ഭൂപതിവ് ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം ഇത്തരത്തിലുള്ള വ്യവസ്ഥാ ലംഘനങ്ങൾ പട്ടയം റദ്ദാക്കുന്നതിനുള്ള കാരണങ്ങളാണെന്ന പ്രശ്നവും ബന്ധപ്പെട്ട ആളുകൾ കോടതി മുമ്പാകെ ഉന്നയിച്ചു. കോടതി വിധികളുടെ അടിസ്ഥാനത്തിൽ പട്ടയഭൂമിയിൽ നിർമ്മിക്കപ്പെട്ട സ്ഥാപനങ്ങൾക്ക് ആവശ്യമായ ലൈസൻസ് നൽകാൻ സർക്കാരിന് താല്പര്യമുണ്ടെങ്കിൽപ്പോലും ആ കോടതി വിധികൾ തടസ്സമായി മാറി. മൗലികാവകാശത്തിന്റെ അടിസ്ഥാനത്തിൽ കോടതിയെ സമീപിച്ചു. ചിലർക്ക് കോടതി ഉത്തരവ് കൊടുത്തു. എന്നാൽ ചിലരെ സംബന്ധിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ ഉപയോഗശൂന്യമായ സാഹചര്യവുമുണ്ടായി. ഒരു വിഭാഗം ആളുകൾക്ക് പ്രത്യേക കേസ്സായി പരിഗണിച്ച് അനുവാദം നൽകുകയും മറ്റൊരു വിഭാഗത്തിന് ഈ ആനുകൂല്യങ്ങൾ ലഭ്യമല്ലാതെവരികയും ചെയ്തപ്പോൾ ഇത് സൃഷ്ടിച്ച ആശങ്കകളും വൈരുദ്ധ്യങ്ങളും വളരെ വലുതായിരുന്നു. ഇതനുസരിച്ച് നിരവധി ചർച്ചകൾക്കുശേഷമാണ് കേരള ഗവൺമെന്റ് ഒരു നിയമ നിർമ്മാണത്തിലേയ്ക്ക് പോകാൻ തീരുമാനിച്ചത്. കേരളത്തിലെ ഭൂമിയുടെ ഉടമസ്ഥതയുടെ ചരിത്രം പരിശോധിച്ചാൽ ഒരുതരത്തിലല്ലെങ്കിൽ

മറ്റൊരുതരത്തിൽ രാജാക്കന്മാരുടെയോ ജന്മിമാരുടെയോ ദേവസ്വത്തിന്റെയോ ഭൂമി കൈമാറിയാണ് ഇന്നത്തെ സ്ഥിതിയിലെത്തിയിട്ടുള്ളത്. ആ ഭൂമി തുടക്കത്തിൽ ശക്തമായ വ്യവസ്ഥകളിലൂടെ പതിച്ചുനൽകുകയും കാലാന്തരത്തിൽ ഭൂമിയുടെ പരിപൂർണ്ണമായ ഉടമസ്ഥത അവർക്ക് ലഭിക്കാൻ ഇടവരികയും ചെയ്ത അനുഭവങ്ങളും നമുക്കുണ്ടായിട്ടുണ്ട്. ഒരു കാലത്ത് ഭൂപതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ ഭൂമിക്ക് എല്ലാക്കാലത്തും കർശനമായ വ്യവസ്ഥകൾ തുടരുന്നത് ശരിയല്ലെന്നുള്ള ബോധം സർക്കാരിനുണ്ട്. ഉപയോഗയോഗ്യമായ ഭൂമിയുടെ അളവ് കുറഞ്ഞുവരുന്നതുമൂലം ചില നിയന്ത്രണങ്ങൾ നടപ്പിലാക്കാതിരിക്കാനും സാധ്യമല്ല. ഈ ഘട്ടത്തിലാണ് നിരവധി ചർച്ചകൾക്കുശേഷം നിയമ നിർമ്മാണമെന്ന ആശയത്തിലേയ്ക്ക് സർക്കാർ വരുന്നത്. ഇതിനായി നിരവധി സർവ്വകക്ഷി യോഗങ്ങൾ ചേർന്നിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥതലത്തിൽ യോഗം ചേർന്നു. പ്രതിപക്ഷ-ഭരണപക്ഷ എം.എൽ.എ.-മാർ മാറിമാറി ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടു. ചട്ടലംഘനങ്ങൾ ക്രമീകരിച്ച് നൽകണമെങ്കിൽ അതിനുള്ള വ്യവസ്ഥകൾ ചട്ടത്തിൽ കൊണ്ടുവരണം.

ചട്ടമുണ്ടാക്കാനുള്ള അധികാരം സർക്കാരിനാണ്. എന്നാൽ ചട്ടമുണ്ടാക്കാൻ സർക്കാരിനെ ചുമതലപ്പെടുത്താൻ ഈ നിയമം ഓപ്പൺ ചെയ്തുകൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. ഇതിനായാണ് നിയമ ഭേദഗതി കൊണ്ടുവരുന്നത്. ഇത്തരത്തിൽ നിയമ ഭേദഗതി കൊണ്ടുവരുമ്പോൾ യഥാർത്ഥ പാരിസ്ഥിതിക പ്രശ്നങ്ങളോട് മുഖം തിരിക്കുന്ന സമീപനം സർക്കാരിനില്ല. ഭൂമിയിലെ കൈവശക്കാരുടെയും കർഷകരുടെയും ദീർഘകാലത്തെ പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾത്തന്നെ കേരളത്തിലെ നിലവിലുള്ള കാലാവസ്ഥയിൽ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ നിലപാടുകൾ കർശനമായി പാലിക്കപ്പെടണം. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ പ്രധാനമായി കാണേണ്ടത് പുതിയ കാലത്തെ മനുഷ്യന്റെ ആവശ്യങ്ങളും പ്രശ്നങ്ങളും നാം അഭിസംബോധന ചെയ്യേണ്ടതുണ്ട്. ഇത്തരം പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കലാണ് നിയമ വ്യവസ്ഥയിലൂടെ സർക്കാർ ആഗ്രഹിക്കുന്നത്. മനുഷ്യനും പ്രകൃതിയും കേന്ദ്ര ബിന്ദുവാകുന്ന സുസ്ഥിരമായ വികസന നയമാണ് ഉന്നയിക്കുന്നത്. ഇതെല്ലാം പരിഗണിച്ച് സന്തുലിതമായ ഒരു നിയമ നിർമ്മാണവും ചട്ടരൂപീകരണവുമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നിയമത്തിന്റെ 4-ാം

വകുപ്പിന്റെ കീഴിൽ രണ്ട് ഭേദഗതികളുണ്ടാകും. 4 (a) (i)-ഉം 4 (a) (ii)-ഉം ആണ്. 4 (a) (i)-ൽ പതിച്ചുനൽകിയ ഭൂമിയിൽ നിലവിലുള്ള വ്യവസ്ഥാ ലംഘനങ്ങൾ ക്രമീകരിച്ച് നൽകുന്നതിന് സർക്കാരിന് അനുവാദം നൽകുന്നതാണ്. സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള വ്യവസ്ഥാ ലംഘനങ്ങളായിരിക്കും ക്രമീകരിച്ച് നൽകുന്നത്. അങ്ങനെ പറഞ്ഞാൽ... എന്തെല്ലാം നടപടികൾ, ഏത് അളവിൽ, എത്രവരെ, എന്തൊക്കെ നിബന്ധനകൾ ഇക്കാര്യങ്ങളെല്ലാം ചട്ടത്തിലൂടെയാണ് വ്യക്തമാക്കുന്നത്. ആ ചട്ടം നിർമ്മിക്കാനും തീരുമാനം കൈക്കൊള്ളാനുമുള്ള അധികാരം സർക്കാരിന് നൽകുകയെന്നുമാത്രമാണ് ഈ നിയമത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചത്. അതേസമയം ഒരു പ്രശ്നം, നിലവിൽ വ്യവസ്ഥാ ലംഘനങ്ങളൊന്നും നടന്നില്ലെങ്കിലും നിയമം അംഗീകരിക്കപ്പെടുന്ന തീയതി വരെ പതിച്ചുകൊടുത്ത ഭൂമിയിൽ മറ്റെന്തെങ്കിലും ആവശ്യത്തിന് വിനിയോഗിക്കാൻ **പട്ടാധാർക്ക്** അനുവാദം നൽകാൻ സർക്കാർ അനുവാദം നൽകുന്ന വ്യവസ്ഥയാണ്. ഈ നിയമം തീരുമാനിക്കുന്ന ദിവസം വരെയാണ് ആ അനുവാദം നൽകാൻ പോകുന്നത്. അല്ലാതെ നിയമം പൂർണ്ണമായും ഓപ്പൺ ചെയ്യുകയെന്നല്ല അർത്ഥം. ഈ പ്രത്യേക വിഷയങ്ങളിൽമാത്രമാണ്;

ഇനി നൽകുന്ന വിഷയങ്ങളിലും ഇനി നൽകുന്ന പട്ടയങ്ങളിലും ഇക്കാര്യങ്ങൾ നമ്മുടെ നിലനിൽക്കുന്ന നിയമത്തിന്റെ ഭാഗമായുള്ള വ്യവസ്ഥകളുണ്ടാകും. എന്നാൽ ഈ നിയമം തീരുമാനിക്കുന്ന തീയതി വരെയുള്ള വ്യവസ്ഥകളുടെ ക്രമീകരണവും വ്യവസ്ഥാ ലംഘനങ്ങളുടെ ക്രമീകരണവും അവിടെ ആരംഭിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങളും സർക്കാർ നിർണ്ണയിക്കുന്ന വിധത്തിൽ തീരുമാനിക്കലാണ് ചട്ടം. അതിനുവേണ്ടിയാണ് 7-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്റെ 'ഒ' ഇനത്തിനുശേഷം (ഒഎ), (ഒബി) എന്നീ രണ്ട് വകുപ്പുകൾ കൂടി ഉൾപ്പെടുത്തി ചട്ടം നിർമ്മിക്കാനുള്ള അധികാരം സർക്കാരിന് നൽകാനായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. ഇതാണ് ഇതിന്റെ നിർമ്മിതികളുമായും നിയമങ്ങളുമായും ബന്ധപ്പെട്ട് ഉന്നയിക്കാനുള്ളത്. ഇടുക്കി ജില്ലയിലെ ജനപ്രതിനിധികൾ മാത്രമല്ല, കേരളത്തിലെ എല്ലാ മേഖലകളിലെയും......

<u>ശ്രീ. എ. രാജ</u>: സർ, ഇടുക്കി ജില്ലയിലെ എം.എൽ.എ. എന്ന നിലയിൽ ഈ നിയമ ഭേദഗതിയെ പൂർണ്ണമായും ഞാൻ സ്വാഗതം ചെയ്യുന്നു. 1960-ൽ തുടങ്ങി, മറ്റൊരു ഗവൺമെന്റിനും ചെയ്യാൻ സാധിക്കാത്ത ഒരു ചരിത്ര നിയോഗമാണ് ഇന്ന് സഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. എന്റെ സംശയം,

ഭേദഗതി ഈ നിലയിൽ എത്തിക്കാനുള്ള കാരണം എന്നുപറയുന്നത് WP(C) 1801/2010 എന്ന ഹൈക്കോടതി കേസാണോ? ആ കേസ്സിൽ ആദ്യം എട്ട് വില്ലേജുകളെക്കുറിച്ചാണ് പറഞ്ഞിരുന്നത്. ജില്ലാ കളക്ടർ ദുരന്തനിവാരണ അതോറിറ്റിയുടെ പേരിൽ ഇന്ന് അതേ കേസ്സിൽ 13 പഞ്ചായത്തുകളിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇങ്ങനെയൊരു നിയമ ഭേദഗതി കൊണ്ടുവരുമ്പോൾ ഇടുക്കി ജില്ലയിലെ ജനങ്ങൾക്കാണ് ഇതിന്റെ ഗുണം ലഭിക്കാൻ പോകുന്നത്. 13 പഞ്ചായത്തുകളിൽ ഈ നിയന്ത്രണം വരുമ്പോൾ സ്വാഭാവികമായും വലിയ രീതിയിൽ അത് ബാധകമാകും. അതുംകൂടി സർക്കാരിന്റെ ശ്രദ്ധയിലേയ്ക്ക് ഞാൻ കൊണ്ടുവരികയാണ്. ഈ നിയമ ഭേദഗതിയുടെ ഗുണം അവർക്കുകൂടി ലഭിക്കാൻ വേണ്ടിയാണ്.

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങനെ തീരുമാനിച്ച വില്ലേജുകളിൽ ആനവിലാസം വില്ലേജ്, ഇടക്കാലത്ത് ബഹുമാനപ്പെട്ട എം.എൽ.എ. കൂടി ഉന്നയിക്കപ്പെട്ടതിന്റെ പേരിൽ ഒഴിവാക്കി. എന്തെങ്കിലും പ്രത്യേക താൽപ്പര്യമുള്ളതുകൊണ്ടല്ല ആ പേരിൽ പുതിയ വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിനും അക്കാര്യം അറിയാം. കോടതികൾ നിരന്തരമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ WP(C) 1801/2010 എന്ന കേസ് ഇപ്പോഴും അവസാനിച്ചിട്ടില്ല. ആ കേസുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി തുടർന്നുപോരുകയാണ്. മൂന്നാറിലെ കേസ് പരിഗണിക്കാൻ ഒരു ഡിവിഷൻ ബഞ്ചിനെത്തന്നെ കോടതി നിശ്ചയിച്ചു. Justice A Muhammad Mushtaq, Justice Sophie Thomas എന്നിവർ അടങ്ങുന്ന ഒരു ഡിവിഷൻ ബഞ്ചിനെ നിശ്ചയിക്കുകയുണ്ടായി. അവർ അമിക്കസ് ക്യൂറിയെ നിയോഗിച്ചു. ഗവൺമെന്റ് നിശ്ചയിച്ചതല്ല, കോടതിയുടെ അനുവാദത്തോടെ അവർ നിശ്ചയിച്ചതാണ്. ആ നടപടികളുമായി കോടതി മുന്നോട്ടുപോകുകയാണ്. ആ ഘട്ടത്തിലാണ് ഒരു നിയമ നിർമ്മാണ സഭയുടെ പരമോന്നത അധികാരമെന്ന വിധത്തിൽ ഈ നിയമത്തിന് ഭേദഗതി നടത്താൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഗവൺമെന്റ് ഇക്കാര്യത്തിൽ ജനങ്ങളുടെ വർദ്ധിച്ചുവരുന്ന അഭിലാഷങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും ഒരുപോലെ കണക്കിലെടുത്തുകൊണ്ട് ആധുനിക കാലത്തിന്റെ അവസ്ഥകൾക്കനുസരിച്ച് സാമൂഹ്യ വൈരുദ്ധ്യങ്ങളെ ഒഴിവാക്കാൻ വേണ്ടിയുള്ള നിർണ്ണായകമായ നിയമ നിർമ്മാണത്തിലേയ്ക്കാണ് കടക്കുന്നത്. കേരളത്തിന്റെ ഭൂമി പതിച്ചുകൊടുക്കൽ നിയമത്തിൽ ചരിത്ര

പ്രസിദ്ധമായ ഒരു മാറ്റത്തിന് ഇത് വഴിവയ്ക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ നിയമത്തോടൊപ്പം ചട്ടം രൂപീകരിക്കുന്നത് നിയമസഭയുടെ ഭാഗമല്ല, നിയമം രൂപീകരിക്കാനുള്ള ചുമതലയാണ് നിയമസഭയ്ക്കുള്ളത്. ആ നിയമസഭ അധികാരപ്പെടുത്തുന്ന സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് 7-ാമത്തെ വകുപ്പിൽ പുതിയതായി ചട്ടങ്ങൾ രൂപീകരിക്കാനുള്ള അനുവാദത്തിനുവേണ്ടിയും ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കപ്പെട്ട ബില്ലിൽ വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകളെല്ലാം കൂട്ടിച്ചേർത്ത് നമുക്ക് ഈ നിയമത്തെ സമ്പന്നമാക്കാം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ചരിത്രപരമായ നിയമ നിർമ്മാണമാണിത്. പതിനായിരക്കണക്കിന് ആളുകളുടെ സ്വപ്നങ്ങളേയും ജീവിതങ്ങളേയും ജീവനോപാധികളേയും പ്രതീക്ഷകളേയും പിന്തുണയ്ക്കുന്ന ഇടുക്കി ജില്ലയുടെ മുന്നേറ്റത്തെ നിർണ്ണയിക്കുന്ന ഒരു നിയമ നിർമ്മാണമാണിത്. കേരള നിയമസഭ കണ്ടിട്ടില്ലാത്തവിധത്തിൽ പ്രതിപക്ഷം അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കാതെയും അതിനെക്കുറിച്ച് ബോധ്യമില്ലാതെയും

ഒളിച്ചോടിപോകുന്ന ജനവിരുദ്ധമായ നിലപാടാണ് സ്വീകരിച്ചതെന്ന് കാലം അടയാളപ്പെടുത്തുമെന്നുള്ളതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, തീർച്ചയായും. ഞാൻ അക്കാര്യം തന്നെയാണ് നേരത്തെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ സമീപനമാണ് കേരളത്തിലെ ഗവൺമെന്റിനുള്ളത്. ഇത് നിർണ്ണയിക്കാനുള്ള അധികാരം സർക്കാരിന് നൽകാനുള്ള ഒരു ഭേദഗതിയാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇന്നലെ വൈകുന്നേരം ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ട വ്യക്തിയാണ്. ഈ നിയമത്തിന്റെ ഭേദഗതി അവതരിപ്പിക്കുന്ന ഘട്ടത്തിലാണ് ആശുപത്രിയിൽനിന്നും അദ്ദേഹം ഇവിടെ എത്തിച്ചേർന്നത്. ഇടുക്കി ജില്ലയിലെ ജനങ്ങൾക്ക് ഈ വിഷയത്തോടുള്ള താൽപ്പര്യം യഥാർത്ഥത്തിൽ പ്രധാനപ്പെട്ടതാണ്. എല്ലാ വ്യവസ്ഥകളും നിലനിർത്തിക്കൊണ്ടുതന്നെ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ നാടാണ് കേരളമെന്ന അഭിമാനബോധത്തോടെ നാം ഒരുമിച്ച് ചർച്ചചെയ്യേണ്ട ഒരു നിയമ ഭേദഗതിയാണിത്. ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് സഭയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

(മി. സ്പീക്കർ)

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വാഴൂർ സോമൻ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വാഴൂർ സോമൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

## (v) 2023-ലെ കേരള കെട്ടിടനികുതി (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള കെട്ടിടനികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള കെട്ടിടനികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇപ്പോൾ സംസാരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പ്രസ്തുത

ബില്ലുമായി ബന്ധപ്പെട്ട് നാലഞ്ച് പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചർച്ചയുണ്ടെങ്കിൽ അതിനുശേഷം സംസാരിക്കാം.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

01-04-1999-നുശേഷം നിർമ്മിച്ചതും 278.7 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ളതുമായ എല്ലാ കെട്ടിടങ്ങൾക്കും വാർഷികമായി ഒരു അഡീഷണൽ ടാക്സ് അടയ്ക്കണമെന്ന നിബന്ധനയുള്ള ബില്ലാണ് കേരള കെട്ടിടനികുതി നിയമ (ഭേദഗതി) ബിൽ 2023. റവന്യൂ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും വ്യത്യസ്തമായ കെട്ടിടങ്ങൾ അളക്കുകയും അതിന്റെ ഭാഗമായുള്ള സാങ്കേതികത്വം ഒഴിവാക്കുകയും ചെയ്തുകൊണ്ട് എൽ.എസ്.ജി.ഡി. നടത്തുന്ന കെട്ടിടത്തിന്റെ അളവ്, വിസ്തീർണ്ണം എന്നിവ അംഗീകരിച്ചുകൊണ്ട് റവന്യൂ നികുതി/അഡീഷണൽ ടാക്സ് നിശ്ചയിക്കുന്ന ഒരു ചെറിയ ഭേദഗതിയാണ് ഇതിന്റെ ഭാഗമായി ഉന്നയിക്കുന്നത്.

യഥാർത്ഥത്തിൽ ഈ നിയമസഭാ സമ്മേളനം പ്രധാനമായും

നിയമനിർമ്മാണത്തിന് വേണ്ടിയുള്ള വളരെ പ്രധാനപ്പെട്ട ഒരു സെഷനാണ്. എന്നാൽ കേരളത്തിലെ പ്രതിപക്ഷം, പൊതുവേ സ്വീകരിക്കുന്ന നിലപാട് എല്ലാത്തിനേയും എതിർക്കുകയെന്നുള്ളതാണ്. 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ ഉൾപ്പെടെ, നമ്മുടെ നാടിനെയും ഏറ്റവും സാധാരണക്കാരായ ജനങ്ങളെയും സംബന്ധിച്ച് അവർക്ക് കൂടുതൽ ആശ്വാസം ലഭിക്കുന്നതും അവരുടെ ജീവിതത്തിൽ മെച്ചമുണ്ടാകുന്നതും പുരോഗതിയുണ്ടാകുന്നതുമായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട നീക്കങ്ങളെയെല്ലാം പൂർണ്ണമായും നിരാകരിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ ദിവസം മറ്റൊരു ബില്ലിന്റെ ചർച്ചാ വേളയിൽ, കോൺഗ്രസ്സ് പാർട്ടിയിലെ ഒരു നിയമസഭാംഗം സൂചിപ്പിച്ചത്, 'നിങ്ങൾ അവതരിപ്പിക്കുന്ന ബില്ലിന് മംഗളപത്രം ചൊല്ലിപ്പോകുന്നതാണോ ഞങ്ങളുടെ ചുമതല' എന്നതാണ്. ഇതാണോ ക്രിയാത്മകമായ പ്രതിപക്ഷം; യഥാർത്ഥത്തിൽ നിയമസഭകൾ സംവാദാത്മകമാകേണ്ടത് ഇങ്ങനെയുള്ള അവസരങ്ങളിലല്ലേ? നിയമസഭയിൽ ചർച്ച ചെയ്യപ്പെടേണ്ട ബില്ലിൽ ആ നിലയിലുള്ള അഭിപ്രായങ്ങൾ പറയുന്നതിനുപകരം, ഭരണ കക്ഷി കൊണ്ടുവരുന്ന ഏത് നടപടിയേയും ഞങ്ങൾ എതിർക്കും എന്നുപറയുന്ന തെറ്റായ സമീപനം സഭയിൽ ആവർത്തിക്കുന്ന

സാഹചര്യമാണ് നാം കണ്ടത്. കേന്ദ്രസർക്കാർ, കേരളത്തിന് അർഹതപ്പെട്ട നികുതിവിഹിതവും ഗ്രാന്റും വെട്ടിക്കുറയ്ക്കുമ്പോഴും കടമെടുപ്പിന്റെ പരിധി കുറയ്ക്കുമ്പോഴും ഒരു നിലയിലുള്ള പ്രതികരണവും ഉയർത്താൻ തയ്യാറാകുന്നില്ലെന്നതും ഈ ബില്ലിന്റെ ചർച്ചാവേളയിൽ ഉടനീളം നമ്മൾ കാണുകയുണ്ടായി. അതിരൂക്ഷമായ വിലക്കയറ്റം രാജ്യത്താകമാനമുള്ള ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന സന്ദർഭത്തിൽ ജനങ്ങൾക്ക് ആശ്വാസമായി, അവർക്ക് താങ്ങും തണലും കരുത്തുമായി നിൽക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തിയും ജനങ്ങൾക്ക് ആശ്വാസം നൽകിയും മുന്നോട്ടുപോകുമ്പോൾ കേന്ദ്രനയങ്ങളെ ഒരു നിലയിലും ഞങ്ങൾ വിമർശിക്കില്ലെന്ന സമീപനം കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്നത് നാം കാണുകയുണ്ടായി. വിലക്കയറ്റം കേന്ദ്രനയങ്ങളുടെ സൃഷ്ടിയാണെന്നും വിലക്കയറ്റവും തൊഴിലില്ലായ്മയും ദാരിദ്ര്യവും പട്ടിണിയും ഉൾപ്പെടെ നമ്മുടെ രാജ്യത്തെ പൊതുവിലുള്ള സാഹചര്യങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളം കൈവരിക്കുന്ന അഭിമാനകരമായ നേട്ടങ്ങളെ, ഈ പ്രതിസന്ധിഘട്ടത്തിലും നിലനിർത്താനും മുറുകെപ്പിടിക്കാനും സർക്കാർ നടത്തുന്ന പരിശ്രമങ്ങളെ

കണ്ടില്ലെന്ന് നടിക്കുന്ന സമീപനം സ്വീകരിക്കുന്നു. പൊതുവിദ്യാഭ്യാസരംഗത്തും പൊതുജനാരോഗ്യരംഗത്തും....

മി. സ്പീക്കർ: പ്ലീസ്..... ബില്ലിന്റെ ഭാഗമായ കാര്യങ്ങളിലേയ്ക്ക് വരൂ.

ശ്രീ. കെ. പ്രേംകുമാർ: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. അത് പറയാതിരിക്കാനാകില്ല.

മി. സ്പീക്കർ: അക്കാര്യങ്ങൾ സഭയിൽ മറ്റൊരവസരത്തിൽ പ്രസംഗത്തിലുൾപ്പെടുത്തിയാൽ മതിയാകും ഇപ്പോൾ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് തുടർന്ന് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, പ്രസംഗം ചുരുക്കി ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കാം. ഇപ്പോൾ കിഫ്ബിയെ എതിർക്കുന്ന പ്രതിപക്ഷമാണുള്ളത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആകെ നൽകിയ സംഖ്യ 6000 കോടി രൂപയാണ്.

മി. സ്പീക്കർ: പ്ലീസ്.... ശ്രീ. കെ. പ്രേംകുമാർ, താങ്കൾ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കണം. അല്ലാത്തപക്ഷം മൈക്ക് ഓഫ് ചെയ്യേണ്ടിവരും...

ശ്രീ. കെ. പ്രേംകുമാർ: സർ, എന്നാൽ ടി സർക്കാർ 16000 കോടി രൂപ

കിഫ്ബി പദ്ധതിയുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് ചെലവഴിക്കപ്പെടുകയുണ്ടായി. കെട്ടിട നിർമ്മാണ ഭേദഗതിയുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും, കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ ഒട്ടനേകം കെട്ടിടങ്ങൾ നിർമ്മിക്കപ്പെടുന്ന സാഹചര്യമുണ്ടായതും ഈ സന്ദർഭത്തിലാണ്. കേരള സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന നീക്കത്തിന്റെ ഭാഗമായുംകൂടിയാണ് 2023-ലെ കെട്ടിട നികുതി (ഭേദഗതി) ബിൽ. ഇത് ചർച്ച ചെയ്യുന്ന സന്ദർഭത്തിൽപ്പോലും കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്ന സമീപനമെന്താണ്; കേരളത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളോടും കേന്ദ്രം നടത്തുന്ന അവഗണനയെ അതിജീവിക്കുന്നതിനുവേണ്ടി നമ്മൾ നടത്തുന്ന പരിശ്രമങ്ങളെ അതിന് സഹായകരമായ നിലപാട് സ്വീകരിക്കുന്നതിനുപകരം ആ പരിശ്രമങ്ങൾക്ക് തുരങ്കം വയ്ക്കുകയും കേരളത്തെ സ്വാശ്രയത്വത്തിന്റെയും സ്വാഭിമാനത്തിന്റെ എല്ലാ നിലയിലും അതിനെ മുന്നോട്ടുനയിക്കുന്നതിനുള്ള ശ്രമം നടക്കുമ്പോൾ അതിനെ എതിർക്കുന്ന വളരെ തെറ്റായ സമീപനം സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഓണം ആഘോഷിക്കപ്പെടാൻ പോകുകയാണ്. കേരളത്തിലെ പ്രതിപക്ഷം

ആഗ്രഹിക്കുന്നത്, കേരളത്തിന്റെ വരുമാനം വർദ്ധിച്ച് ഓണം മികച്ച നിലയിൽ നമ്മുടെ നാട്ടിലെ മലയാളികൾക്ക് എല്ലാവർക്കും ആഘോഷിക്കാൻ കഴിയുന്ന അന്തരീക്ഷമുണ്ടാകണമെന്നല്ല. സാമൂഹ്യക്ഷേമ പെൻഷൻ ഉൾപ്പെടെ വിതരണം ചെയ്യുന്ന സർക്കാരിന്റെ വരുമാനം വർദ്ധിക്കാൻ സ്വാഭാവികമായും കെട്ടിട നികുതി നിശ്ചയിക്കുന്ന കാര്യത്തിൽ, ആഡംബര നികുതിയുടെ കാര്യത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന പരിശ്രമങ്ങളെ പൂർണ്ണമായും പിന്തുണയ്ക്കുകയും ടി നിലയിൽ കേരളത്തിൽ 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി നൽകണമെന്ന് ഈ സന്ദർഭത്തിൽ വളരെ താഴ്മയോടുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

(ശ്രീ. ടി. വി. ഇബ്രാഹിം സീറ്റിലില്ലാതിരുന്നതിനാൽ 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ടി നിയമത്തിന്റെ ആശയം പങ്കുവച്ചുകൊണ്ട് ഞാൻ വിഷയത്തിൽ മാത്രം നിന്നുകൊണ്ട് ചുരുക്കി സംസാരിക്കാം. കേരള കെട്ടിട നിയമ ഭേദഗതി ഓർഡിനൻസ് 2023, നിയമമാക്കുമ്പോൾ പ്രധാനമായും ആറ് കാര്യങ്ങളിലാണ് നമ്മൾ ഭേദഗതികൾ കൊണ്ടുവരുന്നത്. ഒന്ന്, നിലവിലുള്ള നിയമത്തിൽ ലക്ഷ്വറി

ടാക്സ് എന്ന് രേഖപ്പെടുത്തിയ സ്ഥലങ്ങളിലെല്ലാം അഡീഷണൽ ടാക്സ് എന്ന് സബ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം, കേരളാ ബിൽഡിംഗ് ടാക്സ് അമെന്റ്മെന്റ് ബില്ലിന്റെ ഭാഗമായി; വകുപ്പ് 2 (ഇ)-ൽ വിശദീകരണം 2 ആയി രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് 3 പ്രധാനപ്പെട്ട ഭേദഗതികൾ കൊണ്ടുവരികയാണ്. നേരത്തെ ടാക്സ് അസ്സസ്സ് ചെയ്യുന്നത് നിർമ്മാണച്ചെലവിനെ ആസ്പദമാക്കിയായിരുന്നു. അതായത് ആരെല്ലാം കൂടി കൂട്ടായി പണം ചെലവഴിച്ചിട്ടാണ് ഇത് നിർമ്മിച്ചതെന്ന് പരിശോധിച്ചതിനുശേഷമാണ് ടാക്സ് വിഭജനം നടത്തുന്നത്. അത് അവരുടെ അക്കൗണ്ടിൽ നിന്ന് തന്നെ ചെലവഴിച്ചോയെന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം. ഈ ഭേദഗതിയിൽ, മൂന്ന് അഭിപ്രായ പ്രകടനത്തിലൂടെ, ഉടമസ്ഥത നോക്കി ടാക്സ് ഏർപ്പെടുത്തുന്ന സ്ഥിതിയിലേയ്ക്ക് വരികയാണ്. ഒരേ കെട്ടിടത്തിൽ വ്യത്യസ്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വ്യത്യസ്ത ഫ്ലാറ്റുകളും അപ്പാർട്ട്മെന്റുകളും സംബന്ധിച്ച് ഓരോ ഫ്ലാറ്റ് അഥവാ അപ്പാർട്ട്മെന്റുകളെ ഒരു പ്രത്യേക കെട്ടിടമായി കണക്കാക്കേണ്ടതും ആയതിന്റെ അസ്സസ്സ്മെന്റ് അതത് ഫ്ലാറ്റിന്റെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതും പ്ലിന്ത് ഏര്യ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച രേഖകൾ

പ്രകാരമായിരിക്കേണ്ടതുമാണ്. രണ്ടാമത്തെ കാര്യം, ഒരു ബിൽഡർ കെട്ടിടത്തിന്റെ മുഴുവൻ ഉടമസ്ഥതയും നിലനിർത്തുകയാണെങ്കിൽ അയാൾ മുഴുവൻ പ്ലിന്ത് ഏര്യക്കുമുള്ള ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും അടയ്ക്കാൻ ബാധ്യസ്ഥനാകുകയും തുടർന്ന് ഏതെങ്കിലും ഭാഗം വിറ്റാൽ വിൽക്കപ്പെടുന്ന ഭാഗം പുതിയ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ പുതിയ ഉടമസ്ഥന് അഡീഷണൽ ടാക്സ് മാത്രമായി കണക്കാക്കുകയും ചെയ്യുന്നതാണ്. മൂന്നാമത്തെ കാര്യം, ഒരു വ്യക്തി ഒന്നിലധികം ഫ്ലാറ്റോ അപ്പാർട്ട്മെന്റോ വാങ്ങുമ്പോൾ അവ ബന്ധപ്പെട്ട് കിടക്കുകയാണെങ്കിൽ അതിനെ ഒരു സിംഗിൾ യൂണിറ്റായി കണക്കാക്കി, അതുപ്രകാരം ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും അടയ്ക്കേണ്ടതാണ്. എന്നാൽ ഫ്ലാറ്റുകൾ അപ്രകാരം ബന്ധപ്പെട്ടല്ല കിടക്കുന്നതെങ്കിൽ ഓരോന്നും പ്രത്യേകമായിട്ടായിരിക്കും പരിഗണിക്കുന്നത്.

വകുപ്പ് 5 എ (1)-ൽ അസസ്സ്മെന്റുമായി ബന്ധപ്പെട്ട് ഒരു കാര്യം തീരുമാനിച്ചിട്ടുള്ളത്, 01-04-1999-നുശേഷം നിർമ്മിച്ചതും 278.7 ചതുരശ്ര മീറ്ററിൽ അധികം വിസ്തീർണ്ണമുള്ളതുമായ എല്ലാ കെട്ടിടങ്ങളും വാർഷികമായി ഒരു അഡീഷണൽ ടാക്സ് ഷെഡ്യൂൾ II-ൽ വ്യക്തമാക്കിയ നിരക്കനുസരിച്ച് അടയ്ക്കേണ്ടതാണെന്നാണ്.

അടുത്ത ഭേദഗതി, ശ്രീ. കെ. പ്രേംകുമാർ സൂചിപ്പിച്ചതുപോലെ വളരെ പ്രധാനപ്പെട്ട ഒന്നാണ്. 6-ാം വകുപ്പനുസരിച്ച് പ്ലിന്ത് ഏര്യ എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പ്ലാൻ പ്രകാരമുള്ളതും അതോടൊപ്പം അസ്സസ്സിംഗ് അതോറിറ്റി പരിശോധിച്ചിട്ടുള്ളതുമായ വിസ്തീർണ്ണമാണ്. ഇതിന്റെ ഭാഗമായി റവന്യൂ ഉദ്യോഗസ്ഥർക്ക് ധാരാളം പുതിയ ചുമതലകൾ വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലിന്ത് ഏര്യ അനുസരിച്ച് അവർ അംഗീകരിച്ച പ്ലാനും അവർ അളന്ന അളവുമുണ്ട്, അതിനുപുറമെ വീണ്ടും ഒറ്റത്തവണ ടാക്സിനുവേണ്ടി വില്ലേജ് ഓഫീസർ അളവെടുക്കണമെന്ന സ്ഥിതിവിശേഷം ഉണ്ടാകുകയാണ്. ഇതുമൂലം വില്ലേജ് ഓഫീസിൽ ധാരാളം ചുമതലകളുണ്ടാകുകയാണ്. ഈ അവസരത്തിൽ കണ്ണ് നനവോടുകൂടി ഒരു കാര്യം ഓർക്കുകയാണ്, അടുത്ത ദിവസങ്ങളിൽ, പത്തനാപുരത്ത് ഇത്തരത്തിൽ അളവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിനിടയിൽ വളരെ സത്യസന്ധനായ, ധാരാളം അവാർഡുകൾ വാങ്ങിയിട്ടുള്ള ഒരു വില്ലേജ് ഓഫീസർ, പ്രിയപ്പെട്ട അജി എന്ന സുഹൃത്ത് മരണപ്പെട്ട സ്ഥിതിവിശേഷംപോലും ഉണ്ടായി. റവന്യൂ ഉദ്യോഗസ്ഥർക്ക് ഭൂപതിവിലും പട്ടയം നൽകുന്നതിലും അടക്കമുള്ള മറ്റ് ചുമതലകൾ

വിന്യസിപ്പിക്കാൻ ഈ നടപടികളിലൂടെയാകും എന്നുള്ളതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച സോഫ്റ്റ്‌വെയർ/ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ്/ടാക്സ് അസസ്സ്മെന്റ് വിശദാംശങ്ങൾ എന്നിവ പ്രകാരമുള്ള പ്ലിന്ത് ഏര്യയായിരിക്കും നിയമപ്രകാരമുള്ള ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും കണക്കാക്കാനുള്ള പ്ലിന്ത് ഏര്യ എന്ന് നിശ്ചയിച്ചു. അപ്പോൾ രണ്ട് അളവുകൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിയും.

വകുപ്പ് 13 (2) പ്രകാരം അസ്സസ്സിംഗ് അതോറിറ്റി ഉത്തരവ് പാസ്സാക്കി മൂന്നുമാസക്കാലം കഴിഞ്ഞാൽ ജില്ലാ കളക്ടർക്ക് സ്വമേധയാ റിവിഷൻ നടത്താൻ പാടില്ലെന്നാണ് നിയമം. അതിൽ മാറ്റം വരുത്തുകയാണ്, മൂന്നുമാസമെന്നത് ഒരു വർഷമായി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

ഉടമസ്ഥൻ തെറ്റായ വിവരങ്ങളാണ് നൽകുന്നതെങ്കിൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിന്റെ 177-ാം വകുപ്പ് പ്രകാരമുള്ള കുറ്റം മാത്രമായിരിക്കും എന്നായിരുന്നു നേരത്തെ 21-ാം വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിരുന്നത്. ഇതിനുപകരമായി അസ്സസിംഗ് അതോറിറ്റിയുടെ മുമ്പാകെ തെറ്റായി വിവരം നൽകുന്ന വ്യക്തിയിൽനിന്ന് ബിൽഡിംഗ് ടാക്സിന്റെ 50 ശതമാനം ഫൈൻ ആയി ഈടാക്കേണ്ടതാണെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തുകയാണ്.

ബിൽഡിംഗ് ടാക്സ് പിരിവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വേഗതയും സുതാര്യതയും പ്രവർത്തനത്തിൽ കൂടുതൽ ആളുകളെ വിന്യസിക്കാത്ത വിധത്തിലുള്ള സൗകര്യങ്ങളും ഒരുക്കാൻ കഴിയുന്ന വിധത്തിൽ ഒരു ഭേദഗതിയാണ് 1975-ലെ കേരള കെട്ടിട നികുതി ആക്ടിൽ ഉൾപ്പെടുത്തി കേരള കെട്ടിട നികുതി (ഭേദഗതി) ബില്ലായി ഇവിടെ അവതരിപ്പിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. പ്രേംകുമാർ, 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

<u>മി. സ്പീക്കർ</u>: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(vi) 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, മലയാളത്തിൽ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ എന്നുപറയുമ്പോൾ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ടാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ട് കേരളത്തിൽ നടപ്പാക്കുമ്പോൾ അതിന്റെ റൂൾസിൽ ചില മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. ബഡ്ജറ്റിലെ 557-ാം ഖണ്ഡികയിൽ ചില ഫീസുകൾ പരിഷ്കരിക്കുന്നതിനെപറ്റി പ്രതിപാദിച്ചിരുന്നു. 2013-ലാണ് നേരത്തെ ഫീസ് പരിഷ്കരിച്ചിട്ടുള്ളത്. 2013-ൽ പരിഷ്കരിച്ച ചില ഫീസുകളിൽ കാലോചിതമായി ചെറിയ വ്യത്യാസം വരുത്തുന്ന ഒരു നിർദ്ദേശമാണ് ഇതിനകത്തുള്ളത്. അത് നമ്മുടെ ഷെഡ്യൂളിനകത്ത് റൂൾ പ്രകാരം ചേർക്കുന്നതിന് വേണ്ടിയുള്ള ഒരു ഭേദഗതിയാണ്. ആ ഭേദഗതി ഇൻകോർപ്പറേറ്റ് ചെയ്യുന്നതിന്റെ ഭാഗമായാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതുപ്രകാരം

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സർ, 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ചെറിയ ഫീസ് വർദ്ധനവ് സംബന്ധിച്ചുള്ള ഭേദഗതിയാണ്. രജിസ്ട്രേഷൻ വകുപ്പ് ആധുനിക കാലഘട്ടത്തിനനുസരിച്ച് നല്ല രീതിയിൽ മാറിയിട്ടുണ്ടെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. അത്തരത്തിലുള്ള കാലാനുസൃതമായ മാറ്റം എല്ലാ മേഖലയിലും കൊണ്ടുവരുന്നതിനു വേണ്ടിയായിരിക്കണം ഇത്തരം ഫീസ് വർദ്ധനവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വിഭവ സമാഹരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പുതിയ മേഖലകൾ തുറക്കേണ്ടതായിട്ടുണ്ട്. ഇതിലൂടെ വലിയൊരു സംഖ്യ ലഭിക്കുമെന്നല്ല, എന്നാൽ ഇതുവരെ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയ മേഖലകൾപോലും

നാം പ്രയോജനപ്പെടുത്തുന്നു എന്നതുകൂടി കൂട്ടിച്ചേർത്ത് വായിക്കേണ്ടതാണ്. പ്രതിപക്ഷാംഗങ്ങൾ ഇപ്പോൾ ഇവിടെയില്ല. എന്നാൽ പ്രതിപക്ഷം എല്ലാകാര്യത്തിലും തുക വർദ്ധിപ്പിക്കണമെന്നാണ് പറയുന്നത്. പുനർഗേഹം പദ്ധതിക്ക് പത്തുലക്ഷം കൊടുത്താൽ പതിനഞ്ച് ലക്ഷംരൂപ കൊടുക്കണമെന്നും പെൻഷൻ ആയിരത്തി അറുന്നൂറ് രൂപ നൽകുമ്പോൾ ആയിരത്തി എഴുന്നൂറ് രൂപ കൊടുക്കണമെന്നുമാണ് അവർ ആവശ്യപ്പെടുന്നത്. കേന്ദ്രത്തിന്റെ സമീപനം നിലനിൽക്കുമ്പോൾ എങ്ങനെ വർദ്ധിപ്പിക്കണമെന്നോ, എങ്ങനെയാണ് ചെയ്യാൻ കഴിയുന്നതെന്നോ അവർ പറയുന്നില്ല. നമുക്കറിയാം പലപ്പോഴും വളരെ ശാസ്ത്രീയമായി, ബഹുമാനപ്പെട്ട ചെയർ 51A(h) പ്രകാരം പൗരനുണ്ടാകേണ്ട ശാസ്ത്രബോധത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പോലും വ്യത്യാസമുണ്ട്.

<u>മി. സ്പീക്കർ</u>: പ്ലീസ്... ബില്ലിലേയ്ക്ക് വരൂ.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, അത്തരത്തിലുള്ള സമീപനമെടുക്കുന്ന സമയത്താണ് നമുക്ക് ഇക്കാര്യങ്ങൾ വിലയിരുത്തേണ്ടത്. ഇന്ത്യൻ പങ്കാളിത്ത ആക്ടിലെ 58 മുതൽ 66 വരെയുള്ള വകുപ്പുകളിൽ പരാമർശിക്കുന്ന സംഖ്യകൾ നേരത്തെ 200, 100 എന്നിങ്ങനെ

ആയിരുന്ന ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കാനുള്ള അനുവാദം ലഭിക്കുന്നതിനായി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിക്ക് പോകേണ്ടതുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പുറകോട്ട് നോക്കിയാൽ, 1991-ലെ പങ്കാളിത്ത രജിസ്ട്രേഷൻ പ്രവർത്തനങ്ങൾക്ക് ഒരു രൂപ മാത്രമായിരുന്നു അന്ന് ഈടാക്കിയിരുന്നത്. പക്ഷേ ഒരു രൂപയ്ക്ക് രജിസ്ട്രേഷൻ നടക്കുമ്പോഴും ഇരുപത്തിഅഞ്ച് രൂപവരെ പോസ്റ്റൽ സംവിധാനത്തിന് നൽകേണ്ട ഒരു സംവിധാനമായിരുന്നു അന്ന് ഉണ്ടായിരുന്നത്. അതൊക്കെ ഇപ്പോൾ മാറ്റി കാലഘട്ടത്തിനനുസരിച്ചുള്ള സംഖ്യ ബില്ലിലൂടെ വകയിരുത്തുന്നുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നതിനെ ഞാൻ പിന്താങ്ങുകയാണ്.

(ശ്രീ. പി. ഉബൈദുള്ള സീറ്റിൽ ഇല്ലാതിരുന്നതിനാൽ 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല).

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ചെറിയ ഭേദഗതി കാലോചിതമാക്കുന്നതും പൊതുവിൽ അംഗീകരിച്ചിരിക്കുന്നതുമാണ്. അയ്യായിരത്തോളം പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളാണ് ഒരു വർഷം ഇവിടെ

രജിസ്റ്റർ ചെയ്യുന്നത്. പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങൾ ആരംഭിക്കുന്നത് വാണിജ്യാവശ്യത്തിനാണ്. അതിന്റെ ഫീസിൽ ചെറിയ തോതിലുള്ള വർദ്ധനവാണ് വന്നിരിക്കുന്നത്. 2013-ലാണ് ഈ ഫീസ് നിരക്കുകൾ പ്രാബല്യത്തിൽ വന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ചതിനുശേഷം വീണ്ടും സഭയിൽ പരിഗണനയ്ക്കായി വരും. നേരത്തെ ബഡ്ജറ്റിൽവച്ച പ്രൊപ്പോസൽ അനുസരിച്ചുള്ള നിർദ്ദേശമാണിത്. അതനുസരിച്ച് വകുപ്പ് പരിശോധിച്ച് ഉൾപ്പെടുത്തിയിട്ടുള്ളത് 50 മുതൽ 500 രൂപ വരെയുള്ള ഫീസ് ചെറിയ തോതിൽ വർദ്ധിപ്പിക്കുന്ന കാര്യമാണ്. ടി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനുശേഷം എന്തെങ്കിലുമുണ്ടെങ്കിൽ പിന്നീട് ചർച്ച ചെയ്യാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും 2023 സെപ്റ്റംബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 സെപ്റ്റംബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.37-ന് പിരിഞ്ഞു).

* * *